പ്രസ്താവന.

ഓരോ നാട്ടിലെ മഹാന്മാരെപ്പററിയും അതാതു നാട്ടുകാർ അഭിമാനപൂർവ്വം സ്മരിക്കേണ്ടതാണ്. അവരാണ് ആ നാട്ടിൻെറ യശഃസ്തംഭങ്ങൾ. അവർതന്നെയാണ് ആ നാട്ടുകാർക്കു മാർഗ്ഗദീപങ്ങളും.

ഈ തത്വം അനുസരിച്ച് തിരുവിതാംകൂർകാരായ നമ്മളും നമ്മുടെ പൂർവ്വന്മാരായ മഹാന്മാരെ പററി സ്മരിക്കണം. തിരുവിതാംകൂറിൽ യഥാർത്ഥമഹത്വം ഉള്ളവർ ഉണ്ടായിട്ടില്ലെന്ന് ആക്കും പറയാമെന്നും തോന്നുന്നില്ല. ഈ സ്ഥിതിക്ക് ഏതെങ്കിലും നിലയിൽ ഔന്നത്യം പ്രാപിച്ചിട്ടുള്ള തിരുവിതാംകൂറുകാരുടെ ച[illegible]ത്രം ലഘുവായി പ്രദർശിപ്പിക്കാൻ ചെയ്തിട്ടുള്ള ഇ[illegible] സഫലമെന്നുതന്നെ കല്പിക്കുന്നതിൽ അപാ[illegible]

പ്രതിപാദനത്തിനു ഞാൻ സ്വീക[illegible] ന്മാരെപ്പററി വലിയ പക്ഷാന്തരത[illegible] ശപ്പിക്കുന്നു. അഥവാ, അഭി[illegible] അതു വ്യക്തിഗതമായ രുചിഭേ[illegible] ന്നിക്കയും ചെയ്യാം.

മഹാജനങ്ങളുടെ [illegible] അവരുടെ കരുണാദൃഷ്[illegible] കർത്തവ്യമായിട്ടുള്ള[illegible]

വിഷയവിവരം.

i. നമ്മുടെ നാലു പൊന്നുതമ്പുരാക്കന്മാർ.
1. മാർത്താണ്ഡവർമ്മ
2. ധർമ്മരാജാ
3. സ്വാതിതിരുനാൾ
4. ശ്രീമൂലംതിരുനാൾ.

ii. മഹാന്മാരായ നാലു മന്ത്രിമാർ.
1. രാമയ്യൻദളവ
2. അയ്യപ്പൻമാർത്താണ്ഡപ്പിള്ള
3. രാജാകേശവദാസൻ
4. വേലുത്തമ്പിദളവ.

iii. രണ്ടു രണവീരന്മാർ.
1. ഡിലെനായി
2. ഇരവിക്കുട്ടിപ്പിള്ള.

iv. രണ്ടു സന്യാസിമാർ.
1. ചട്ടമ്പിസ്വാമികൾ
2. നാരായണഗുരുസ്വാമി.

v. വിഖ്യാതനായ ഒരു ചിത്രകാരൻ.
രവിവർമ്മ കോയിത്തമ്പുരാൻ.

vi. ഒരു മഹാപണ്ഡിതൻ.
ഏ. ആർ. രാജരാജവർമ്മ.

രണ്ടാംപതിപ്പിനെപ്പററി.

ഈ പതിപ്പിൽ ഭാഷാസംബന്ധമായി അല്പസ്വല്പ ഭേദഗതി വരുത്തേണ്ടിവന്നിട്ടുണ്ടു്. ചരിത്രവിഷയകമായി ചില മാററങ്ങൾ ആദ്യഭാഗത്തു് ആവശ്യമാണെങ്കിലും, ചില പ്രത്യേക കാരണങ്ങളാൽ അതു് അടുത്ത പതിപ്പിലാകാമെന്നു വയ്ക്കുന്നു. മഹാജനങ്ങളുടെ അനുഗ്രഹത്തെ അർത്ഥിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
൭—൧൦—൧൧൧൩.

ഗ്രന്ഥകർത്താ.

38867.

തിരുവിതാംകൂറിലെ
മഹാന്മാർ.

by കുഞ്ഞൻപിള്ള. P.N

മഹാന്മാരായ നാലു പൊന്നുതമ്പുരാക്കന്മാർ.

൧. മാൎത്താണ്ഡവൎമ്മമഹാരാജാ തിരുമനസ്സുകൊണ്ടു്.

(കൊ. വ. ൯൦൪—൯൩൩)

തിവരുവിതാംകൂറിലെ മഹാന്മാരെന്ന ഈ ലഘുഗ്രന്ഥത്തിൽ നമ്മുടെ രാജ്യത്തിന്റെ സ്ഥാപകനായ പൊന്നുതമ്പുരാനെയല്ലാതെ ആരെയാണു് ആദ്യം സ്മരിക്കേണ്ടതു്? അതിനാൽ ആ തിരുമനസ്സിലെ ചരിത്രംകൊണ്ടുതന്നെ ആരംഭിക്കാം.

ഇരുനൂറു വൎഷങ്ങൾക്കുമുമ്പു തിരുവിതാംകൂർ ഇന്നത്തേതിലും തുലോം ചെറിയ ഒരു രാജ്യം മാത്രമേ ആയിരുന്നുള്ളു. കന്യാകുമാരിതൊട്ടു് ഇടവാവരെ മാത്രം വിസ്താരമുണ്ടായിരുന്ന വേണാടിനോടു വടക്കുള്ള പല ചെറു രാജ്യങ്ങളും ചേൎന്നാണു് ഇന്നത്തെ തിരുവിതാംകൂർരാജ്യം ഉണ്ടായതു്. വളരെക്കാലമായി വേണാടു ഭരിച്ചുകൊണ്ടിരുന്ന രാജവംശത്തിനു കൊ. വ. ഒമ്പതാം ശതകത്തിന്റെ അവസാനഘട്ടമായതോടുകൂടി ഗണ്യമായ ശക്തിക്ഷയം ഉണ്ടായി. അതിനു പ്രധാനമായ കാരണം നാട്ടിലെ പ്രഭുക്കന്മാരുടെ ബലം പൂൎവ്വാധികം വൎദ്ധിച്ചതായിരുന്നു. ശാന്തസ്വഭാവിയും മഹാഭക്തനുമായിരുന്ന ആദിത്യവൎമ്മമഹാരാ

ണാവു് ഈ പ്രഭുക്കളുടെ അക്രമത്താൽ അകാലമൃത്യുവിനു്
ഇരയായി. പിന്നീടു രാജകുടുംബത്തിൽ പുരുഷന്മാർ ഇല്ലാ
തിരുന്നതുകൊണ്ടു് ഉമയമ്മറാണി നാടുവാഴ്ച ഏററു. റാണി
യുടെ കാലത്തു് മുൻപറഞ്ഞ പ്രഭുക്കന്മാരിൽ പ്രമാണിക
ളായ എട്ടുവീടരുടെ ശക്തി ക്രമാതീതമായി വർദ്ധിച്ചു. ഉമ
യമ്മറാണിയുടെ മകനായ രവിവർമ്മതിരുമനസ്സിൽനിന്നും
പ്രായമായി രാജ്യഭാരം ഏററിട്ടും പ്രഭുക്കളുടെ ശക്തിക്കു
യാതൊരു കുറവും സംഭവിച്ചില്ല. എന്നല്ല, രവിവർമ്മക്കു്
എട്ടുവീടർക്കു് എതിരായി ഒന്നുംതന്നെ പ്രവർത്തിക്കാൻ സാ
ധിച്ചതുമില്ല.

രാജ്യം ഇങ്ങനെ കഷ്ടപ്പെടുന്ന ഘട്ടത്തിലായിരുന്നു
രാജശക്തിയെ പുനഃസ്ഥാപിക്കാൻ മാർത്താണ്ഡവർമ്മ സ
ന്നദ്ധനായതു്. ഇദ്ദേഹം ഉമയമ്മറാണി കോലത്തുനാട്ടിൽ
നിന്നു് ദത്തെടുത്ത ഒരു തമ്പുരാട്ടിയുടെ മകനായിരുന്നു.
കിളിമാനൂർ കോയിത്തമ്പുരാക്കന്മാരിൽ ഒരാളായിരുന്നു തിരു
മനസ്സിലെ അച്ഛൻ. ജനനാൽതന്നെ തിരുമനസ്സിൽനിന്നു്
അത്യന്തം ധീരനും, ബുദ്ധിമാനും ആയിരുന്നു. ക്ഷത്രഗുണ
മായ പൗരുഷവും വീര്യവും ഇതു തികഞ്ഞിട്ടുള്ള രാജാക്ക
ന്മാർ ചുരുക്കമായേ ഉണ്ടായിട്ടുള്ളു. രാജപക്ഷത്തിലേക്കു്
അത്ര ക്ഷീണം സംഭവിച്ചിരുന്ന അക്കാലത്തു് സ്വപ്രയത്നം
കൊണ്ടു് അനവധി ആപത്തുകളെ തരണംചെയ്തു് രാജ
ശക്തി പുനഃസ്ഥാപിക്കാനും, രാജ്യത്തിന്റെ വിസ്തൃതി
വളരെ വർദ്ധിപ്പിക്കാനും അനവധി രാജാക്കന്മാരെ ജയി
ക്കാനും സാധിച്ചതോർത്താൽ അദ്ദേഹത്തെ വലിയ ലോക
ജേതാക്കളുടെ കൂട്ടത്തിൽ ഗണിക്കുന്നതിലും അബദ്ധമില്ലെന്നു
പറയാവുന്നതാണു്.

ബാല്യത്തിൽതന്നെ തിരുമനസ്സിലേക്കു രാജ്യഭരണ
കാര്യങ്ങളിൽ ഇടപെടുന്നതിനു് അത്യന്തമായ ഉത്സാഹ

ഉണ്ടായിരുന്നു. രാജശക്തിയുടെ കുറവുകൊണ്ടു നാട്ടിൽ നടക്കുന്ന അക്രമങ്ങളിലും അനീതികളിലും തിരുമനസ്സിലേയ്ക്കു് അതിയായ കുണ്ഠിതമുണ്ടായി. അതുകൊണ്ടു് പതിനാലു വയസ്സായപ്പോഴേ അമ്മാവൻ തിരുമനസ്സിലെ അനുവാദത്തോടുകൂടി അദ്ദേഹം രാജ്യകാര്യങ്ങളിൽ ഇടപെട്ടുതുടങ്ങി. ഭാഗിനേയന്റെ ഉത്സാഹം രവിവർമ്മതമ്പുരാനു വളരെ സന്തോഷമായിരുന്നു. യുവരാജാവായ മാർത്താണ്ഡവർമ്മയും രാജ്യകാര്യത്തിൽ ഇടപെട്ടു തുടങ്ങിയപ്പോൾ രാജ്യത്തിൽ പുതുതായ ഒരു ഉണർച്ചയും ശത്രുക്കൾക്കു് പൂർവ്വാധികം വൈരവും ഉണ്ടായി. തമ്പുരാൻ ശത്രുക്കളെ അടക്കുന്നതിനുള്ള വഴികളെ ആലോചിച്ചുകൊണ്ടു നാട്ടിന്റെ നാനാഭാഗങ്ങളിലും ഗൂഢസഞ്ചാരം ചെയ്തു. അദ്ദേഹത്തിന്റെ ഇത്തരം ഗൂഢസഞ്ചാരങ്ങളിൽ പല ആപത്തുകളിൽ അകപ്പെടുകയും, പല രസകരങ്ങളായ സന്ദർഭങ്ങളിൽ ചെന്നു ചാടുകയും ചെയ്തിട്ടുണ്ടു്. അവയെപ്പററിയൊക്കെ അനവധി നേരംപോക്കുകഥകൾ ഇന്നും പറഞ്ഞുപോരുന്നുണ്ടു്. അവയിൽനിന്നെല്ലാം തിരുമനസ്സിലെ ധീരതയും, രാജ്യസ്നേഹവും, ധർമ്മനിഷ്ഠയും നല്ലവണ്ണം വ്യക്തമാകും. ഭയം അദ്ദേഹത്തെ ഒരിക്കലും തീണ്ടിയിട്ടുപോലും ഇല്ല. 'ആപത്തുകളോടു മല്ലടിക്കുന്നതിൽ അദ്ദേഹത്തിനു പ്രത്യേകം താൽപര്യമായിരുന്നു. രാജാവായി ജനിച്ച താൻ സർവ്വോപരി രാജത്വത്തേയും പൗരുഷത്തേയും ആരാധിക്കണമെന്നു് അദ്ദേഹത്തിനു നിർബന്ധമായിരുന്നു. സ്വകൃത്യനിർവ്വഹണത്തിൽ ജീവഹാനിയേ അദ്ദേഹം ഗണിച്ചതേ ഇല്ല.

അദ്ദേഹത്തിനു സംഭവിച്ചിട്ടുള്ള ആപത്തുകളെ ഉദാഹരിക്കാൻ ഒരു കഥ പറയാം. ഒരിക്കൽ ഗൂഢവേഷത്തിൽ അദ്ദേഹം സഞ്ചരിക്കുമ്പോൾ ആ വിവരം ശത്രുക്കൾ അറിഞ്ഞു. അദ്ദേഹത്തെ വധിക്കാനായി അവർ

സന്നദ്ധരായിവന്നു. തിരുമനസ്സിൽനിന്നു് അടുത്തു ഉണ്ടായിരുന്ന ഒരു അമ്പലത്തിൽ കയറി ഒളിച്ചു. അവിടത്തെ ശാന്തിക്കാരൻ ഒരു രാജഭക്തനായിരുന്നു. ശത്രുക്കളിൽനിന്നു് തമ്പുരാനെ രക്ഷിക്കാനായി അയാൾ ഒരു ഉപായം പ്രയോഗിച്ചു. തൻെറ വേഷം തമ്പുരാനു കൊടുത്തു. എന്നിട്ടു് യുവരാജാവിൻെറ വേഷത്തിൽ അയാൾ ക്ഷേത്രത്തിൻെറ മൂലയിൽ ഒളിച്ചിരുന്നു. അയാളുടെ നിർബന്ധംകൊണ്ടു് തിരുമേനി നിവേദ്യവുമായി വെളിയിലിറങ്ങിപ്പോയി. യുവരാജാവിനെ തിരക്കി വന്ന ശത്രുക്കൾ ക്ഷേത്രത്തിൽ ഒളിച്ചിരുന്ന പോററിയെ കൊന്നു തൃപ്തന്മാരായി തിരിച്ചുപോയി! വേണാടിൻെറ ഭാഗ്യംകൊണ്ടു് തിരുമനസ്സിൽനിന്നും അന്നു് അങ്ങനെ രക്ഷ പ്രാപിച്ചു. ആ പോററിയുടെ ത്യാഗബുദ്ധിയെ അഭിനന്ദിക്ക തന്നെ വേണം.

വേറൊരിക്കൽ തിരുമനസ്സിൽനിന്നു നെയ്യാററിൻകരെ സഞ്ചരിക്കയായിരുന്നു. ശത്രുക്കൾ കാര്യം ഗ്രഹിച്ചു് അദ്ദേഹത്തിനെ തിരക്കി പുറപ്പെട്ടു. നേരം ഇരുട്ടി. ആറു നീന്തിക്കടന്നു് മറുകരെ എത്തിയപ്പോഴേയ്ക്കും ഘാതകന്മാരും അടുത്തുകൂടി. ഭാഗ്യവശാൽ അടുത്തു് പോടുള്ള ഒരു പ്ലാവു നിന്നിരുന്നു. തമ്പുരാൻ ആ പ്ലാവിൻെറ പോട്ടിൽ കയറി ഒളിച്ചിരുന്നു. വൃക്ഷത്തിൻെറ പോട്ടിൽ ഒളിച്ചിരിക്കുമെന്ന സംശയം ഉണ്ടാകാതെ അവർ മുന്നോട്ടോടിപ്പോയി. അവർ പോയ്മറഞ്ഞെന്നു കണ്ടപ്പോൾ അദ്ദേഹം അവിടെനിന്നിറങ്ങി രക്ഷപ്പെട്ടു. 'അമ്മച്ചിപ്ലാവു്' എന്ന പേരിൽ പ്രസിദ്ധമായ ഈ വൃക്ഷം നെയ്യാററുംകര അമ്പലത്തിനു സമീപം ഇപ്പോഴും കാണ്മാനുണ്ടു്.

ഇമ്മാതിരിയുള്ള ആപത്തുകളെ ഒന്നും കൂട്ടാക്കാതെ തമ്പുരാൻ അനവധി ക്ലേശങ്ങൾ സഹിച്ചു് പലടത്തും

സഞ്ചരിച്ചു. യുവരാജാവായിരുന്നപ്പോൾ തന്നെ ഈ വിധത്തിൽ സമ്പാദിച്ച പരിചയം മൂപ്പു കിട്ടിയപ്പോൾ രാജ്യത്തെ നേരെ നയിക്കുന്നതിനു് അദ്ദേഹത്തിനു് അത്യന്തം ഉപകാരമായി. അവിടുത്തേക്കു് ഇരുപത്തിമൂന്നു വയസ്സായപ്പോൾ അമ്മാവൻ തിരുമനസ്സിൽനിന്നും നാടുനീങ്ങുകയാൽ രാജ്യഭാരം കൈയേററു. വിഷമപൂർണ്ണമായിരുന്ന ആ ഘട്ടത്തിൽ നാടുനീങ്ങിയ തമ്പുരാൻെറ മക്കളായ പപ്പുതമ്പിയുടേയും രാമൻതമ്പിയുടേയും അനാവശ്യമായ അവകാശവാദംകൊണ്ടു മഹാരാജാവിനു രാജ്യഭാരം അധികം ക്ലേശകരമായിത്തീൎന്നു. തമ്പിമാർ മധുരയിലെ ഗവർണ്ണരുടെ അടുക്കൽ ചെന്നു് തിരുവിതാംകൂറിൽ ശരിയായ അവകാശികൾ തങ്ങളാണെന്നും, മാർത്താണ്ഡവർമ്മ ബലാൽ സിംഹാസനം കൈക്കലാക്കിയിരിക്കയാണെന്നും, അദ്ദേഹത്തെ ഓടിച്ചു രാജ്യം കൈവശപ്പെടുത്താൻ സഹായിക്കണമെന്നും പറഞ്ഞു. മക്കൾവഴിക്കാരനായിരുന്ന ഗവർണ്ണർക്കു് തമ്പിമാർ പറയുന്നതു് വാസ്തവമെന്നു തോന്നി. ഗവർണ്ണരും തമ്പിമാരുമായി ഉണ്ടായ ഉടമ്പടിയിൽ മൂത്ത തമ്പിയെ രാജാവാക്കിക്കൊള്ളാമെന്നു് ഗവർണ്ണരും, ഗവർണ്ണർക്കു വരുന്ന ചെലവിനുവേണ്ടി വലിയ ഒരു തുക കൊടുക്കാമെന്നു തമ്പിയും കരാറു ചെയ്തു. ഗവർണ്ണർ ഈ ഉടമ്പടിപ്രകാരം തൻെറ കാര്യസ്ഥനായ അഴകപ്പാമുതലിയാരെ ഒരു ചെറിയ സൈന്യവുമായി ഇങ്ങോട്ടു് അയച്ചു. മുതലിയാരെ കണ്ടു് തമ്പിമാരുടെ വാദം അസാധുവാണെന്നു മനസ്സിലാക്കാൻ മഹാരാജാവു നിയോഗിച്ചതു് അന്നു കൊട്ടാരം രായസമായിരുന്ന രാമയ്യനെ ആയിരുന്നു. രാമയ്യൻെറ വാദചാതുര്യം കേട്ടും, അദ്ദേഹം ഹാജരാക്കിയ മരുമക്കൾവഴി പ്രമാണങ്ങൾ കണ്ടും മുതലിയാർക്കു തമ്പിമാരുടെ ചതിവു മനസ്സിലായി. മഹാരാജാവിനു വിപരീതമായി ഒന്നും ചെയ്യാതെ മുതലിയാർ തിരിച്ചുപോയി.

മധുരയിൽനിന്നു സഹായം ലഭിക്കയില്ലെന്നു കണ്ടപ്പോൾ തമ്പിമാരും കൂട്ടരും വീണ്ടും ദ്രോഹാലോചന തുടങ്ങി. മീനമാസത്തിലെ ആറാട്ടിനു മഹാരാജാവു കടൽപ്പുറത്തു് എഴുന്നള്ളുമ്പോൾ അദ്ദേഹത്തെ വധിക്കാൻ അവർ തീച്ചയാക്കി. വെങ്ങാനൂർ വഴിയമ്പലത്തിൽവച്ചു കൂടിയ യോഗത്തിന്റെ ഈ നിശ്ചയം രാജഭക്തനായ വഴിയമ്പലം സൂക്ഷിപ്പുകാരൻ, തിരുമനസ്സിലെ അടുക്കൽ യഥാവസരം അറിയിച്ചു. വിവരം അറിഞ്ഞ മഹാരാജാവു് ഭൃത്യന്മാരെ അയച്ചു് തമ്പിമാരുടെ വാരോല ചെരുപ്പിന്റെ അടിയിലാക്കിക്കൊണ്ടുപോയ ദൂതന്മാരെ ബന്ധനത്തിലാക്കി. എന്നിട്ടും, ഇക്കാൎയ്യങ്ങളൊന്നും അറിഞ്ഞില്ലെന്ന തമ്പുരാൻ നടിച്ചുള്ളൂ. പതിവുപോലെ കടൽപ്പുറത്തു് അയാണ്ടിലും എഴുന്നള്ളി. എങ്കിലും, വേണ്ട മുൻകരുതലുകൾ ചെയ്തിരുന്നതുകൊണ്ടു് തമ്പിമാൎക്കാകട്ടെ, കൂട്ടുകാൎക്കാകട്ടെ യാതൊന്നും ചെയ്യാൻ സാധിച്ചില്ല.

അധികം താമസിയാതെ, തമ്പിമാരെ വധിക്കുന്നതിനു തിരുമനസ്സിലേക്കു സാധിച്ചു. ശത്രുനാശനത്തിനുള്ള വഴികളും ആലോചിച്ചുകൊണ്ടു തിരുമനസ്സു നാഗർകോവിൽ കൊട്ടാരത്തിൽ എഴുന്നള്ളി താമസിക്കയായിരുന്നു. തമ്പിമാർ വരുന്നപക്ഷം അകത്തു വിടരുതെന്നു പ്രത്യേകം കല്പിച്ചിരുന്നു. ആ ഇടയ്ക്കു് ഒരു ദിവസം രണ്ടു തമ്പിമാരുംകൂടെ മുഖം കാണിക്കാൻ അവിടെ എത്തി. നാടുനീങ്ങിയ തമ്പുരാന്റെ മക്കളായതുകൊണ്ടു് അനുവാദം കൂടാതെ അവർ അകത്തു പോകാൻ മുതിർന്നു. കാവൽക്കാർ അവരെ തടഞ്ഞു. അതിൽ പരിഭവിച്ച തമ്പിമാർ വാൾ ഊരി യുദ്ധം തുടങ്ങി. യുദ്ധത്തിൽ പപ്പുതമ്പി മരിച്ചു. അതുകണ്ടു രാമൻതമ്പി ഊരിയ വാളുമായി ഝടിതി മഹാരാജാവിന്റെ സന്നിധിയിലേക്കു ഓടിയടുപ്പായി. ഒരു വെട്ടിനു തന്നെ തിരുമനസ്സിലേ വധിക്കണമെന്നു വിചാരിച്ചുകൊണ്ടു

തമ്പി വാൾ ആഞ്ഞു വെട്ടി. ഭാഗ്യംകൊണ്ടു വാൾ തട്ടുത്തുലാത്തിൽ തടഞ്ഞു. ഈ തക്കത്തിനു തമ്പിയെ മഹാരാജാവു വധിച്ചു. ഇങ്ങനെ അവകാശവാദികൾ രണ്ടും ക്ഷണത്തിൽ തുലഞ്ഞു.

തമ്പിമാരുടെ നാശം ശത്രുപക്ഷത്തിനു വല്ലാത്ത ഇടിവായി. തിരുമനസ്സിലെ ശ്രദ്ധ പിന്നീടു പതിഞ്ഞതു് എട്ടുവീട്ടിൽപിള്ളമാരെ അമൎച്ച വരുത്തുന്നതിനായിരുന്നു. തിരുമനസ്സിലെ കല്പന അനുസരിച്ചു ഭടന്മാർ പിള്ളമാരേയും മററു ശത്രുക്കളേയും ബന്ധനത്തിലാക്കി. വെങ്ങാനൂർയോഗത്തിലെ വാറോലകൊണ്ടു് അവരുടെ കുററം തെളിയിക്കുന്നതിനു മഹാരാജാവിനു പ്രയാസമുണ്ടായില്ല. പിള്ളമാരെ എല്ലാവരേയും തൂക്കിക്കൊല്ലുന്നതിനും, അവരുടെ സ്ത്രീകളേയും കുഞ്ഞുങ്ങളേയും മുക്കുവൎക്കു കൊടുക്കുന്നതിനും തിരുമേനി കല്പിച്ചു. ശത്രുപക്ഷത്തിലെ ബ്രാഹ്മണരെ നാടുകടത്തി. അവരുടെ എല്ലാം വസ്തുവകകൾ സൎക്കാരിലേക്കു കണ്ടുകെട്ടുകയും ചെയ്തു.

ഇനിയും അവശേഷിക്കുന്നതു് അന്യരാജ്യങ്ങൾ ജയിച്ചു തിരുവിതാംകൂറിനോടു ചേൎത്ത കഥയാണു്. ഇളയെടത്തു സ്വരൂപമെന്നു് അറിയപ്പെട്ടിരുന്ന കൊട്ടാരക്കരരാജ്യമാണു് ആദ്യം തിരുവിതാംകൂറിനോടു ചേൎന്നതു്. ആ രാജകുടുംബം വേണാട്ടു ഒരു ശാഖയായിരുന്നു. അവിടത്തെ മൂപ്പു വാണ വീരകേരളവൎമ്മ നാടുനീങ്ങിയപ്പോൾ പിൻവാഴ്ചയ്ക്കു് ഒരു സ്ത്രീ മാത്രമെ അവശേഷിച്ചുള്ളു. അവരുടെ പേരിൽ ഭരണംനടത്തിയ സൎവ്വാധികാൎയ്യക്കാർ പലരെ കൊള്ളകൾ ചെയ്യാൻ തുടങ്ങി. ആ അക്രമങ്ങളെല്ലാം കണ്ടു മാൎത്താണ്ഡവൎമ്മ ഇളയെടത്തു സ്വരൂപത്തെയും വേണാട്ടിനോടു ചേൎത്തു.

ഇതിനിടയ്ക്കു മാർത്താണ്ഡവർമ്മ ദേശിങ്ങനാടും കീഴടക്കിയിരുന്നു. ദേശിങ്ങനാടും തിരുവിതാംകൂറിലെ ഒരു താവഴിയായിരുന്നു. ആ ബന്ധം വിസ്മരിച്ച് അവിടത്തെ രാജാവ് കായംകുളത്തുനിന്നും ദത്തെടുത്തു. മാർത്താണ്ഡവർമ്മ ഈ ദത്തിനെ എതിർത്തു. അദ്ദേഹം സൈന്യസമേതം ദേശിങ്ങനാട് ആക്രമിച്ചു കീഴടക്കി. ആ യുദ്ധത്തിൽ ദേശിങ്ങനാട്ടിനെ സഹായിക്കാൻ കായംകുളം രാജാവ് മുതിർന്നു. പക്ഷെ, ഒട്ടവിൽ തോല്ക്കുമെന്നു കണ്ടപ്പോൾ സന്ധിക്ക് അപേക്ഷിച്ചു പിൻവാങ്ങി. എന്നാൽ, കുറച്ചു കഴിഞ്ഞു ദേശിങ്ങനാട്ടു തമ്പുരാൻ നാട്ടുനീങ്ങിയപ്പോൾ കായംകുളം രാജാവു മുൻദത്തിനെ അസ്ഥിരമാക്കി രാജ്യം കരസ്ഥമാക്കി. ഇതുകണ്ടു പരിഭവിച്ചു മാർത്താണ്ഡവർമ്മ യുദ്ധത്തിനൊരുങ്ങി.

ഈ ഘട്ടത്തിൽ കായംകുളം രാജാവിനു സഹായമായി ഡച്ചുഗവർണ്ണരും ഇടപെട്ടു. മററു പല യൂറോപ്യൻ ദേശക്കാരെപ്പോലെ അന്നു് ഇൻഡ്യയുടെ നാനാഭാഗങ്ങളിലും കച്ചവടസങ്കേതം ഉറപ്പിച്ചിരുന്ന ഡച്ചുകാർക്കു [illegible] താംകൂറിന്റെ അഭ്യുത്ഥാനം തീരെ രസമായിരുന്നി[illegible] ല്ലം, കുളച്ചൽ മുതലായ സ്ഥലങ്ങളിൽ പാളയ[illegible] രുന്ന അവരുടെ ഗവർണ്ണർ മഹാരാജാവിനെ ഭീഷണിപ്പെടുത്തി കാര്യം നേടാൻ നോക്കി. എന്നാൽ കുറെ [illegible] ന്മാരും വഞ്ചിയുമായി യൂറോപ്പുബന്ധത്തെ [illegible] നാണു താൻ വിചാരിക്കുന്നതെന്നു മഹാരാജാവ് ഗവർണ്ണരെ പരിഹാസമായി അറിയിച്ചു. ഗവർണ്ണർ യുദ്ധത്തിനൊരുങ്ങി. സിലോണിൽനിന്നു വന്ന ഡച്ചുകാരുടെ [illegible] ളം കപ്പൽവഴി കുളച്ചൽ ഇറങ്ങി. അവിടെ വെച്ച് [illegible] രെ തിരുവിതാംകൂർ സൈന്യം എതിർത്തു. [illegible] മായ ആ യുദ്ധത്തിൽ മഹാരാജാവിനു പൂർണ്ണവിജയം ലഭിച്ചു. ഈ യുദ്ധത്തിൽ തടവിൽ പിടിക്കപ്പെട്ടവ[illegible]

ഒരാളായിരുന്നു ഡിലെനായി. ഇദ്ദേഹം പിന്നീട് മഹാരാജാവിന്റെ വലിയ ആശ്രിതനും സേനാനായകനും ആയിത്തീൎന്നു.

സഹായികളായ ഡച്ചുകാർ തോററതോടുകൂടി കായംകുളം രാജാവു കീഴടങ്ങി. തിരുവിതാംകൂറിനു കപ്പം കൊടുത്തുകൊള്ളാമെന്നു ഉടമ്പടി ചെയ്തു. എന്നാൽ, വേഗംതന്നെ കപ്പം മുടക്കുകയാൽ മാൎത്താണ്ഡവൎമ്മ കായംകുളം ആക്രമിച്ചു. അവിടത്തെ രാജാവു ബന്ധുമിത്രാദികളുമായി ഒളിച്ചോടി രക്ഷപ്പെട്ടു. അങ്ങനെ കായംകുളവും കൊ. വ. ൯൨൧-മാണ്ടു തിരുവിതാംകൂറിനോടു ചേൎന്നു.

കായംകുളം രാജാവിന്റെ കൊട്ടാരത്തിൽ നിന്നു അമ്പലപ്പുഴ രാജാവിന്റെ ചില ഗൂഢലേഖനങ്ങൾ കണ്ടുപിടിക്കാനിടയായി. [അമ്പലപ്പുഴ രാജ്യത്തിനു അന്നു ചെമ്പകശ്ശേരി എന്നായിരുന്നു പേർ]. ഈ ലേഖനങ്ങളിൽനിന്നു, ചെമ്പകശ്ശേരി രാജാവു തിരുവിതാംകൂറിനു വിരോധമായി കായംകുളത്തെ സഹായിച്ചുകൊള്ളാമെന്നു ഉടമ്പടി ചെയ്തിട്ടുള്ള കാൎയ്യം ഗ്രഹിച്ചു. ചെമ്പകശ്ശേരി പിടിച്ചടക്കാൻ ഇതു നല്ല ഒരു കാരണമായിരുന്നു. മഹാരാജാവു ചെമ്പകശ്ശേരി ആക്രമിക്കാൻ രാമയ്യൻദളവായെ നിയോഗിച്ചു. രാമയ്യൻ ചെമ്പകശ്ശേരിയും, കായംകുളത്തെ സഹായിച്ച തെക്കുംകൂർ, വടക്കുംകൂർ എന്നീ രാജ്യങ്ങളും നിഷ്പ്രയാസം ജയിച്ചു തിരുവിതാംകൂറിനോടു ചേൎത്തു.

അടുത്തതായി മഹാരാജാവിന്റെ ശ്രദ്ധ പതിഞ്ഞതു ചങ്ങനാശ്ശേരി രാജ്യം ജയിക്കുന്നതിലായിരുന്നു. അവിടത്തെ ഇളയരാജാവു മാൎത്താണ്ഡവൎമ്മയുമായി ഉടമ്പടി ചെയ്യണമെന്നു ജ്യേഷ്ഠനായ വലിയ തമ്പുരാനെ പ്രേരിപ്പിച്ചു. അദ്ദേഹമാകട്ടെ മാൎത്താണ്ഡവൎമ്മയുടെ ശ്രേ

യസ്സിൽ വല്ലാത്ത അസൂയയുള്ള ആളായിരുന്നു. വിശേഷിച്ചും കായംകുളം രാജാവിനോടു വലിയ മൈത്രിയുള്ള കൂട്ടത്തിലും ആയിരുന്നു. ചങ്ങനാശ്ശേരിരാജാവു് ഇളയരാജാവിനെ രാജ്യത്തിൽനിന്നും നിഷ്കാസനം ചെയ്തു. അദ്ദേഹം മാർത്താണ്ഡവർമ്മയെ അഭയം പ്രാപിച്ചു. ചങ്ങനാശ്ശേരിരാജാവു് അമ്മയ്ക്കു സുഖക്കേടായതുകൊണ്ടു് അനുജൻ വേഗം വരണമെന്നു് കാണിച്ചു് ഒരു സന്ദേശം അയച്ചു. ഇളയരാജാവു തിരിച്ചുചെന്നപ്പോൾ ശത്രുപക്ഷത്തു ചേർന്നുള്ള വിരോധംകൊണ്ടു് അദ്ദേഹത്തെ കൊല്ലുകയും ചെയ്തു. തന്നെ അഭയംപ്രാപിച്ച രാജകുമാരനെ കൊന്നതിൽ അത്യന്തം കോപിച്ചു മാർത്താണ്ഡവർമ്മ മഹാരാജാവു ചങ്ങനാശ്ശേരി ആക്രമിക്കാൻ രാമയ്യൻദളവായെ അയച്ചു. ദളവാ ചങ്ങനാശ്ശേരി രാജാവിനെ തോല്പിച്ചു ൯൨൭-ാമാണ്ടു് രാജ്യം തിരുവിതാംകൂറിനോടു ചേർത്തു.

ഇവിടെനിന്നു തോറേറാടിയ കായംകുളം രാജാവു തുടങ്ങിയവർ കൊച്ചിയെ അഭയം പ്രാപിച്ചു. കൊച്ചി രാജാവിനു തിരുവിതാംകൂറിന്റെ ശക്തിവർദ്ധനയിൽ മുമ്പേ അസൂയ ഉണ്ടായിരുന്നു. കൊച്ചിയിലെ സൈന്യം കടൽവഴി പുറക്കാട്ടുവന്നു പാളയമടിച്ചു. രാമയ്യന്റെ നേതൃത്വത്തിൽ തിരുവിതാംകൂർ സൈന്യം അവരെ തോല്പിച്ചു് ഓടിച്ചു. ആ ജയംകൊണ്ടു മാത്രം തൃപ്തനാകാതെ രാമയ്യൻ കൊച്ചിയെ ആക്രമിക്കാൻ വടക്കോട്ടു തിരിച്ചു. ആലപ്പുഴയ്ക്കു അല്പം വടക്കുമാറിയുള്ള മാടത്തിക്കര എന്ന കൊച്ചിരാജാക്കന്മാരുടെ പുരാതനസ്ഥാനം പിടിച്ചടക്കിയശേഷം അദ്ദേഹം അരൂക്കുററിവരെ ചെന്നു. അതോടുകൂടി കൊച്ചിരാജാവു് ഭയപ്പെട്ടു സഖ്യത്തിനു് അപേക്ഷിച്ചു. ആ സഖ്യപ്രകാരം കരപ്പുറം തിരുവിതാംകൂറിനു് അടങ്ങി. ഈ സഖ്യം നടന്നതു് ൯൨൯-ാമാണ്ടായിരുന്നു.

ചങ്ങനാശ്ശേരിവരെയുള്ള രാജ്യങ്ങൾ പിടിച്ചടക്കിയശേഷം മഹാരാജാതിരുമനസ്സിൽനിന്നും നമ്മുടെ രാജ്യചരിത്രത്തിൽ അതിപ്രധാനമായ ഒരു കാൎയ്യം നിൎവ്വഹിച്ചു. ൯൨൫-ാമാണ്ടു് രാജ്യത്തെ പത്മനാഭങ്കൽ സമൎപ്പിച്ചശേഷം, പത്മനാഭന്റെ ദാസനായി ഭരണം നടത്താൻ ചുമതലപ്പെട്ടു് അദ്ദേഹം ഉടവാൾ ധരിച്ചു. അന്നു മുതല്ക്കാണു തിരുവിതാംകൂർ മഹാരാജാക്കന്മാരെ 'പത്മനാഭദാസന്മാർ' എന്നു വിളിച്ചുപോരുന്നതു്.

൯൨൮-ാമാണ്ടോടെ തിരുമനസ്സിലെ ദിഗ്വിജയം ഒരുമാതിരി നിലച്ചെന്നു പറയാം. അതിനുശേഷം പുറക്കാട്ടുവച്ചു കോഴിക്കോട്ടു സാമൂതിരിയോടും, കളക്കാട്ടു വച്ചു കൎണ്ണാട്ടിക്ക നവാബിന്റെ സൈന്യത്തോടും യുദ്ധം ചെയ്യേണ്ടിയിരുന്നെങ്കിലും, വെട്ടിപ്പിടിച്ച രാജ്യത്തെ രക്ഷിക്കുന്നതിലായിരുന്നു തിരുമനസ്സിലെ ശ്രദ്ധ അധികം പതിഞ്ഞതു്. ചങ്ങനാശ്ശേരി തുടങ്ങിയുള്ള സ്ഥലങ്ങളിലെ ജനങ്ങൾ പരിദേശഭരണത്തിൽ ക്ഷോഭിച്ചു് ഇളകിയെങ്കിലും അതെല്ലാം പ്രയാസംകൂടാതെ ശമിപ്പിക്കുന്നതിനു തിരുമനസ്സിലേയ്ക്കു സാധിച്ചു. തിരുമനസ്സിൽനിന്നു കൊ. വ. ൯൩൩-ാമാണ്ടു നാടുനീങ്ങി.

ഇന്നത്തെ തിരുവിതാംകൂറിന്റെ ജനയിതാവെന്ന നിലയിലും ധീരനായ ഒരു ഭരണാധിപൻ, ഉന്നതാശയനായ ഒരു രാജ്യതന്ത്രജ്ഞൻ, ഒരു മഹായോദ്ധാവു് എന്ന നിലകളിലും മാൎത്താണ്ഡവൎമ്മ എന്നെന്നേയ്ക്കും നമുക്കു സ്മരണീയനാണു്. പല രാജ്യങ്ങളും ചേൎത്തു തിരുവിതാംകൂറിനെ ഇന്നുള്ളപോലെ വിപുലമാക്കി. ഭാവിശ്രേയസ്സിനുപ്രദങ്ങളായ അനവധി ഏൎപ്പാടുകൾ അന്നു തിരുമനസ്സിൽനിന്നു ചെയ്തതിന്റെ ഫലമാണു് ഇന്നു നമ്മുടെ നാട്ടിനു

അതിശോഭനമായ ഒരു നില വന്നിട്ടുള്ളതു്. കേരളം മുഴുവൻ ഒരു ഭരണത്തിൽ ഇരുന്നാലുള്ള സൌകൎയ്യങ്ങളെപ്പറ്റി വേണ്ടവണ്ണം അറിവുള്ള നമുക്കു് തിരുമനസ്സിലെ ശ്രമത്തെ വേണ്ടവണ്ണം അഭിനന്ദിക്കാൻ സാധിക്കുന്നതാണു്.

തിരുമനസ്സിൽനിന്നു രാജ്യക്ഷേമത്തെ ലാക്കാക്കി വിദേശീയവാണിജ്യത്തെ ധാരാളം പ്രോത്സാഹിപ്പിച്ചു. രാജ്യരക്ഷയ്ക്കായി അനവധി കോട്ടകൾ കെട്ടിച്ചു. സൈന്യബലത്തെ വർദ്ധിപ്പിച്ചു. വരവുചെലവുകണക്കുകൾ ശരിയായി സൂക്ഷിക്കാനും, കൃഷിക്കാൎക്കു വേണ്ട സഹായങ്ങൾ ചെയ്യാനും വേണ്ട ഏൎപ്പാടുകൾ ചെയ്തു.

കലകളെ പ്രോത്സാഹിപ്പിക്കുന്നതിൽ തിരുമനസ്സിൽനിന്നു വളരെ താൽപൎയ്യം പ്രദൎശിപ്പിച്ചിരുന്നു. പത്മനാഭസ്വാമിക്ഷേത്രം അഴിച്ചു പണിയിച്ചതിൽനിന്നും, അനവധി പണ്ഡിതന്മാരെ അദ്ദേഹത്തിന്റെ സദസ്സിൽ ക്ഷണിച്ചുവരുത്തി സൽക്കരിച്ചതിൽനിന്നും ഈ വസ്തുത വിശദമാകും. കുഞ്ചൻനമ്പ്യാർ, രാമപുരത്തുവാരിയർ, ഉണ്ണായിവാരിയർ ഈ മഹാകവികളെല്ലാം തിരുമനസ്സിലെ പ്രോത്സാഹനം വേണ്ടവണ്ണം ലഭിച്ചിട്ടുള്ളവരാണു്.

രാജ്യാധികാരത്തെ വർദ്ധിപ്പിക്കുന്നതിനും, രാജ്യത്തെ സുരക്ഷിതമാക്കുന്നതിനും വേണ്ടി അവിടന്നു് കണ്ണാട്ടിക്ക്നവാബു്, ഇംഗ്ലീഷുകാർ, ഡച്ചുകാർ എന്നിവരോടെല്ലാം സഖ്യം ചെയ്തു. ഇംഗ്ലീഷുകാരോടു് അന്നു ചെയ്ത സഖ്യം ഇന്നും ബലമായി നിൽക്കുന്നു. അന്നു കച്ചവടക്കാരായി ഇവിടെ വന്ന അവർ പിന്നീടു ഇൻഡ്യാ സാമ്രാജ്യത്തിന്റെ ആധിപത്യം കൈക്കൊണ്ടപ്പോഴും നമുക്കു താങ്ങും തണലുമായി നിന്നു നമ്മുടെ രാജ്യക്ഷേമത്തെ

ഗണ്യമായവിധം വൎദ്ധിപ്പിച്ചിട്ടുണ്ടെന്നു കൃതജ്ഞതയോടെ സ്മരിക്കേണ്ടതാണു്.

രാജ്യക്ഷേമത്തിനുവേണ്ടി ഇങ്ങനെ അനവധി കൃത്യങ്ങളും ചെയ്തതിനു പുറമേ ഭക്തനായ തിരുമേനി പത്മനാഭക്ഷേത്രത്തിൽ പല പുതിയ ചടങ്ങുകളും ഏൎപ്പെടുത്തിയെന്നുള്ളതും പ്രസ്താവ്യമാണു്. മുറജപം, ഭദ്രദീപം തുടങ്ങിയുള്ളതെല്ലാം തിരുമനസ്സിൽനിന്നാണു തുടങ്ങിയതു്.

മഹാനായ ഈ തമ്പുരാന്റെ കീൎത്തി അനശ്വരമായി നിൽക്കുന്നതാണു്.

---

൨. ധൎമ്മരാജാവു്.

(൯൦൧—൯൭൩.)

ഇനിയും നമ്മുടെ സവിശേഷമായ ശ്രദ്ധയെ അൎഹിക്കുന്ന തമ്പുരാൻ മാൎത്താണ്ഡവൎമ്മ മഹാരാജാവിന്റെ അനന്തരാവകാശിയായി രാജ്യഭാരം ഏറ്റു് 'ധൎമ്മരാജാ'വെന്നു വിഖ്യാതനായിതീൎന്ന കാൎത്തികതിരുനാൾ രാമവൎമ്മ മഹാരാജാവാണു്.

ഇദ്ദേഹത്തിന്റെ അമ്മ കോലത്തുനാട്ടിൽനിന്നു ദത്തെടുത്ത ഒരു തമ്പുരാട്ടിയും, അച്ഛൻ കിളിമാനൂർ കോയിത്തമ്പുരാനും ആയിരുന്നു. ഇദ്ദേഹത്തിന്റെ ജനനം ൯൦൧-ാമാണ്ടായിരുന്നു. അന്നു് എട്ടുവീടർ തുടങ്ങിയുള്ള ശത്രുപക്ഷക്കാരുടെ ശക്തി പൂൎണ്ണമായിരുന്ന കാലമാണല്ലോ. ഇദ്ദേഹത്തിനു മൂന്നു വയസ്സുള്ളപ്പോൾ കോയിത്തമ്പുരാനും ഒത്തു് അമ്മതമ്പുരാട്ടി ആററിങ്ങലേക്കു പോയി. വിവരം അറിഞ്ഞു് എട്ടുവീടർ തമ്പുരാട്ടിയേയും ഭാവിയിൽ

രാജ്യാവകാശിയാകേണ്ട കൊച്ചുതമ്പുരാനേയും കൊല്ലാൻ മുതിൎന്നു. എന്നാൽ കോയിത്തമ്പുരാൻ രഹസ്യമായി കാൎയ്യം ഗ്രഹിച്ച തമ്പുരാട്ടിയേയും മകനേയും വേഷം മാററി വേറൊരു വഴിക്ക് അയച്ചിട്ട തമ്പുരാട്ടി വന്ന പല്ലക്കിൽ കയറി യാത്രതുടങ്ങി. എട്ടുവീടർ വന്നടുത്തപ്പോറ കോയിത്തമ്പുരാൻ അവരോടു ധൈൎയ്യസമേതം പോരാടി മരണമടഞ്ഞു. എങ്കിലും, തമ്പുരാട്ടിയും ഉണ്ണിത്തമ്പുരാനും ആപത്തുകൂടാതെ രക്ഷപ്പെട്ടു. കോയിത്തമ്പുരാന്റെ ത്യാഗബുദ്ധിയെ അഭിനന്ദിച്ച് കിളിമാനൂർദേശം കരമൊഴിവായി അദ്ദേഹത്തിന്റെ കുടുംബത്തിലേക്കു വിട്ടുകൊടുത്തു.

രണധീരനും നയശാലിയും ഉഗ്രപ്രതാപവാനുമായ മാതുലന്റെ പ്രത്യേകമായ മേൽനോട്ടത്തിലാണു തമ്പുരാന്റെ വിദ്യാഭ്യാസവും ആയുധാഭ്യാസവും നടന്നതു്. അതുകൊണ്ടു ചെറുപ്പത്തിൽത്തന്നെ രാജ്യകാൎയ്യങ്ങളിൽ അന്യാദൃശമായ സാമൎത്ഥ്യവും, യുദ്ധമുറകളിൽ അതിയായ നൈപുണ്യവും സിദ്ധിച്ചു. അമ്മാവൻ തിരുമനസ്സിൽനിന്നു നടത്തിയ പല യുദ്ധങ്ങളിലും അന്നു യുവരാജാവായിരുന്ന ഇദ്ദേഹം വിജയപൂർവം പങ്കെടുത്തിരുന്നു. കായംകുളം യുദ്ധത്തിന്റെ ഇടയ്ക്കു തിരുമനസ്സിൽനിന്നു അമ്മാവൻ തിരുമേനിയുടെ വിവരം അറിയാനായി ഒരു പട്ടാണിയുടെ വേഷത്തിൽ കായംകുളം കോട്ടയിൽ പ്രവേശിച്ചു. ഹിന്ദുസ്ഥാനി, പേർഷ്യൻ തുടങ്ങിയുള്ള ഭാഷകറ തിരുമനസ്സിലേക്കു നല്ല പരിചയമുണ്ടായിരുന്നു. അതുകൊണ്ടു പട്ടാണിയായി സഞ്ചരിക്കുന്നതിനു് അവിടുത്തേക്കു യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. തിരുവിതാംകൂർ യുവരാജാവു കോട്ടയ്ക്കകത്തു് അകപ്പെട്ടിട്ടുള്ള വൃത്താന്തം കായംകുളം രാജാവു് രഹസ്യമായി അറിഞ്ഞു. പ്രത്യേകമായ കല്പന കൂടാതെ ആരെയും കോട്ടയ്ക്കു വെളിയിൽ വിട്ടുപോ

കരതെന്ന രാജാവു് ആജ്ഞാപിച്ചു. മൂന്നുനാലുദിവസം ഒളിച്ചു താമസിച്ചിട്ടും കോട്ടയ്ക്കുവെളിക്ക പോരാൻ തമ്പുരാന്ന സാധിച്ചില്ല. ഒടുവിൽ കായംകുളം രാജാവിന്റെ തേവാരക്കാരനായ ഉളളന്നൂർ നമ്പൂരിയുടെ സഹായത്തോടുകൂടി കോട്ടയിൽനിന്നും രക്ഷപ്രാപിച്ചു. ഇത്യാതിരി സംഭവങ്ങളിൽനിന്നും തിരുമനസ്സിലേക്കു് ആപത്തിലുള്ള മനസ്സാന്നിദ്ധ്യവും അവസരോചിതമായ ബുദ്ധിയും വ്യക്തമാകുന്നതാണു്. അന്നു് അവിടത്തേയ്ക്കു പതിനെട്ടുവയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു.

മാർത്താണ്ഡവർമ്മമഹാരാജാവു നാടുനീങ്ങിയശേഷം അവിടുന്നു മുപ്പത്തിമൂന്നാമത്തെ തിരുവയസ്സിൽ മൂപ്പേററു. അമ്മാവൻ സമ്പാദിച്ച രാജ്യം പരാധീനപ്പെടാതെ രക്ഷിക്കാൻ തിരുമനസ്സിലേക്കു വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നു. ൯൩൭-ാമാണ്ടു് സാമൂതിരി കൊച്ചിരാജ്യം ആക്രമിച്ചു. കൊച്ചിരാജാവു തിരുവിതാംകൂറിന്റെ സഹായം അഭ്യർത്ഥിച്ചു. ശുചീന്ദ്രം ക്ഷേത്രത്തിൽ വച്ചു കൊച്ചി മഹാരാജാവു തിരുവിതാംകൂറുമായി ഉടമ്പടി ചെയ്തു. മഹാരാജാവു കൊച്ചിയെ രക്ഷിക്കാമെന്നു പ്രതിജ്ഞ ചെയ്തു. അതനുസരിച്ചു് അയ്യപ്പൻമാർത്താണ്ഡപ്പിള്ള ദളവായേയും, ഡിലെനായിയേയും സൈന്യസമേതം കൊച്ചിയിലേക്ക നിയോഗിച്ചു. അവർ സാമൂതിരിയുടെ സൈന്യത്തെ തോല്പിച്ചു. ഈ വിജയത്തിന്റെ ഫലമായി ആലങ്ങാടും പറവൂരും തിരുവിതാംകൂറിനോടു ചേർന്നു. ഇങ്ങനെ സംസ്ഥാനത്തിന്റെ വിസ്താരംതന്നെ പൂർവ്വാധികം വർദ്ധിച്ചു. ഇതിനു പുറമേ മഹാരാജാവിനോടു സാമൂതിരി സഖ്യം ചെയ്യുകയും യുദ്ധച്ചെലവിനു തിരുവിതാംകൂറിനു് ഉണ്ടായ നഷ്ടം പരിഹരിക്കാനായി ഒന്നരലക്ഷം രൂപാ കൊടുക്കുകയും ചെയ്തു. രാജ്യത്തിന്റെ ഉത്തരപ്രദേശങ്ങളുടെ

രക്ഷയ്ക്കായി അതിർത്തിയിൽ കോട്ടകളുണ്ടാക്കി അവയിൽ സൈന്യങ്ങളെ താമസിപ്പിച്ചു.

തിരുമനസ്സിലേക്ക പിന്നീട്ട പ്രധാനമായി എതിരേക്കേണ്ടിവന്നതു് ഹൈദരാലിയോടും, മൈസൂക്കടുവാ എന്ന പ്രസിദ്ധനായിരുന്ന അദ്ദേഹത്തിന്റെ മകൻ ടിപ്പുസുൽത്താനോടും ആയിരുന്നു. കൊ. വ. ൻരൻ-ാമാണ്ടു് ഹൈദർ മലബാർ ആക്രമിച്ചു. സാമൂതിരി ഭയപ്പെട്ട തിരുവിതാംകൂറിൽ അഭയംപ്രാപിച്ചു. തന്റെ ശത്രുവിനു് അഭയം കൊടുത്ത തിരുവിതാംകൂറിന്റെ നേരേ ഹൈദർ തിരിഞ്ഞു. എന്നാൽ ഹൈദരിനെ ഡച്ചുകാർ വഴിക്കവെച്ചു തടഞ്ഞതുകൊണ്ടു് വേഗം തിരുവിതാംകൂറിൽ വന്നെത്താൻ അയാൾക്ക സാധിച്ചില്ല. അപ്പോഴേക്കും കേശവപിള്ള വലിയ ഒരു സൈന്യവുമായി എത്തി ടിപ്പുവിനെ എതിർത്തിന്ന ഡച്ചുകാരെ സഹായിച്ചു. വേഗത്തിൽ തിരുവിതാംകൂറിനെ സഹായിക്കാൻ ഇംഗ്ലീഷുസൈന്യവും എത്തി. കേശവപിള്ളയുടെ സാമർത്ഥ്യംകൊണ്ടും, ഇംഗ്ലീഷുകാരുടെയും മററും സഹായംകൊണ്ടും തിരുവിതാംകൂറിനുതന്നെ വിജയം സിദ്ധിച്ചു.

കൊ. വ. ൻ൫൭-ൽ ഹൈദർ മരിച്ചു; അയാളുടെ മകൻ ടിപ്പുസുൽത്താൻ സിംഹാസനാരോഹണം ചെയ്തു. അയാൾ അച്ഛനേക്കാളും ഭയംകരനായിരുന്നു. ടിപ്പു വമ്പിച്ച ഒരു സൈന്യവുമായി മലബാർ ആക്രമിച്ചു പിടിച്ചടക്കി. അവിടത്തെ രാജാക്കന്മാരും പ്രഭുക്കന്മാരും തിരുവിതാംകൂറിൽ വന്നു് അഭയം പ്രാപിച്ചു. അവരെയെല്ലാം തിരിച്ചയയ്ക്കാത്തപക്ഷം താൻ തിരുവിതാംകൂർ ആക്രമിക്കമെന്ന ടിപ്പു മഹാരാജാവിനു സന്ദേശം അയച്ചു. ആ സന്ദേശം ആശ്രിതവത്സലനായ തമ്പുരാൻ വകവച്ചില്ല. ടിപ്പു കുപിതനായി കൊച്ചിരാജാവിനെ വശ്യ

നാക്കികൊണ്ടു തിരുവിതാംകൂറിൽനിന്നും അയാൾക്കു കപ്പം കൊടുക്കണമെന്നു അറിയിച്ചു. മഹാരാജാവു ഈ നിർദ്ദേശത്തെ നിരസിച്ചു. വേഗത്തിൽ ടിപ്പുവിന്റെ ആക്രമണത്തെ തടയുന്നതിനായി പല സന്നാഹങ്ങളും ചെയ്തു. മദ്രാസിലെ ഇംഗ്ലീഷ്ഗവർണരെ വിവരം അറിയിച്ചു. അദ്ദേഹം വേണ്ട ഒത്താശകൾ ചെയ്യാമെന്ന പ്രതിജ്ഞ ചെയ്തു. ഉടൻ കേശവപിള്ളയെ ഒരു വലിയ സൈന്യവുമായി രാജ്യത്തിന്റെ ഉത്തരഭാഗത്തേയ്ക്കു അയച്ചു. ഡച്ചുകാരുടെ കൈയിൽനിന്നും വാങ്ങിച്ച കൊടുങ്ങല്ലൂർ കോട്ടയും, ആയക്കോട്ടയും കൊച്ചിയുടെ വകയാണെന്നും, അതുകൊണ്ടു അതു രണ്ടും വിട്ടുകൊടുക്കണം എന്നും ടിപ്പു ആവശ്യപ്പെട്ടു. ഭീഷണികൊണ്ടൊന്നും ഫലമില്ലെന്നു കണ്ടു ൯൬൫-ാമാണ്ടു ടിപ്പു യുദ്ധത്തിനു ഒരുങ്ങി. കേശവപിള്ളയുടെ നേതൃത്വത്തിൽ തിരുവിതാംകൂർ സൈന്യം ടിപ്പുവിനെ തോല്പിച്ചു. ഈ ഭയങ്കരമായ യുദ്ധത്തിൽ ടിപ്പുവിന്റെ കാലൊടിഞ്ഞു. അയാളുടെ സൈന്യത്തിന്റെ വലിയ ഒരു ഭാഗം നഷ്ടമായി. അനവധി ഭടന്മാരെ കേശവപിള്ള തടവുകാരായി പിടിക്കയുംചെയ്തു. ടിപ്പുവിന്റെ ഉടവാളും മോതിരവും തിരുവിതാംകൂറിലേക്കു കിട്ടിയെന്നുള്ളതും സ്മരണീയമാണ്.

ഈ തോൽവികൊണ്ടു ടിപ്പു വല്ലാതെ കോപിച്ചു. അയാൾ ഏറെ താമസിയാതെ സൈന്യസന്നാഹത്തോടെ തിരുവിതാംകൂർ ആക്രമിച്ചു. ടിപ്പു ആലങ്ങാടു പറവൂർ മുതലായ സ്ഥലങ്ങൾ പിടിച്ചടക്കി വളരെ കൊള്ളകൾ നടത്തി. വീടുകൾ തീവച്ചു നശിപ്പിച്ചു. സ്ത്രീകളെയും കുട്ടികളെയും നിർദ്ദയം കൊന്നൊടുക്കി. അയാളുടെ ഉദ്ദേശം തിരുവിതാംകൂർ മുഴുവൻ ജയിച്ചിട്ടു പത്മനാഭസ്വാമി ക്ഷേത്രത്തിലെ കപ്പാണിൻകൊടിമരത്തിൽ അയാളുടെ കുതിരയെ കെട്ടണമെന്നായിരുന്നു. കേശവപിള്ള ഈ അവ

സരത്തിൽ ഗ്രാജ്യരക്ഷയ്ക്കു വേണ്ട പലതും ചെയ്തുകൊണ്ടിരുന്നു. അന്നു ഇൻഡ്യാഗവൎണ്ണർ ജെനറലായിരുന്ന കാറൻവാലിസു പ്രഭുവിനോടു നേരിട്ടു വിവരങ്ങൾ അറിയിച്ചു സഹായം അൎത്ഥിച്ചു. കാറൻവാലീസ് ടിപ്പുവിനെതിരായി തിരുവിതാംകൂറിനെ സഹായിക്കാമെന്നു സമ്മതിച്ചു.

ഇതേ അവസരത്തിൽ തിരുവിതാംകൂറിനു അനുകൂലമായ വേറൊരുകാൎയ്യവും ഭാഗ്യവശാൽ ഉണ്ടായി. ടിപ്പുവിന്റെ സൈന്യം പാളയം അടിച്ചു പാൎത്തിരുന്നതു ആലുവാ ആററിന്റെ തീരത്തായിരുന്നു. പെട്ടെന്നു ആററിൽ വെള്ളം പൊങ്ങി. ടിപ്പുവിന്റെ പടയാളികളിൽ പലരും വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയി. അവരുടെ ആയുധങ്ങളും ആഹാരത്തിനു സംഭരിച്ചിരുന്ന സാധനങ്ങളും മുഴുവൻ നഷ്ടമായി. ടിപ്പുവിനു ഇങ്ങനെ ഇവിടെ താമസിക്കാൻ നിവൃത്തിയില്ലെന്നായി. ഇംഗ്ലീഷുകാർ ടിപ്പുവിന്റെ രാജധാനിയെ ആക്രമിച്ചതുകൊണ്ടു അയാൾ ഇവിടെനിന്നു നിരാശനായി പോവുകയും ചെയ്തു. ഈ യുദ്ധത്തിൽ സഹായിച്ചതിനു പ്രതിഫലമായി ഇംഗ്ലീഷുകാൎക്കു വലിയ ഒരു തുക കൊടുക്കേണ്ടിവന്നു.

ടിപ്പുവിനോടു എന്നപോലെതന്നെ തിരുമനസ്സിലേക്കു വേറൊരു വിദേശീയശത്രുവിനോടും നേരിടേണ്ടി വന്നു. ആൎക്കാട്ടു നവാബിന്റെ സൈന്യാധിപനായിരുന്ന മാനുഷ്ഖാൻ, നവാബിനോടു പിണങ്ങി സ്വതന്ത്രനായി. അയാൾ തിരുവിതാംകൂർ വകയായിരുന്ന ചില സ്ഥലങ്ങളും കൈവശപ്പെടുത്തി. മാസൂഫ്ഖാനെ അമൎച്ച ചെയ്യുന്നതിനായി കൎണ്ണാട്ടിക്കു നവാബു മഹാരാജാവിന്റെ സഹായം അപേക്ഷിച്ചു. കുമാരൻ ചെമ്പകരാമൻപിള്ള എന്ന ധീരനായ സേനാനായകനെയും അയ്യായിരം

പടയാളികളേയും ഇവിടെനിന്ന് നവാബിന്റെ സഹായത്തിനു് അയച്ചു. ഈ സഹായത്തിനു പ്രതിഫലമായി യുദ്ധം അവസാനിച്ചപ്പോൾ മുമ്പു തിരുവിതാംകൂർവകയായിരുന്ന കിഴക്കൻ പ്രദേശങ്ങൾ വീണ്ടും തിരുവിതാംകൂറിലേക്കു വിട്ടുകൊടുത്തു.

എന്നാൽ നവാബിനു ഒരിക്കൽകൂടെ മഹാരാജാവിനോടു സഹായം അർത്ഥിക്കേണ്ടിവന്നു. മാസുഫ്ഖാനു പകരം നിയമിച്ച യൂസഫ്ഖാനും സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്തു. തിരുവിതാംകൂറിലെ സഹായത്തോടുകൂടി ആയാളെയും നവാബു തോല്പിച്ചു. ഇതിനുശേഷം നവാബുമായുണ്ടായ ഉടമ്പടിയിൽ കളക്കാടു മുതലായ സ്ഥലങ്ങൾ നവാബിനു വിട്ടുകൊടുത്തു. ചെങ്കോട്ടയും കന്യാകുമാരിയും തിരുവിതാംകൂറിലേക്കും ആയിത്തീൻ.

ഈ യുദ്ധവിവരങ്ങളിൽനിന്നു തിരുമനസ്സിലേക്കു് രാജ്യരക്ഷാപരമായി എന്തു ക്ലേശം അനുഭവിക്കേണ്ടി വന്നെന്നു വ്യക്തമായല്ലോ. എന്നാൽ, ഈ യുദ്ധങ്ങൾ കൊണ്ടുമാത്രമല്ല അദ്ദേഹത്തെ ഇന്നു് ഓർമ്മിക്കുന്നതു്. ധർമ്മപ്രചാരണത്തിനും, കലാപ്രോത്സാഹനത്തിനും അദ്ദേഹം ചെയ്ത സേവനങ്ങൾ ആരുടേയും അഭിനന്ദനത്തെ അർഹിക്കുന്നതാണു്. അദ്ദേഹം രാജ്യത്തിൽ അനവധി റോഡുകൾ വെട്ടിച്ചു. ഇതിൽ പറവൂർതൊട്ടു ആരുവാമൊഴിവരെ ഉണ്ടാക്കിയ റോഡു് പ്രധാനമാണു്. രാജ്യത്തിൽ വാണിജ്യാഭിവൃദ്ധിക്കായും തിരുമനസ്സിൽനിന്നും പല കാര്യങ്ങൾ ഏർപ്പെടുത്തി. നാഞ്ചിനാട്ടു കൃഷിക്കാരുടെ ഉപയോഗത്തിനായി അദ്ദേഹം ചെയ്ത സഹായങ്ങളിൽനിന്നു് അവിടുത്തേക്കു് കൃഷിക്കാരോടുള്ള അനുകമ്പ നന്നേ തെളിയുന്നതാണു്.

തിരുമനസ്സിലെ കാലത്തു നമ്മുടെ രാജ്യത്തിന്റെ കീർത്തി ഇൻഡ്യയിലെങ്ങും പരന്നു. അവിടുത്തെ ധർമ്മരാ

ജാപു്" എന്നു് എല്ലാവരും വിളിച്ചുപോന്നതിൽനിന്നും തിരുമനസ്സിലേക്കു് എത്രമാത്രം ധർമ്മാസക്തി ഉണ്ടായിരുന്നെന്നു മനസ്സിലാക്കാവുന്നതാണു്. തിരുമനസ്സിലെ ബഹുമാനിച്ചു കർണ്ണാട്ടിക്കു നവാബു് 'മെന്നേസുൽത്താൻ മഹാരാജരാമരാജ്ബഹദൂർ ഷംഷർജംഗ്" എന്ന ബിരുദം സമ്മാനിച്ചു.

അവിടുന്നു് ഒരു മഹാപണ്ഡിതനും കവിയുംകൂടി ആയിരുന്നു. സ്വയം കാവ്യങ്ങൾ രചിക്കുന്നതിലും, വിദ്വാന്മാരേയും കവികളേയും ആദരിക്കുന്നതിലും അവിടുത്തേക്കു അത്യധികം താത്പര്യമുണ്ടായിരുന്നു. തിരുമനസ്സിലെ രണ്ടു കനിഷ്ഠസഹോദരന്മാരും വിദ്വത്വത്തിലും കവിത്വത്തിലും ഒട്ടും പിന്നോക്കമായിരുന്നില്ല. അവരിൽ ഒരാളായ അശ്വതിതിരുനാൾ തമ്പുരാനാണു 'രുഗ്മിണീസ്വയംവരം' ആട്ടക്കഥയുടെ കർത്താവു്. നിർഭാഗ്യവശാൽ രണ്ടു സഹോദരന്മാരും തിരുമനസ്സിൽനിന്നു നാടുവാഴുമ്പോൾ തന്നെ നാടുനീങ്ങി. അതുകൊണ്ടു കോലത്തുനാട്ടിൽനിന്നു രണ്ടു തമ്പുരാട്ടിമാരെ തിരുവിതാംകൂറിലേക്കു് ദത്തെടുക്കേണ്ടിവന്നു.

നാല്പതുവർഷം ശ്ലാഘ്യമായി അവിടുന്നു് രാജ്യഭരണം നടത്തി. മഹാഭക്തനും മഹാത്മാവുമായ അവിടുന്നു ൯൭൩-ാമാണ്ടു് കുംഭമാസത്തിൽ ശിവരാത്രിദിവസം നാടുനീങ്ങി. അവിടുത്തെ ആത്മാവു നിത്യശാന്തിയിൽ വിശ്രമിക്കട്ടെ.

൩. സ്വാതിതിരുനാൾ രാമവർമ്മമഹാരാജാ തിരുമനസ്സുകൊണ്ടു്.

(൧൮൧൩—൧൮൪൭).

രാജാക്കന്മാർ ലോകത്തിൽ വളരെ ഉണ്ടായിട്ടുണ്ടു്; ഇപ്പോഴും ഉണ്ടു്. അതുപോലെ തന്നെയാണു് കലാകാരന്മാരും. എന്നാൽ കലാകാരന്മാരെന്ന നിലയിൽ ബഹുജനങ്ങളുടെ അമിതമായ പ്രശംസയെ അർഹിച്ചിട്ടുള്ള രാജാക്കന്മാർ വളരെ ദുർല്ലഭമാണു്. ഈ ചെറിയ ഉപന്യാസത്തിൽ സംഗീതസാഹിത്യാദി കലകളിൽ അത്ഭുതാവഹമായ ജ്ഞാനവും അനതിശയനീയമായ പ്രയോഗസാമർത്ഥ്യവും സിദ്ധിച്ച നമ്മുടെ ഒരു പൊന്നുതമ്പുരാനെപ്പററിയാണു് പറയാൻ തുടങ്ങുന്നതു്.

കാർത്തികതിരുനാൾ മഹാരാജാവു നാടുനീങ്ങിയതിൽപിന്നീടു പതിമൂന്നു വർഷത്തേക്കു ബാലരാമവർമ്മമഹാരാജാവു നാടുവാണു. അദ്ദേഹം ൧൮൧൦-ൽ നാടുനീങ്ങിയപ്പോൾ രാജകുടുംബത്തിൽ പുരുഷന്മാർ ആരും ഇല്ലാതിരുന്നതുകൊണ്ടു് ആററിങ്ങൽ മൂത്തതമ്പുരാനായിരുന്ന ലക്ഷ്മീറാണി മൂപ്പേററു. ആ തിരുമനസ്സിലെ ആദ്യപുത്രനായിരുന്നു് സ്വാതിതിരുനാൾ അവതാരം ചെയ്തതു്. തിരുമേനി ഗർഭത്തിൽ വാഴുമ്പോഴേ രാജാവായതിനാൽ അവിടുത്തേ 'ഗർഭശ്രീമാൻ' എന്നു വിളിച്ചുപോരുന്നു. തിരുവിതാംകൂർ ജനാവലി അത്യുൽക്കണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കെയാണു തിരുമനസ്സിൽനിന്നു ഭൂജാതനായതെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. അമ്മതമ്പുരാൻ രണ്ടാമത്തെ പ്രസവത്തോടുകൂടി നാടുനീങ്ങിയപ്പോൾ, അതിബാലനായിരുന്ന നമ്മുടെ തമ്പുരാനും, അവിടുത്തെ സഹോദരനും, രാജ്യവും റാണി പാർവ്വതീഭായി തിരുമനസ്സിലേ മേൽനോട്ടത്തിലായി. അവിടുത്തേ പിതാവായ രാജരാജ

വർമ്മ കോയിത്തമ്പുരാൻ ഒരു മഹാപണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ യുവരാജാക്കന്മാക്ക് അത്യൽകൃഷ്ടമായ ശിക്ഷണം ലഭിച്ചു. രാജകുമാരന്മാരുടെ വിദ്യാഭ്യാസത്തിൽ റാണിയും പ്രത്യേകം ശ്രദ്ധിച്ചുപോന്നു. ചെറുപ്പത്തിൽതന്നെ ഇംഗ്ലീഷ്, പേർഷ്യൻ, സംസ്കൃതം, കന്നാടകം, തമിഴ് തുടങ്ങി അനവധി ഭാഷകളിൽ സ്വാതിതിരുനാൾ തിരുമനസ്സിലേക്ക പ്രശംസനീയമായ പാണ്ഡിത്യം ഉണ്ടായി. ജന്മനാ നിശിതബുദ്ധിയായിരുന്ന തിരുമനസ്സിലെ അഭ്യസിപ്പിക്കുന്നതിൽ ഗുരുക്കന്മാക്ക് യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. അവരെല്ലാം തിരുമേനിയുടെ ബുദ്ധിവൈശിഷ്ട്യത്തേയും സ്വഭാവമാഹാത്മ്യത്തെയും വാസനാഗുണത്തെയും അത്യന്തം പുകഴ്ത്തിയിട്ടുണ്ട്. അവിടുത്തേ ഇംഗ്ലീഷ് പഠിപ്പിച്ചതു് തഞ്ചാവൂർക്കാരനായ സുബ്ബയ്യർ എന്നൊരു പണ്ഡിതനായിരുന്നു. സാഹിത്യത്തിലും ശാസ്ത്രങ്ങളിലും തിരുമനസ്സിലേക്ക് വളരെ നൈപുണ്യമുണ്ടായിരുന്നെങ്കിലും അവിടുത്തേയ്ക്കു് സംഗീതത്തോടായിരുന്ന പ്രത്യേകമായ പ്രതിപത്തി തോന്നിയതു്. ആ കലയിൽ ത്യാഗരാജനെപ്പോലും വെല്ലത്തക്ക സാമർത്ഥ്യം അദ്ദേഹത്തിനു ഉണ്ടായിരുന്നെന്നു നമുക്ക് അഭിമാനപൂർവം കൊണ്ടാടാവുന്നതാണ്.

തിരുമനസ്സിലേക്ക പതിനാറു വയസ്സു പൂർത്തിയായപ്പോൾ അവിടുന്നു രാജ്യഭാരം കൈയേററു. അവിടുത്തെ ഭരണകാലത്താണു പിന്നീടു ഉൽക്കർഷം പ്രാപിച്ചിട്ടുള്ള പല പൊതുസ്ഥാപനങ്ങളും ഉണ്ടാക്കിയതു്. ആദ്യമായി കൊല്ലത്തുനിന്നു് 'ഹജൂർകച്ചേരി' തിരുവനന്തപുരത്തേക്കു മാററി സ്ഥാപിച്ചു. ഈ ഏർപ്പാടുകൊണ്ടു ഭരണകാര്യങ്ങളിൽ മഹാരാജാവിനു നേരിട്ടു ശ്രദ്ധിക്കുന്നതിനു കൂടുതൽ സൗകര്യം ഉണ്ടായി. അടുത്തതായി, അവിടുത്തെ ശ്രദ്ധ പതിഞ്ഞതു പട്ടാളപരിഷ്കരണത്തിലായിരുന്നു. നായർ

പട്ടാളവും കുതിരപ്പട്ടാളവും തിരുമനസ്സിൽനിന്ന് ഏർപ്പെടുത്തിയതാണ്. പുതിയ യുദ്ധസമ്പ്രദായങ്ങൾ പരിശീലിപ്പിക്കാനും അവിടുന്ന കല്പിച്ചു. കാഴ്ചബംഗ്ലാവിന്റെ ആരംഭം അവിടുന്ന് ഉണ്ടാക്കിയ വന്യമൃഗശാലയാണ്. അവിടുത്തേക്ക് ആനയെ വഴക്കുന്നതിലുംമററും അന്യാദൃശമായ സാമർത്ഥ്യം ഉണ്ടായിരുന്നു.

രാജ്യത്തിന്റെ ഭരണസംബന്ധമായും മററും അനേകം ഉണ്ടായ മേന്മ ചില്ലറയല്ല. അവിടുത്തെ കാലത്താണ മുൻസിപ്പുകോടതികൾ നാട്ടിന്റെ നാനാഭാഗത്തും നടപ്പിൽ വരുത്തിയതു്. നിയമസംബന്ധമായ ഗ്രന്ഥങ്ങൾ പ്രമാണികളെക്കൊണ്ടു് എഴുതിച്ചു ഗവർമ്മെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. നിയമഗ്രന്ഥനിർമ്മാണത്തിന് നിയുക്തനായിരുന്ന ദിവാൻപേഷ്കാർ കണ്ടൻമേനവന്റെ ഉപദേശപ്രകാരം തിരുവനന്തപുരത്തു ഒരു ജില്ലാക്കോടതി സ്ഥാപിച്ചു. ദയാശാലിയായ തിരുമേനി സ്ത്രീകളെ നാടു കടത്തുന്ന ഏർപ്പാടും ജലപരീക്ഷ തുടങ്ങിയുള്ള സത്യപരീക്ഷകളും നിറുത്തൽചെയ്തു.

വിദ്യാഭ്യാസപ്രചരണത്തിലേക്കു സ്വാതിതിരുനാൾ മഹാരാജാവു് വളരെ മനസ്സിരുത്തി പ്രവർത്തിച്ചിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മാഹാത്മ്യം നേരിട്ടറിഞ്ഞ അവിടുന്ന് ആദ്യമായി ഒരു ഇംഗ്ലീഷ് വിദ്യാലയം തിരുവനന്തപുരത്തു തുടങ്ങിച്ചു. ൧൦൦൯-ാമാണ്ടു് റോബർട്ട്സ് എന്ന ഒരു മിഷണറിയേ ക്ഷണിച്ചുവരുത്തി സഹായധനം ദാനംചെയ്തു തുടങ്ങിച്ച സ്കൂളാണ് വളന്നു വളന്നു രാജകീയകാളേജായി പരിണമിച്ചതു്. താമസിയാതെ രാജ്യത്തിന്റെ നാനാഭാഗത്തും ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾ തുടങ്ങി.

തിരുമനസ്സിലേക്ക് ജ്യോതിശ്ശാസ്ത്രത്തിൽ അതിശയമായ താൽപര്യം ഉണ്ടായിരുന്നു. പാശ്ചാത്യഗോളശാസ്ത്രം പഠിക്കാൻവേണ്ടി അവിടുന്ന സ്ഥാപിച്ചതാണ നമ്മുടെ ഇന്നത്തെ നക്ഷത്രബംഗ്ലാവ്. അതുപോലെതന്നെ ആദ്യമായി ഇംഗ്ലീഷുവൈദ്യം നാട്ടിൽ നടപ്പാക്കിയതും അവിടുന്നതന്നെ ആയിരുന്നു. ആദ്യം തിരുവനന്തപുരത്തും, പിന്നീട രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഇംഗ്ലീഷ് മരുന്നുകൾ ധർമ്മമായി കൊടുക്കാനും, രോഗികളെ ശുശ്രൂഷിക്കാനുമായി ആശുപത്രികൾ സ്ഥാപിച്ചു. തിരുമനസ്സിൽനിന്നതന്നെ ആയിരുന്ന എൻജിനീയർ ഡിപ്പാർട്ടമെൻറ്, മരാമത്തു ഡിപ്പാർട്ടമെൻറ് ഇവ സ്ഥാപിച്ചതും തിരുവനന്തപുരത്ത് ഇന്നും വിപുലമായ രീതിയിൽ നടത്തിപ്പോരുന്ന സക്കാർ അച്ചുകൂടം തുടങ്ങിയതും. അന്ന് എൻജിനീയർ ഡിപ്പാർട്ടമെൻറിൽനിന്നും ഉണ്ടാക്കിയതാണ കരമനപ്പാലം. ഗവർമ്മെൻറു പ്രസ്സിൽ ആദ്യം അച്ചടിച്ച പ്രസിദ്ധം ചെയ്തതു ആയിരത്തി പതിനഞ്ചാമാണ്ടത്തെ പഞ്ചാംഗം ആയിരുന്നു.

ഇങ്ങനെ ഇന്ന തിരുവിതാംകൂറിൽ മുഖ്യമായിത്തീന്നിട്ടുള്ള പല തുറകളും തിരുമനസ്സിലെ കാലത്താണ് ഉണ്ടായിട്ടുള്ളത്. ഇംഗ്ലീഷുവിദ്യാഭ്യാസം, ഇംഗ്ലീഷ ചികിത്സ ഇതെല്ലാം അന്നാണ് തുടങ്ങുന്നത്. പി.ഡബ്ല്യൂ.ഡി. ഷ്യൻ, മെഡിക്കൽ, എൻജിനീയറിംഗ്, ജുഡീഷ്യൽ, മരാമത്ത് എന്ന പ്രധാനപ്പെട്ട വകുപ്പുകളും, സക്കാർ അച്ചുകൂടം, കാഴ്ചബംഗ്ലാവ്, നക്ഷത്രബംഗ്ലാവ്, നാഞ്ചിനാട്ട് ഒരു കൃഷിമരാമത്തു തുടങ്ങിയുള്ള വലിയ സ്ഥാപനങ്ങളും അന്നാണ് ഉണ്ടായത്. മലയാളത്തിൽ ആദ്യമായി നിയമഗ്രന്ഥം ഉണ്ടായതും അന്നുതന്നെ. ഇതിൽനിന്നെല്ലാം തിരുവിതാംകൂറിനു തിരുമനസ്സിൽനിന്നു ചെയ്തിട്ടുള്ള ബഹുമുഖങ്ങളായ ഗുണങ്ങൾ എത്ര എന്നു ഊഹിക്കാവുന്നതാണല്ലോ.

രാജ്യഭരണകാൎയ്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചിരുന്നതുപോലെയോ, അതിൽ കൂടുതലായോ അവിടുന്നു കലാവിഷയകമായി പ്രവൎത്തിച്ചുപോന്നു. സംഗീതം, സാഹിത്യം, ജ്യോതിഷം തുടങ്ങിയുള്ള പല കലകളിലും സാമൎത്ഥ്യമുള്ള അനവധി ആളുകൾ തിരുമനസ്സിലെ ആശ്രിതകോടിയിൽ ഉൾപ്പെട്ടിരുന്നു. അവൎക്കെല്ലാം വേണ്ട പ്രോത്സാഹനവും കൊടുത്തിരുന്നു. * ലാഹോറിൽനിന്നുവന്ന 'ശങ്കരൻ ജ്യോത്സ്യൻ' എന്ന പണ്ഡിതനെ ഒരു ജഡ്ജിയായി അവിടുന്നു നിയമിച്ചതിൽനിന്നും, ചീനരാജ്യത്തുനിന്നു പ്രസിദ്ധന്മാരായ ഐന്ദ്രജാലികന്മാരെ ക്ഷണിച്ചുവരുത്തി കൊട്ടാരത്തിൽത്തന്നെ പാൎപ്പിച്ചിരുന്നതിൽനിന്നും കലാവിഷയകമായ അവിടുത്തെ ഔദാൎയ്യം വ്യക്തമാകുന്നതാണു്. മലയാളവ്യാകരണം എഴുതിയ പീററു സായിപ്പും, ഇംഗ്ലീഷു മലയാള നിഘണ്ടു രചിച്ച ബെയിലിയും മഹാരാജാവിൽനിന്നു സമ്മാനം ലഭിച്ചിട്ടുള്ളവരാണു്. ഇരയിമ്മൻതമ്പി, വിദ്വാൻ കോയിത്തമ്പുരാൻ എന്ന മഹാകവികൾ അവിടുത്തെ സദസ്സിനെ അലങ്കരിച്ചിരുന്നു. തിരുമനസ്സിൽനിന്നും വിദ്വത്സദസ്സിൽ എന്നും എഴുന്നള്ളാറുണ്ടായിരുന്നെന്നുള്ളതു് അവിടുത്തെ പണ്ഡിതപക്ഷപാതത്തെ നല്ലവണ്ണം വ്യക്തമാക്കുന്നുണ്ടു്. അവിടുത്തെപ്പോലെ പണ്ഡിതനും കലാരസികനുമായ ഒരു രാജാവു വേറെ ഉണ്ടായിട്ടില്ലെന്നു ഭാരതമെങ്ങും പുകൾകൊണ്ടു. അവിടുന്നു സംസ്കൃതത്തിലും മലയാളത്തിലുമായി അനവധി കവിതകൾ രചിച്ചിട്ടുണ്ടു്. ഭക്തിമഞ്ജരി, സ്യാനന്ദൂരപുരവൎണ്ണനപ്രബന്ധം, ശ്രീപത്മനാഭശതകം, കുചേലോപാഖ്യാനം, ഉത്സവപ്രബന്ധം എന്ന

* ഈ ശങ്കരജ്യോത്സ്യൻ ആററുകാൽ ശങ്കരപ്പിള്ള മുൻസിപ്പു് അവൎകളുടെ അച്ഛനായിരുന്നു. അദ്ദേഹം റംജിററ് സിങ്ങ്ഗിന്റെ ഉപദേഷ്ടാവായി വളരെക്കാലം ലാഹോറിൽ താമസിച്ചിരുന്നു. അതിനുശേഷമാണ് തിരുവിതാംകൂറിൽ വന്നു് ജഡ്ജിയായിത്തീൎന്നതു്.

ഗ്രന്ഥങ്ങളെല്ലാം തിരുമനസ്സിലേ കൃതികളാകുന്നു. അവിട്ടത്തെ കൃതികളിൽ തിങ്ങിത്തുളുമ്പുന്ന പ്രധാന ഗുണം ഭക്തിപ്രചുരിമയാണ്.

തിരുമനസ്സിലെ കീർത്തി അധികമായി വെളിക്ക പ്രചരിച്ചതു് അദ്ദേഹത്തിന്റെ സംഗീതപാടവം മൂലാന്തരമാണ്. അന്നു തിരുവിതാംകൂറിൽ പ്രചാരത്തിലിരുന്ന സോപാനസമ്പ്രദായത്തിനു പുറമേ തിരുമനസ്സിൽ നിന്നു വെളിക്ക പ്രസിദ്ധമായിരുന്ന മററു രീതികളേയും ഗാഢമായി അഭ്യസിച്ചു. സംസ്കൃതത്തിലും, മണിപ്രവാള ഭാഷയിലും, തെലുങ്ക്, കർണ്ണാടകം, ഹിന്ദുസ്ഥാനി എന്ന ഭാഷകളിലുമായി മുന്നൂററമ്പതോളം പാട്ടുകൾ കല്പിച്ചു നിർമ്മിച്ചിട്ടുണ്ട്. ഈ പാട്ടുകളിൽനിന്നു തിരുമനസ്സിലെ ഉന്നതമായ സംസ്കാരവും, വിശാലമായ വീക്ഷണവും, നിസ്തുലമായ ഭക്തിയും തെളിഞ്ഞു കാണാവുന്നതാണ്. തിരുമനസ്സിൽനിന്നും നമുക്ക തന്നിട്ടുള്ള അക്ഷയ സമ്പത്തു് ഈ ഗാനങ്ങളാണ്. തിരുവിതാംകൂർകാർ സംഗീതത്തിൽ പിന്നോക്കമാണെന്നു ചിലക്കുള്ള മിഥ്യാബോധം തിരുമനസ്സിലെ ഗാനങ്ങളെപ്പററി വേണ്ടവണ്ണം അറിയാഞ്ഞിട്ടു മാത്രമാണ്. തഞ്ചാവൂർ രങ്കയ്യർ, കണ്ണയ്യാഭാഗവതർ തുടങ്ങിയുള്ള സംഗീതകലാകോവിദന്മാർ തിരുമനസ്സിലെ പ്രത്യേകമായ സ്നേഹബഹുമാനങ്ങൾക്ക പാത്രീഭവിച്ചവരായിരുന്നു എന്നുള്ളതിൽനിന്നും അവിട്ടത്തേക്ക വിദേശീയഗാനകലയോടും എത്രമാത്രം ആദരവ് ഉണ്ടായിരുന്നെന്നു് അനുമിക്കാവുന്നതാണല്ലോ.

സ്വഭാവത്തിൽ അവിടുന്നു് അതിഗംഭീരനായിരുന്നു. കൃത്യനിഷ്ഠ, ഭരണശക്തി തുടങ്ങിയുള്ള ഗുണങ്ങൾ അദ്ദേഹത്തിനു് അസാമാന്യമായി ഉണ്ടായിരുന്നു. ഇത്ര ഗുണവാനും, പണ്ഡിതനും, സഹൃദയനുമായ ഒരു മഹാരാജാവു് വിദ്വാന്മാരായ മഹാരാജാക്കന്മാർ മാത്രം ഭരിക്കാ

റുള്ള തിരുവിതാംകൂറിൽപ്പോലും വേറെ ഇല്ലെന്നു അതിശ യോക്തിയുടെ സ്പർശംകൂടാതെ പറയാവുന്നതാണു്.

മഹാനായ അവിടുത്തെ അന്ത്യഘട്ടം റസിഡൻറുമായുള്ള സ്വരച്ചേർച്ചകേടുകൊണ്ടു് അത്ര സുഖപൂർണ്ണമായിരുന്നില്ല. റെസിഡൻറായിരുന്ന ജനറൽ കല്ലൻ സായിപ്പു്, അദ്ദേഹത്തിൻെറ ആശ്രിതനും തിരുവിതാംകൂർ സർവ്വീസിൽ ഡെപ്യൂട്ടി പേഷ്കാരായും, പേഷ്കാരായും ജോലി നോക്കിയ ആളും ആയ കൃഷ്ണറാവുവിൻെറ ഏഷണിമൂലം രാജ്യഭരണകാര്യങ്ങളിൽ അനാവശ്യമായി ഇടപെട്ടുതുടങ്ങി. സായിപ്പിൻെറ കൈയേററം തിരുമനസ്സിലേക്കു തീരെ രസമായില്ല. അവിടുന്നു് രാജ്യഭരണത്തിൽ നിന്നു മിക്കവാറും വിരമിച്ചു് ഈശ്വരഭജനത്തിൽ ലയിച്ചു. ഇങ്ങനെ ഇരിക്കെ ൧൦൫൮-ാമാണ്ടു് തിരുമനസ്സിലെ പിതാവു് അവിചാരിതമായി ദേഹവിയോഗം ചെയ്തു. തിരുമനസ്സിലേയ്ക്കു് സകലകാര്യങ്ങളിലും ഉപദേശം കൊടുത്തും സഹായിച്ചും വന്ന പിതാവിൻെറ നഷ്ടം അവിടുത്തെ വല്ലാതെ ദുഃഖിപ്പിച്ചു. ഇതിൻെറ എല്ലാം ഫലമായി അവിടുന്നു ൧൦൬൦-ാമാണ്ടു് ധനുമാസം ൧൭-ാംനു നാടുനീങ്ങി.

൪. ശ്രീമൂലംതിരുനാൾ രാമവർമ്മ മഹാരാജാവു്

[൧൦൬൦—൧൧൦൧]

യശശ്ശരീരനായ രാജർഷി ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിൽ നിന്നുമാണു് പരിഷ്കൃതമായ ഇന്നത്തെ തിരുവിതാംകൂറിൻെറ ജനയിതാവെന്നു് സംശയംകൂടാതെ പറയാവുന്നതാണു്. തിരുമനസ്സിലെ ഭരണ

കാലമായ മുപ്പത്തൊൻപതു വർഷത്തിനിടയ്ക്കു തിരുവിതാം കൂറിനു വന്നിട്ടുള്ള ബഹുമുഖമായ മാററം ഓർത്താൽ അതായിരുന്നു നമ്മുടെ രാജ്യത്തിന്റെ സുവർണ്ണകാലമെന്നു നിസ്സംശയം പറയാം. ധർമ്മരാജ്യത്തെ നാട്ടുരാജ്യങ്ങളുടെയെല്ലാം മുന്നണിയിൽ കൊണ്ടുവരത്തക്കവണ്ണം ഊർജ്ജസ്വലവും, പാശ്ചാത്യസംസ്കാരാനുകൂലവുമായിരുന്ന തിരുമനസ്സിലെ ഭരണപാടവം ഹേതുവായി നമ്മുടെ നാട്ടിന്റെ പേർ പാശ്ചാത്യദേശങ്ങളിലും നല്ലപോലെ പുകഴാന്നു.

തിരുമനസ്സിലെ മാതാവു് ആയില്യം തിരുനാൾ, വിശാഖം തിരുനാൾ എന്ന രണ്ടു മഹാരാജാക്കന്മാരുടേയും ഏക സഹോദരിയായ ലക്ഷ്മീഭായി തമ്പുരാട്ടിയും, പിതാവു് ചങ്ങനാശ്ശേരി രാജരാജവർമ്മ കോയിത്തമ്പുരാനും ആയിരുന്നു. ബാല്യത്തിൽത്തന്നെ അച്ഛനും അമ്മയും മരിച്ചു. മററു പല അടുത്ത ബന്ധുക്കളുടെ വിയോഗദുഃഖവും അദ്ദേഹത്തിനു ചെറുപ്പത്തിൽ അനുഭവിക്കേണ്ടി വന്നു. എന്നാൽ, അതെല്ലാം രാജോചിതമായ ധീരതയോടും ക്ഷമയോടും സഹിക്കാൻ അവിടുത്തേയ്ക്കു നല്ല കെല്പ് ഉണ്ടായിരുന്നു.

അമ്മാവൻ തിരുമനസ്സിലെ പ്രത്യേകമായ അന്വേഷണത്തിലായിരുന്നു അവിടുത്തെ വിദ്യാഭ്യാസം നടന്നതു്. അസാമാന്യമായ ബുദ്ധിവൈഭവം ഉണ്ടായിരുന്നതുകൊണ്ടു് തിരുമനസ്സിലേയ്ക്കു പാഠങ്ങളൊന്നും തീരെ പ്രയാസമായി തോന്നിയിരുന്നില്ല. അവിടുന്നു വേഗംതന്നെ ഇംഗ്ലീഷിലും സംസ്കൃതത്തിലും വേണ്ട പരിജ്ഞാനം സമ്പാദിച്ചു. അവിടുത്തെ ഗുരുനാഥന്മാരായ അണ്ണാജിരാവുവും, രഘുനാഥറാവുവും തിരുമനസ്സിലെ നിശിതമായ ബുദ്ധിയേയും, സൗജന്യമസൃണമായ സ്വഭാവസംസ്കാരത്തേയും വളരെ പ്രശംസിച്ചിട്ടുണ്ടു്.

തിരുമനസ്സിൽനിന്നു കൊ-വ-൧൦൩൧-ാമാണ്ടു് സിംഹാസനാരോഹണം ചെയ്തു. രാജ്യഭാരത്തിന്റെ പ്രാരംഭത്തിൽത്തന്നെ കരക്കുടിശിഖയിൽ മൂന്നുലക്ഷംരൂപാ ഇളവുചെയ്തു കൊടുക്കുകയും, അമ്പലങ്ങളുടെ ജീർണ്ണോദ്ധാരണം ചെയ്യുന്നതിനും വഴിക്കിണറുകൾ വെട്ടുന്നതിനുമായി അഞ്ചേമുക്കാൽ ൧൫൦൦-രൂപാവീതം ചെലവാക്കാൻ കല്പിച്ചു് അനുവദിക്കയും ചെയ്തു. ഈ ഉത്തരവുകൾ പ്രജകൾക്കു് എത്രമാത്രം ആശ്വാസകരമായിരുന്നെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. അടുത്തതായി ൧൦൩൨-ൽ അവിടുന്നു കണ്ടെഴുത്തുസംബന്ധമായും വിരുത്തിനിലങ്ങളെപ്പറ്റിയും രണ്ടു വിളംബരങ്ങൾ പ്രസിദ്ധപ്പെടുത്തി. ഇതും ജനങ്ങൾക്കു വളരെ ഗുണപ്രദമായിരുന്നു. വിശാഖം തിരുനാളിന്റെ കാലത്തായിരുന്നു ആദ്യമായി ഇവിടെ ഒരു സർവ്വേ ആരംഭിച്ചതു്. വിശാഖം തിരുനാളിന്റെ കാലത്തും ശ്രീമൂലംതിരുനാളിന്റെ ഭരണാരംഭത്തിലും ദിവാൻജിയായിരുന്ന രാമയ്യങ്കാരുടെ നേതൃത്വത്തിലായിരുന്നു സർവ്വേനടന്നതു്. അന്നുവരെ ഭൂസ്വത്തു സംബന്ധമായി ശരിയായ ക്ണക്കോ കണക്കോ ഇല്ലായിരുന്നു. അതിൽനിന്നുള്ള കുഴപ്പങ്ങളും അനവധി ആയിരുന്നു. ലാൻഡുറവന്യൂസെററിൽമെൻറു് കൊണ്ടു വേണ്ട വ്യവസ്ഥ ചെയ്തതോടുകൂടി കൃഷിക്കാരുടേയും ഭൂസ്വത്തുടമസ്ഥന്മാരുടേയും അവകാശങ്ങൾ സുരക്ഷിതങ്ങളായി. ഭൂമിയിൽനിന്നുമുള്ള ആദായം അടിസ്ഥാനമാക്കി ഭൂമിയെ പലതരങ്ങളായി വിഭജിച്ചു് ഓരോന്നിനും കരവും ക്ണപ്തമായി ഏർപ്പെടുത്തി. പിന്നീടും കർഷകന്മാരുടെ രക്ഷയ്ക്കായി തിരുമനസ്സിൽനിന്നും പല കാര്യങ്ങളും ചെയ്തിട്ടുണ്ടു്. കർഷകരാജ്യമായ നമ്മുടെ നാട്ടിൽ കൃഷിക്കാരുടെ അഭിവൃദ്ധിയെ ആണു് സർവ്വോപരി ഗണിക്കേണ്ടതെന്നു തിരുമനസ്സിൽനിന്നു ഗാഢമായി ധരിച്ചിരുന്നു.

൧൦൬൨-ൽ രാമയ്യങ്കാർ ദിവാൻപദം രാജിവച്ചൊഴിഞ്ഞു. പകരം അന്നു് ഇവിടെ ദിവാൻപേഷ്കാരായിരുന്ന രാമറാവുവിനെ ദിവാൻജിയായി നിയമിച്ചു. ആ ദിവാൻജിയുടെ ഭരണാരംഭത്തിലായിരുന്നു ഗുണവതിയായ വിക്ടോറിയാ ചക്രവർത്തിനിയുടെ ജൂബിലി ആഘോഷം നടത്തിയതു്. ആ മഹോത്സവത്തിന്റെ സ്മാരകമായി തിരുവനന്തപുരത്തു് ജൂബിലിടൗൺഹാളും, കൊല്ലത്തു വിക്ടോറിയാ ജൂബിലി ആശുപത്രിയും സ്ഥാപിച്ചു. അക്കാലത്തു് തിരുവനന്തപുരത്തു് ഉണ്ടായ മറ്റൊരു സ്ഥാപനം പാളയത്തിലുള്ള 'കണ്ണിമാറാ മാർക്കറ്റ്' ആണു്. മദ്രാസ് ഗവർണ്ണരായിരുന്ന കണ്ണിമാറാപ്രഭു ൧൦൬൫-ൽ തിരുവിതാംകൂർ സന്ദർശിച്ചതിന്റെ സ്മാരകമായാണു് ഈ ചന്ത സ്ഥാപിച്ചതു്.

൧൦൬൩-ൽ തിരുമനസ്സിൽനിന്നു ബോംബെയിലും അതുവഴി മദ്രാസിലും എഴുന്നള്ളിയിട്ടു തിരിച്ചുവന്നശേഷം ചക്രവർത്തിനി തിരുമനസ്സിൽനിന്നു നൽകിയ കെ. ജി. സി. എസ്സ്. എന്ന ഉത്കൃഷ്ടബിരുദം സ്വീകരിക്കാനായി വീണ്ടും ൧൦൬൪-ൽ മദ്രാസിലേക്കു് എഴുന്നള്ളേണ്ടി വന്നു. ആ വർഷത്തിൽ അഭൂതപൂർവമായ ഒരു ഭാഗ്യം തിരുവിതാംകൂറിനു സിദ്ധിച്ചു. പ്രിൻസ് ആൽബർട്ട് തിരുമനസ്സുകൊണ്ടു് തിരുവിതാംകൂർ സന്ദർശിച്ചു. മഹാരാജാവു് ഉചിതമായവിധത്തിൽ ആ വന്ദ്യാതിഥിയെ സൽക്കരിച്ചു.

ഭരണസംബന്ധമായി അതിപ്രധാനമായ ഒരു പരിഷ്കാരം തിരുമനസ്സിൽനിന്നു നടപ്പിൽ വരുത്തി. ഭരണകാര്യത്തിൽ പ്രജകൾക്കുംകൂടി ഒരു പങ്കു കൊടുക്കണമെന്നു് അവിടത്തേയ്ക്കു് തോന്നിയ കാരുണ്യത്തിന്റെ ഫലമാണു് നിയമനിർമ്മാണസഭ. ആദിഘട്ടങ്ങളിൽ ഈ സഭയിൽ

എട്ട് അംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏതുകാര്യത്തിലും തിരുമനസ്സിലേക്ക പരമാധികാരം ഉണ്ടായിരുന്നു. എങ്കിലും, രാജ്യത്തിനു വേണ്ട നിയമങ്ങൾ ഈ സഭ നിശ്ചയിക്കണമെന്നായിരുന്നു തിരുമനസ്സിലെ അഭിലാഷം. ഇത്ര സൗജന്യബുദ്ധിയും പ്രജാക്ഷേമതത്പരതയും ഒരു രാജാവിനു് ഉണ്ടാവുക സാധാരണമല്ല. പ്രജകൾക്കും ഭരണകാര്യത്തിൽ അധികാരം കൊടുക്കണമെന്നുള്ള തത്വം അവിടുന്നാണു് നാട്ടുരാജാക്കന്മാരിൽ ആദ്യമായി കൈക്കൊണ്ടതെന്നുള്ളതു സ്മർത്തവ്യമാണു്. നിയമനിർമ്മാണസഭപോലെ തന്നെയുള്ള വേറൊരു സ്ഥാപനവും കുറേക്കഴിഞ്ഞു് ഏർപ്പെടുത്തി. 'ശ്രീമൂലംപ്രജാസഭ' എന്ന ഈ സമിതികൊണ്ടു പ്രജകൾക്കു സങ്കടനിവേദനത്തിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കയാണു് ചെയ്തതു്.

തിരുമനസ്സിലെ ദീർഘവും ശോഭനവുമായ ഭരണകാലത്തിൽ മററു് അനവധിപരിഷ്കാരങ്ങളും നാട്ടിൽ നടപ്പായിട്ടുണ്ടു്. രീതിവച്ചുനടക്കലുകളുടെ കച്ചവടത്തിൽ ശരിയായ നിയമങ്ങൾ ഉണ്ടാക്കി. നെൽക്കരം നിറുത്തൽ ചെയ്തിട്ടു് അതിനുപകരം ഭൂമിക്കു് ഇത്ര പണം കരമെന്നു കണ്ടെപ്പെടുത്തി. നാട്ടുവൈദ്യത്തിനു തിരുമേനി വേണ്ട പ്രോത്സാഹനം നൽകി; ഒരു ആയുർവേദകലാശാലയും, അതുപോലെതന്നെ ഒരു സംസ്കൃതകലാശാലയും തിരുമനസ്സിലേ കാലത്താണു് ആദ്യമായി ഗവമ്മെൻറു സ്ഥാപനങ്ങളായി ഉണ്ടായതു്. വ്യവസായാഭിവൃദ്ധിക്കായി, അവിടുന്നു കരകൗശലശാലകൾ സ്ഥാപിച്ചു നടത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തു. പോലീസുസ്റ്റേഷൻ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിച്ചു. നീതിപരിപാലനം കണിശമായി നടത്തുന്നതിനു് അവിടുന്നു വേണ്ടപോലെ ശ്രദ്ധിച്ചു.

വിദ്യാഭ്യാസത്തിനു് അവിടുത്തെ കാലത്തു സിദ്ധിച്ചിട്ടുള്ള പ്രോത്സാഹനം അസാമാന്യമായിരുന്നു. പൌരസ്ത്യവും പാശ്ചാത്യവുമായ സംസ്കാരങ്ങളോടു തിരുമനസ്സിലേക്കു തുല്യമായ പ്രതിപത്തി ഉണ്ടായിരുന്നു. എത്രയോ ഇംഗ്ലീഷു്ഹൈസ്കൂളുകളും, മലയാളം പള്ളിക്കൂടങ്ങളും അവിടുത്തെ കാലത്തു നാട്ടിൽ ഉണ്ടായി. 'സയൻസുകാളേജും' 'ആർട്ട്സ്കാളേജും' രണ്ടായി വിഭജിച്ചതും, 'ലാകാളേജ്' പ്രത്യേകം സ്ഥാപിച്ചതും, സ്ത്രീകൾക്കു് ഉപരിവിദ്യാഭ്യാസത്തിനായി ഒരു കാളേജ് ഉണ്ടാക്കിയതും തിരുമനസ്സിലെ കാലത്താണു്. അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിനുള്ള സ്കൂളുകളും അവിടുത്തെ കാലത്തു് ഉണ്ടായി. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ പലപ്രകാരത്തിലും പരിഷ്കരിച്ചു. പള്ളിക്കൂടം പരിശോധിക്കുന്നതിനു പ്രത്യേകം ഇൻസ്പെക്ടരന്മാരേയും, ഒരു വിദ്യാഭ്യാസസെക്രട്ടറിയേയും, പിന്നീടു വിദ്യാഭ്യാസഡയറക്ടരേയും നിയമിച്ചതും, നാട്ടുഭാഷാഭ്യസനത്തിനും, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും പ്രത്യേകം പട്ടങ്ങളും പരീക്ഷകളും ഏർപ്പെടുത്തിയതും തിരുമനസ്സിലെ കാലത്താണു്. പ്രാഥമികവിദ്യാഭ്യാസം സൌജന്യമായി ചെയ്വാൻ വേണ്ട ഏർപ്പാടു ചെയ്തു. ചുരുക്കത്തിൽ തിരുവിതാംകൂറിൽ ഇന്നുള്ള വിദ്യാഭ്യാസത്തിന്റെ അത്യുത്കൃഷ്ടമായ മേന്മയ്ക്കു കാരണം തിരുമനസ്സിലെ മനഃപൂർവമായ പ്രോത്സാഹനമാണെന്നു നിസ്സംശയം പറയാം.

തിരുമനസ്സിലെ ദൃഷ്ടി ചെല്ലാത്തതായി ഒരു ഡിപ്പാർട്ടുമെൻറും ഉണ്ടായിരുന്നില്ല. ക്ഷയിച്ചിരുന്ന കൃഷിയെ ശാസ്ത്രീയമായി പ്രോത്സാഹിപ്പിക്കാൻ ഒരു കൃഷിപാഠശാലയും, കൃഷിത്തോട്ടവും സ്ഥാപിച്ചു. ഇതു കൃഷി ഡിപ്പാർട്ടുമെൻറായി പരിണമിച്ചു. കൃഷിക്കു് ഉപയോഗമുള്ള പല അണകളും നിർമ്മിച്ചു. കോതയാററിൽ ഇക്കൂട്ടത്തിൽ ഒരു

പ്രസിദ്ധമാണ്. നഗരശുചീകരണക്കമ്മററിയും സാനിട്ടറിഡിപ്പാർട്ടുമെൻറും ഏർപ്പെടുത്തി. പട്ടാളത്തെ പരിഷ്കരിച്ചു നവീനയുദ്ധമുറകൾ ശീലിപ്പിക്കാൻ ഏർപ്പാടുചെയ്തു. അഞ്ചലാഫീസു മുഖാന്തരം മണിയാർഡർ അയയ്ക്കാനുള്ള സൌകര്യം ഉണ്ടാക്കി. പഴയ വെള്ളിച്ചക്രം നിറുത്തിയിട്ട് പുതിയ ചെമ്പുതുട്ടുകൾ അടിച്ചു പ്രചരിപ്പിച്ചു. തിരുനൽവേലിതൊട്ടു തിരുവനന്തപുരംവരെ റെയിൽവേ സ്ഥാപിച്ചു സഞ്ചാരസൌകര്യം വളരെ വർദ്ധിപ്പിച്ചു. ആദായനികുതി ഏർപ്പെടുത്തി മുതലെടുപ്പു വർദ്ധിപ്പിക്കയും, ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടുകയും ചെയ്തു. ദേവസ്വം ഡിപ്പാർട്ടുമെൻറിനെ റവന്യൂവിൽനിന്നു തിരിച്ച്, റവന്യൂവിൽ അവർണ്ണർക്കും അഹിന്ദുക്കൾക്കും പ്രവേശനം അനുവദിച്ചു.

ഇങ്ങനെ ഇന്നു നമുക്കു മുഖ്യമായി തീർന്നിട്ടുള്ള പല കാര്യങ്ങളും തിരുമേനിയുടെ കാലത്താണ് ഉണ്ടായിട്ടുള്ളതെന്നു കൃതജ്ഞതാപൂർവം സമ്മതിക്കണം. രാജ്യത്തിലെ മുതലെടുപ്പു വളരെ വർദ്ധിപ്പിക്കാനും, നാട്ടിൽ ക്ഷേമവും ഐശ്വര്യവും കൂട്ടാനും പാശ്ചാത്യരീതിയിലുള്ള സുഖസൗകര്യങ്ങൾ ഉണ്ടാക്കാനും അവിടുന്നു സദാ ജാഗരൂകനായിരുന്നു.

തിരുമനസ്സിലെ ഭരണവിജയത്തിൻെറ പ്രധാനമായ രഹസ്യം അവിടുത്തെ ആശയവിശാലതയും, പ്രജാക്ഷേമദീക്ഷയും, കൃത്യനിഷ്ഠയും, സംസ്കാരൌന്നത്യവും, രാജ്യകാര്യങ്ങളിൽ ഉള്ള ദീർഘദർശനവുമായിരുന്നു. സമർത്ഥന്മാരായ ദിവാൻജിമാരെ നിയമിക്കുന്നതിലും അവിടുത്തേക്കു പ്രത്യേകം ശ്രദ്ധ ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ കാലത്തു് തുടർച്ചയായി എട്ടു ദിവാൻജിമാർ രാജ്യകാര്യം വഹിച്ചിരുന്നു. ഇവരിൽ മിക്കവരും തിരുവിതാംകൂറിനു വെളിക്കും വലിയ രാജ്യതന്ത്രജ്ഞന്മാരായി പേരെ

ട്ടത്തിട്ടുള്ളവരാണ്. രാമയ്യങ്കാരെപ്പററിയും, രാമറാവുവിനെപ്പററിയും മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞല്ലോ. രാമറാവുവിനെ തുടൎന്നു ശങ്കരസുബ്ബയ്യരും, പിന്നീട് കൃഷ്ണസ്വാമിരായരും, വി. പി. മാധവറാവു, എസ്സ്. രാജഗോപാലാചാരി, സർ. പി. രാജഗോപാലാചാരി ഇവരും മന്ത്രിമാരായിരുന്നു. ശങ്കരസുബ്ബയ്യർ തിരുവിതാംകൂറിൽ പല താണ ഉദ്യോഗങ്ങളിലും ഇരുന്ന ആളായിരുന്നു. ആ പരിചയം അദ്ദേഹത്തിനു വളരെ സഹായമായി. കൃഷ്ണസ്വാമിരായർ ഇവിടത്തെ ഹൈക്കോടതി ജഡ്ജി ആയിരുന്നു. വി. പി. മാധവറാവുവിനെ 'ശ്രീമൂലംപ്രജാസഭയുടെ' ജനയിതാവെന്ന നിലയിലാണ് ഇന്നു നാം സ്മരിക്കുന്നതു്. ഇവിടെ വരുന്നതിനു മുമ്പു് അദ്ദേഹം മൈസൂറിൽ റവന്യൂകമ്മീഷണരായിരുന്നു. സർ. പി. രാജഗോപാലാചാരി ഇവിടെ വരുന്നതിനു മുമ്പ് കൊച്ചിയിൽ ദിവാനായിരുന്നു. വിദ്യാഭ്യാസസംബന്ധമായി രാജഗോപാലാചാരിയുടെ സേവനം സ്മൎത്ത്യവ്യമാണ്. അദ്ദേഹത്തിൻെറ അനന്തരഗാമി കൃഷ്ണൻനായർ അവർകൾ ആയിരുന്നു. അദ്ദേഹം ഇവിടത്തെ ഹൈക്കോടതിയിൽ ഒന്നാംജഡ്ജി ആയിരുന്ന ആളാണ്. തിരുമനസ്സിലെ ഒരണ്ടത്തിൻെറ അന്ത്യഘട്ടത്തിൽ ദിവാൻജി ആയിരുന്നതു് രാഘവയ്യാ ആയിരുന്നു. നിയമനിൎമ്മാണസഭ പരിഷ്കരിച്ചു് അംഗങ്ങളെ കൂട്ടിയതും, കൗൺസിലിൻെറ അധികാരം വിപുലമാക്കിയതും, സ്ത്രീകൾക്കു വോട്ടവകാശം കൊടുത്തതും ഇദ്ദേഹത്തിൻെറ ഉപദേശപ്രകാരമായിരുന്നു.

തിരുമനസ്സിലെ കാലത്തു് അതിപ്രധാനങ്ങളായ പല സംഭവങ്ങളും നടന്നിട്ടുണ്ട്. ചക്രവൎത്തിനി തിരുമനസ്സിലെ രജതജൂബിലിയും, വജ്രജൂബിലിയും കേമമായി ആഘോഷിക്കാൻ അവിടുത്തേയ്ക്കു സാധിച്ചു. ൧൦൭൯-ൽ

എഡ്വേഡ് ഏഴാമന്റെ കിരീടധാരണമഹോത്സവത്തിൽ പങ്കുകൊള്ളാൻ അവിടുത്തേക്കു ഭാഗ്യം സിദ്ധിച്ചു. ചക്രവർത്തിക്ക് നമ്മുടെ പൊന്നുതമ്പുരാനോടു പ്രത്യേകം പ്രീതിബഹുമാനങ്ങൾ ഉണ്ടായി എന്നും, തൽഫലമായി ജി. സി. ഐ. ഐ. എന്ന ഉന്നതബിരുദം സമ്മാനിച്ചു എന്നും ഉള്ളതു പ്രത്യേകം പ്രസ്താവാർഹമാണ്. ഇതിനു മുമ്പുതന്നെ തിരുവിതാംകൂറിലേക്കുള്ള ആചാരവെടികളുടെ സംഖ്യ പത്തൊമ്പതിൽ നിന്ന് ഇരുപത്തൊന്നായി കൂട്ടിയിരുന്നെന്നുള്ളതും ഓർമ്മിക്കേണ്ടതാണ്. തിരുമനസ്സിലേക്ക് പല വിശിഷ്ടാതിഥികളെ സൽകരിക്കാനും, പല പുണ്യസ്ഥലങ്ങൾ ദർശിക്കാനും ഭാഗ്യം സിദ്ധിച്ചിരുന്നു. തിരുവിതാംകൂറിൽ വന്ന് അവിടുത്തെ ആതിഥ്യം സ്വീകരിച്ചവരിൽ പ്രധാനികൾ, പ്രിൻസ് ആൽബെർട്ടും വൈസ്രായി കഴ്സൺപ്രഭുവും അദ്ദേഹത്തിന്റെ പ്രഭ്വിയും ആയിരുന്നു.

ഇത്ര മഹനീയമായ ഭരണംകൊണ്ട് നമ്മുടെ രാജ്യത്തെ അനുഗ്രഹിച്ച ഈ മഹാനെ ഒരു രാജർഷിയെന്നു ഗണിക്കുന്നതിൽ തെല്ലും അത്ഭുതമില്ല. അവിടുത്തെ ജീവിതരീതി വളരെ ലളിതവും ആഡംബരരഹിതവുമായിരുന്നു. അവിടുന്നു പ്രജകളുടെ ആരാധനാമൂർത്തി ആയിരുന്നു. രാജകുടുംബത്തിൽ അംഗങ്ങളില്ലാതിരുന്നതുകൊണ്ട് അവിടുന്നു മാവേലിക്കര രാജകുടുംബത്തിൽനിന്നു രണ്ടു തമ്പുരാട്ടിമാരെ ദത്തെടുത്തു. ഇവരിൽ മൂത്തതമ്പുരാട്ടിയായ സേതുലക്ഷ്മീഭായി തിരുമനസ്സിൽനിന്നും മഹാരാജാവു നാടുനീങ്ങിയതിൽപിന്നെ, രാജ്യാവകാശിയായ ചിത്തിരതിരുനാൾ മഹാരാജാവിനു പ്രായപൂർത്തിവരാഞ്ഞതുകൊണ്ട് റീജൻറായിരുന്ന് അതിശോഭനമായി തിരുവിതാംകൂറിനെ സേവിച്ചു. രണ്ടാമത്തെ തമ്പുരാട്ടിയാണ് ഇന്നത്തെ നമ്മുടെ പ്രത്യക്ഷദൈവതമായ ശ്രീചിത്തിര

തിരുനാൾ തമ്പുരാൻെറ അമ്മ, റാണി പാൎവ്വതിഭായി തിരുമനസ്സുകൊണ്ടു്.

അവിടുത്തേക്കു ബ്രിട്ടീഷ്ഗവമ്മെൻറിൽ നിന്നും അനവധി സ്ഥാനമാനങ്ങൾ കൊടുത്തിട്ടുണ്ടു്. ഇതെല്ലാം തിരുമനസ്സിലെ യോഗ്യതയെയും മഹത്വത്തെയും പ്രസ്പഷ്ടമാക്കുന്നു. തിരുമനസ്സിൽനിന്നു കൊ. വ. ൧൦൪൦-ാമാണ്ടു നാടുനീങ്ങി. അവിടുത്തെ യശസ്സു് നീണാൾ വിലസട്ടെ.

II. മഹാന്മാരായ നാലു മന്ത്രിമാർ.

൧. രാമയ്യൻ ദളവ.

മഹാന്മാരായ രാജാക്കന്മാരെന്നപോലെ ഭരണനിപുണന്മാരും അതിധീരന്മാരുമായ പല മന്ത്രിമാരും നമുക്കു് ഉണ്ടായിട്ടുണ്ടു്. മാൎത്താണ്ഡവൎമ്മമഹാരാജാവിനെ രാജ്യസ്ഥാപനവിഷയത്തിലും, ഭരണവിഷയത്തിലും ശ്ലാഘ്യമായി സേവിച്ച രാമയ്യൻ ദളവാ കാലംകൊണ്ടും മഹത്വംകൊണ്ടും ഇവരിൽ പ്രഥമഗണനീയനാണു്. ഉത്തമന്മാരായ മന്ത്രിമാൎക്കു രാജാക്കന്മാരെ എത്രമാത്രം സഹായിക്കാൻ കഴിയുമെന്നും, രാജ്യഭരണത്തെ എത്രകണ്ടു് ശോഭനമാക്കാൻ കഴിയുമെന്നും രാമയ്യൻെറ ചരിത്രം നന്നായി തെളിയിക്കുന്നതാണു്.

രാമയ്യൻ തിരുനെൽവേലി ജില്ലയിൽ ഏൎവാടി ദേശത്തുള്ള ഒരു ദരിദ്രകുടുംബത്തിലായിരുന്നു ജനിച്ചതു്. നിത്യവൃത്തിക്കുതന്നെ വേണ്ട മാൎഗ്ഗം ഇല്ലാതിരുന്ന ആ കുടുംബം രാമയ്യൻെറ വിദ്യാഭ്യാസത്തിൽ ശ്രദ്ധിച്ചില്ലെന്നു കാണുന്നതിൽ അത്ഭുതപ്പെടാനില്ല. ചെറുപ്പത്തിൽതന്നെ

രാമയ്യൻ അച്ഛനമൊത്തു തിരുവിതാംകൂറിൽ അരുവിക്കര എന്ന സ്ഥലത്തു വന്നു താമസിച്ചിരുന്നു. രാമയ്യൻ സ്വതേ ബുദ്ധിമാനായിരുന്നതിനാൽ സ്വന്തം ഉത്സാഹംകൊണ്ടു് എഴുതാനും വായിക്കാനും അഭ്യസിച്ചു.

രാമയ്യന്റെ ഇരുപതാമത്തെ വയസ്സിൽ അച്ഛനും അമ്മയും മരിച്ചു. അതിൽപിന്നെ അരുവിക്കര താമസിക്കേണ്ട കാര്യമില്ലായിരുന്നു. ജീവിതമാർഗ്ഗം അന്വേഷിച്ചു തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ടു. അവിടെ ചെന്നു് അത്തിയറപ്പോററി എന്ന ജന്മിയുടെ കുട്ടിപ്പട്ടരായി താമസം തുടങ്ങി. അങ്ങനെ താമസിക്കുമ്പോഴുണ്ടായ ഒരു നിസ്സാരസംഭവമാണു് രാമയ്യന്റെ ഭാവിമഹത്വത്തിനു് അടിസ്ഥാനം ഇട്ടതു്. ഒരു ദിവസം യുവരാജാവായിരുന്ന മാർത്താണ്ഡവർമ്മതമ്പുരാൻ പോററിയുടെ ആതിഥ്യം സ്വീകരിച്ചു് അവിടെ അത്താഴം അമൃതേത്തിനു് എഴുന്നള്ളി. തിരുമനസ്സിൽനിന്നും അമൃതേത്തു കഴിച്ചുകൊണ്ടിരിക്കുമ്പോൾ വിളക്ക മങ്ങിയെരിയുന്നതു് അടുത്തു നിന്നിരുന്ന രാമയ്യൻ സൂക്ഷിച്ചു. കൈയിൽ കിടന്ന മോതിരം ഊരി വിളക്കിന്റെ തിരി നീട്ടിയ ശേഷം മോതിരം വീണ്ടും കഴുകി വിരലിൽ അണിഞ്ഞു. ഇതൊരു നിസ്സാരസംഭവമായിരുന്നെങ്കിലും ബുദ്ധിമാനായ യുവരാജാവു തിരുമനസ്സിലേയ്ക്കു രാമയ്യന്റെ ഔചിത്യത്തിൽ വളരെ ബഹുമാനം തോന്നി. അമൃതേത്തു കഴിച്ചു് തിരിച്ചു പോകുമ്പോൾ തിരുമനസ്സിൽനിന്നു പോററിയുടെ അനുമതിയോടുകൂടി രാമയ്യനെക്കൂടെ കൊണ്ടുപോയി. അന്നുതൊട്ടു മരണംവരെ രാമയ്യൻ തമ്പുരാനെ വിശ്വാസപൂർവ്വം സേവിക്കയും ബുദ്ധിപൂർവ്വം സഹായിക്കയും ചെയ്തു. തമ്പുരാനോടു് പരിചയമായതിനുശേഷം രാമയ്യൻ അയുധാഭ്യാസത്തിൽ വേണ്ട നൈപുണ്യം സമ്പാദിക്കയും ചെയ്തു.

മാർത്താണ്ഡവമ്മ യുവരാജാവായിരുന്നപ്പോൾ അവിടുത്തെ ഗൃഢസഞ്ചാരങ്ങളിൽ രാമയ്യൻ പലപ്പോഴും അനുഗമിക്കാറുണ്ടായിരുന്നു. മാർത്താണ്ഡവമ്മമഹാരാജാവിന്റെ ജീവചരിത്രത്തിൽ, അവിടുത്തെ ഒരിക്കൽ ഒരു ശാന്തിക്കാരൻപോററി രക്ഷിച്ച കഥ പറഞ്ഞിട്ടുണ്ടല്ലോ. അന്നു തിരുമനസ്സിലേക്കൂടെ രാമയ്യനും ഉണ്ടായിരുന്നു. തിരുമേനി ശാന്തിക്കാരൻ പോററിയുടെ രൂപത്തിൽ വെളിക്ക പോന്നപ്പോൾ രാമയ്യൻ ക്ഷേത്രത്തിൽ നിന്നു വെളിക്ക ചാടി, ഊരിയ വാളുമായി ശത്രുക്കളെ എതിർത്തു തോല്പിച്ചിട്ട് അവിടെനിന്നു രക്ഷപ്പെട്ടു എന്നാണു കഥ.

മാർത്താണ്ഡവമ്മ തിരുമൂപ്പ് ഏററപ്പോൾ രാമയ്യനെ കൊട്ടാരം രായസം ഉദ്യോഗത്തിൽ നിയമിച്ചു. ഈ ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ തിരുമനസ്സിലെ സവിശേഷമായ ബഹുമാനം അർഹിക്കത്തക്ക ഒരു കാര്യം ചെയ്യാൻ രാമയ്യനു സൗകര്യം ലഭിച്ചു. ഒരിക്കൽ തിരുമനസ്സിൽനിന്നു കർണ്ണാട്ടിക്ക നവാബിന്റെ ഒരു എഴുത്തിനു മറുപടി സ്വന്തമായി തയാറാക്കി തന്നത്താൻ ഉറക്കെ വായിച്ചുകൊണ്ടിരിക്കയായിരുന്നു. അടുത്തു് ഇതു കേട്ടുകൊണ്ടു നിന്ന രാമയ്യൻ എഴുത്തിലുള്ള ചില ന്യൂനതകളെ വിനയപൂർവം ചൂണ്ടിക്കാണിച്ചു. രാമയ്യൻ പറഞ്ഞ കുററം തിരുമനസ്സിലേക്ക ന്യായമെന്നുതോന്നി, രാമയ്യൻ തന്നെ മറുപടി തയാറാക്കിക്കൊണ്ടു വരണമെന്നു തിരുമനസ്സിൽ നിന്നു കല്പിച്ചു. അദ്ദേഹം തയാറാക്കിയ മറുപടി മഹാരാജാവിനു വളരെ സമ്മതമായി. അന്നുതൊട്ടു തിരുമനസ്സിൽ നിന്നു് ഏതു കാര്യവും രാമയ്യനോട്ട് ആലോചിച്ചുതുടങ്ങി. രാമയ്യനാകട്ടെ, സ്വാമിഭക്തിയിലും രാജ്യസ്നേഹത്തിലും അദ്വിതീയനായിരുന്നതാനം. സ്വന്തം കുടുംബകാര്യങ്ങളിൽ പോലും അശേഷം ശ്രദ്ധ പതിപ്പിക്കാതെ അദ്ദേഹം തിരുമനസ്സിലെ അനുഗ്രഹം മാത്രം പ്രതീക്ഷിച്ചുകൊണ്ടു് അവിടുത്തെ ശ്രേയസ്സിനായി സദാ പ്രവൎത്തിച്ചുകൊണ്ടിരുന്നു.

രാമയ്യൻ നല്ല യോദ്ധാവും കൂടി ആയിരുന്നു. അനവധി യുദ്ധങ്ങളിൽ സൈന്യങ്ങളെ നയിച്ച് തിരുവിതാംകൂറിലേക്ക വലിയ വിജയങ്ങൾ ഇദ്ദേഹം സമ്പാദിച്ചിട്ടുണ്ടെന്നുള്ളതു സ്മരണീയമാണ്. കായംകുളവുമായുണ്ടായ യുദ്ധത്തിൽ തിരുവിതാംകൂർസേനയെ നയിച്ചതു് ഇദ്ദേഹം ആയിരുന്നു. ഇദ്ദേഹത്തിൻെറ സാമർത്ഥ്യംകൊണ്ടു തിരുവിതാംകൂറിലേക്ക ശ്ലാഘ്യമായ വിജയം സിദ്ധിച്ചു. കായംകുളം രാജാവു സന്ധിക്ക് അപേക്ഷിച്ചു. രാമയ്യൻ ഈ വിജയം കഴിഞ്ഞു തിരിച്ചു ചെന്നു മുഖം കാണിച്ചപ്പോൾ, മഹാരാജാവു് അദ്ദേഹത്തെ വളരെ അഭിനന്ദിച്ച് ഉടനേ ഉദ്യോഗക്കയററം കൊടുത്തു. പിന്നീട ദളവാ ഉദ്യോഗം ഒഴിവുവന്നപ്പോൾ ഉചിതജ്ഞനായ തിരുമനസ്സിൽ നിന്നു രാമയ്യനെത്തന്നെ അത്യുന്നതമായ ആ സ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു.

ദളവാ ആയതിൽ പിന്നീടും രാമയ്യൻ പല യുദ്ധങ്ങളിൽ സ്തുത്യർഹമായ വിജയം സമ്പാദിച്ചിട്ടുണ്ട്. കളച്ചൽ വച്ചു ഡച്ചുകാരെ തോല്പിച്ചു. ആരുവാമൊഴിയിൽ കൂടെ തിരുവിതാംകൂറിൽ പ്രവേശിച്ചു ശുചീന്ദ്രം ക്ഷേത്രം കൊള്ളയിട്ട മുസൽമാൻ പ്രമാണികളെ രാമയ്യൻ സമാധാനപ്പെടുത്തി അയച്ചു. അമ്പലപ്പുഴ പിടിച്ചടക്കാനും രാമയ്യൻ തന്നെയായിരുന്നു തിരുവിതാംകൂർ സൈന്യത്തെ നയിച്ചതു്. അമ്പലപ്പുഴയുമായുണ്ടായ യുദ്ധം അതിഭയങ്കരമായിരുന്നു. രാമയ്യൻെറയും ഡിലെനായിയുടേയും യുദ്ധസാമർത്ഥ്യംകൊണ്ടു് അതിലും തിരുവതാംകൂറിലേക്കുതന്നെ ജയം സിദ്ധിച്ചു. ഏറെത്താമസിയാതെ മഹാരാജാവിൻെറ ആജ്ഞപ്രകാരം ചങ്ങനാശ്ശേരി പിടിച്ചടക്കുന്നതിനും രാമയ്യനു സാധിച്ചു.

കൊച്ചീരാജാവിനെയും കോഴിക്കോട്ടു സാമൂതിരിയെയും തോല്പിച്ചതാണ് രാമയ്യൻെറ പിന്നെയുള്ള രണ്ടു

വിജയങ്ങൾ. കൊച്ചിയിലെ സൈന്യം തിരുവിതാംകൂർ അക്രമിക്കാനായി വള്ളം വഴി പുറക്കാട്ടു വന്നിറങ്ങി. മുൻകൂട്ടി വിവരം അറിഞ്ഞു രാമയ്യൻദളവാ കുതിരപ്പടയും കാലാൾപ്പടയും ശേഖരിച്ചു തയാറായി അവിടെ പാളയം അടിച്ചിരുന്നു. കൊച്ചി സൈന്യം വേഗത്തിൽ തോററോടി. അവരുടെ നായകനായ പാലിയത്തു മേനോനെ ദളവാ തടവിൽ പിടിച്ചു. ഈ വിജയംകൊണ്ടും തൃപ്തനാകാതെ ദളവാ കൊച്ചീരാജ്യം ആക്രമിച്ചു. രാമയ്യൻെറ ആക്രമണം തടയാൻ ശക്തിയില്ലാതെ കൊച്ചീരാജാവു തിരുവിതാംകൂർ മഹാരാജാവിനോടു ക്ഷമാപണം ചെയ്തു. മാർത്താണ്ഡവർമ്മ തിരുമനസ്സിൽനിന്നു ദളവായെ ഉടൻ തിരികെ വിളിച്ചു. എങ്കിലും കൊച്ചി പിടിച്ചടക്കാഞ്ഞതിലുള്ള കുണ്ഠിതം രാമയ്യനു മരണപര്യന്തം ഉണ്ടായിരുന്നു. അധികം താമസിയാതെ പുറക്കാട്ടുവച്ചുതന്നെ, കോഴിക്കോട്ടുസാമൂതിരി തിരുവിതാംകൂർ അക്രമിക്കാൻ അയച്ച സൈന്യത്തേയും രാമയ്യൻെറ നേതൃത്വത്തിൽ തിരുവിതാംകൂർ പട്ടാളം നിഷ്പ്രയാസം ജയിച്ചു.

യുദ്ധംചെയ്തു രാജ്യങ്ങൾ പിടിച്ചടക്കുന്നതിലും, ശത്രുക്കളെ നശിപ്പിക്കുന്നതിലും രാമയ്യനുണ്ടായിരുന്ന സാമർത്ഥ്യം ഇത്രയും കൊണ്ടു മനസ്സിലാക്കാവുന്നതാണല്ലോ. യുദ്ധം ചെയ്യുന്നതിനെന്നപോലെ തന്നെ രാജ്യരക്ഷ നിർവ്വ[illegible]ന്നതിലും ദളവാ ബദ്ധശ്രദ്ധനായിരുന്നു. [illegible] നീതിപരിപാലനത്തിലും, പിടിച്ചടക്കിയ [illegible] അനുരഞ്ജിപ്പിച്ചു തിരുവിതാംകൂറിനോടു [illegible] അന്യാദൃശമായ നൈപുണ്യം കാണിച്ചിട്ടുണ്ട്. [illegible] ജയിച്ചടക്കിയ പ്രദേശങ്ങളിൽ കലാപങ്ങൾ [illegible]ന്നതു സ്വാഭാവികമാണ്. അങ്ങനെ വന്നാൽ [illegible] അമർച്ചചെയ്തു രാജ്യരക്ഷ ചെയ്യാൻ രാജ്യത്തിൻെറ [illegible] ഭാഗങ്ങളിലും അദ്ദേഹം കോട്ടകൾ സ്ഥാപിച്ച് [illegible]

യിൽ പട്ടാളങ്ങളെ താമസിപ്പിച്ചു. രാജ്യത്തിൽ മുതലെട്ട
പ്പു കൂട്ടുന്നതിനായി പല ചട്ടങ്ങളും ഏൎപ്പെടുത്തി. അദ്ദേ
ഹം രാജ്യത്തിൽ ഗതാഗതസൌകൎയ്യം വൎദ്ധിപ്പിക്കുന്നതി
നായി റോഡുകളും തോടുകളും ഉണ്ടാക്കിച്ചു. വഴിയാത്ര
ക്കാരുടെ ആവശ്യം പ്രമാണിച്ചു് അദ്ദേഹം പല സത്ര
ങ്ങൾ പണിയിക്കയും, പൊതുജനോപകാരപ്രദങ്ങളായ
മററു പല കാൎയ്യങ്ങൾ നടത്തുകയും ചെയ്തു.

രാജ്യത്തിൻെറ മുതലെട്ടപ്പു കുറയ്ക്കുന്ന ഒന്നിലും രാമ
യ്യൻ അനുകൂലിച്ചിരുന്നില്ല. ഈ കാൎയ്യത്തെ ഉദാഹരിക്കുന്ന ഒരു
നേരംപോക്കു കഥ കേട്ടിട്ടുണ്ടു്. ഒരിക്കൽ തിരുമന
സ്സിൽ നിന്നു ദളവായുമായി കോന്നിയിലേക്കു് എഴുന്നള്ളി.
അവിടത്തുകാർ കരം കുറച്ചുകിട്ടണമെന്നു് ആവലാതിബോ
ധിപ്പിച്ചു. തിരുമനസ്സിൽ നിന്നു് ഈ വിഷയത്തിൽ ദള
വായുടെ അഭിപ്രായം ചോദിച്ചു. അദ്ദേഹം ഉത്തരം ഒന്നും
ബോധിപ്പിച്ചില്ല. കുറെ ചിരട്ടകൾ കമഴ്ത്തിവച്ചു അതി
ൻെറ ഇടയ്ക്കു സ്വൎണ്ണനാണയങ്ങൾ വിതറിയിട്ടു. ഇതിൻെറ
അൎത്ഥം, കോന്നി കുന്നുകൾ നിറഞ്ഞ സ്ഥലമാണെന്നും,
കുന്നിൻചരിവുകൾ വളരെ ഫലപുഷ്ടിയുള്ള സ്ഥലമാ
ണെന്നും ആയിരുന്നു. രാമയ്യൻെറ അന്തരാൎത്ഥം മനസ്സി
ലാക്കി മഹാരാജാവു കരം കുറയ്ക്കാൻ ന്യായമില്ലെന്നു തീൎച്ച
പ്പെടുത്തി.

പെ ാവു നിറയ്ക്കാൻ രാമയ്യൻ മററു പല അത്ഭുത
[illegible] പശമായിരുന്നു. അടിക്കടി ഉണ്ടായിക്കൊണ്ടി
ങ്ങളാൽ പണത്തിൻെറ ആവശ്യം അന്നു വളരെ
കൂടുത ലായിരുന്നു. ആ അവസരത്തിൽ ദളവായുടെ ഉപ
ദേശ പ്രകാരം മഹാരാജാവുതിരുമനസ്സിൽനിന്നു സ്ഥാന
ങ്ങൾ കൊടുക്കാൻ തീൎച്ചപ്പെടുത്തി. ഓരോ സ്ഥാന
വേണമെന്നുള്ളവർ ഇത്ര പണം അടിയറകെട്ടിവച്ചു
കൊള്ളണമെന്നും നിശ്ചയിച്ചിരുന്നു. നാട്ടിലുള്ള പ്രഭുക്ക

ന്മാർ ഉപയോഗശൂന്യമായി കെട്ടിവച്ചിരുന്ന പണത്തിൽ അധികഭാഗവും ഇങ്ങനെ സഹായത്തമാക്കാൻ രാമയ്യന്റെ വിദ്യ പററിയതായിരുന്നു. അന്നു പണം കെട്ടിവച്ചു സ്ഥാനമാനങ്ങൾ വാങ്ങിച്ച അനവധി കുടുംബങ്ങൾ ആ സ്ഥാനമാനങ്ങൾ ഇന്നും പുലത്തിപ്പോരുന്നു.

കൊ. വ. ൯൩൮-ാമാണ്ടാണു രാമയ്യൻ മരിച്ചതു്. അദ്ദേഹം സുഖക്കേടായി മാവേലിക്കര കിടക്കുമ്പോൾ അന്ത്യകാലത്തെ അഭിലാഷങ്ങൾ അറിയാനായി മാർത്താണ്ഡവർമ്മമഹാരാജാവു് യുവരാജാവിനെ അയച്ചു. അദ്ദേഹം രാമയ്യന്റെ അടുത്തു ചെന്നു മഹാരാജാവിന്റെ സന്ദേശം അറിയിച്ചു. സ്വാമിഭക്തികൊണ്ടു രാമയ്യന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. തിരുമനസ്സിലെ പക്കൽനിന്നും ഇത്രയും ബഹുമാനം അർഹിക്കത്തക്കതായി താൻ ഒന്നും ചെയ്തിട്ടില്ലെന്നും, തനിക്കു മരണകാലത്തു് ഒരു സങ്കടമേ ഉള്ളു എന്നും, അതു കൊല്ലം കൂടെ പിടിച്ചടക്കി തിരുവിതാംകൂറിനോടു ചേർക്കാൻ സാധിക്കാഞ്ഞതാണെന്നും മാത്രമേ രാമയ്യൻ മറുപടി പറഞ്ഞുള്ളു. രാമയ്യന്റെ അന്ത്യസന്ദേശവും, അദ്ദേഹത്തിന്റെ മരണവും യുവരാജാവു ചെന്നു് അറിയിച്ചപ്പോൾ ധീരനായ മാർത്താണ്ഡവർമ്മ കണ്ണീരണിഞ്ഞു. തന്റെ വലത്തുകൈയ് പോയല്ലോ എന്നു് അവിടുന്നു ഖേദിക്കയും ചെയ്തു.

സ്വാർത്ഥരഹിതനായ രാമയ്യനു വലിയ ... ഒന്നും ഉണ്ടായിരുന്നില്ല. രാജ്യസേവനമാ... കൃത്യമെന്നു മാത്രം ധരിച്ചിരുന്ന അദ്ദേഹം അ... ധനാർജ്ജനം ചെയ്യുന്നതിനു തീരെ മനസ്സുവച്ചില്ല. ...നായ ഈ ദളവായെപ്പററിയുള്ള സ്മരണ തിരുവിതാംകൂറിൽ എന്നേക്കും നിലനില്ക്കും.

൮. അയ്യപ്പൻമാർത്താണ്ഡപ്പിള്ള ദളവ.

(കൊ. വ. ൮൮൬—൯൩൮).

രാമയ്യനെപ്പോലെ തന്നെ അയ്യപ്പൻമാർത്താണ്ഡപ്പിള്ള ദളവായും രാജ്യത്തിനു് അനവധി ഗുണങ്ങൾ ചെയ്തിട്ടുള്ള മന്ത്രിമുഖ്യന്മാരിൽ ഗണനീയനാണെന്നു നിസ്സംശയം പറയാം. ഇദ്ദേഹത്തിന്റെ ജനനം കൊ. വ. ൮൮൬-ാമാണ്ടായിരുന്നു. മുഞ്ചിറയുള്ള ഒരു പുരാതന നായർ തറവാട്ടിലെ അംഗമായിട്ടാണു ജനിച്ചതു്. ചെറുപ്പത്തിൽ തന്നെ വിദ്യകൾ അഭ്യസിക്കുന്നതിലും, ആയുധപരിശീലനം നടത്തുന്നതിലും വേണ്ട ഉത്സാഹവും സാമർത്ഥ്യവും പ്രദർശിപ്പിച്ചിരുന്നു. മാർത്താണ്ഡവർമ്മ തമ്പുരാൻ വേഷച്ഛന്നനായി നടന്ന കാലത്തു് ഏറ്റുപ്പുറവീട്ടിൽ താമസിക്കയും, ചെറുപ്പക്കാരനായിരുന്ന മാർത്താണ്ഡപ്പിള്ളയുടെ ഉന്മേഷപൂർണ്ണമായ പരിചരണത്തിൽ അത്യന്തം സന്തോഷിക്കയും ചെയ്തതായി പറഞ്ഞുപോരുന്നു.

മഹാരാജാവു നാടുവാഴ്ച ഏറ്റപ്പോൾ മാർത്താണ്ഡപ്പിള്ളയെ സൈന്യത്തിൽ ഒരു ഉദ്യോഗസ്ഥനായി നിയമിച്ചു. മേലുദ്യോഗസ്ഥന്മാർ മാർത്താണ്ഡപ്പിള്ളയുടെ യുദ്ധസാമർത്ഥ്യത്തെപ്പറ്റി തിരുമനസ്സിലെ അടുക്കൽ വളരെ പ്രശംസിച്ചു പറഞ്ഞിട്ടുണ്ടു്. എളുപ്പം തന്നെ അദ്ദേഹത്തെ സൈന്യവകുപ്പിൽ ഉയർന്ന ഒരു ഉദ്യോഗസ്ഥനായി നിയമിച്ചു.

അന്നത്തെ എല്ലാ യുദ്ധങ്ങളിലും മാർത്താണ്ഡപ്പിള്ള പങ്കെടുത്തിരുന്നു. രാമയ്യൻദളവായ്ക്കു് അദ്ദേഹത്തെപ്പറ്റി വളരെ ബഹുമാനം ഉണ്ടായിരുന്നു. കൊല്ലം യുദ്ധത്തിലും കായംകുളം യുദ്ധത്തിലും രാമയ്യനെ മാർത്താണ്ഡപ്പിള്ള ഉറ്റു സഹായിച്ചു. അദ്ദേഹത്തിന്റെ സാമർത്ഥ്യം കണ്ടു് പ്രസാ

ദിച്ച മഹാരാജാവു് വേഗംതന്നെ സർവ്വാധിയായി നിയമിച്ചു. രാമയ്യൻ ഉത്തരദേശങ്ങളിൽ പല യുദ്ധങ്ങളിലും പങ്കെടുക്കാൻ പോകേണ്ടിവന്ന സമയങ്ങളിലെല്ലാം ദക്ഷിണതിരുവിതാംകൂറിനെ രക്ഷിക്കാൻ മാർത്താണ്ഡപ്പിള്ളയെ പ്രത്യേകം ഏല്പെട്ടുത്തിയിരുന്നു. ഏല്പിച്ച കൃത്യം അദ്ദേഹം ശ്ലാഘാർഹമായവിധം നിർവ്വഹിക്കുകയും ചെയ്തു. കുളച്ചൽ യുദ്ധത്തിൽവച്ചു് ഡച്ചുകാരെ തോല്പിച്ചതുതന്നെ മാർത്താണ്ഡപ്പിള്ളയുടെ വലിയ ഒരുനേട്ടമായിക്കരുതാവുന്നതാണ്. ഇമ്മാതിരിയുള്ള വിജയങ്ങൾകൊണ്ടു പ്രസാദിച്ച മഹാരാജാവു തിരുമനസ്സിൽനിന്നു് മാർത്താണ്ഡപ്പിള്ളയെ ആദ്യം വലിയ സർവ്വാധിയായും, പിന്നീടു രാമയ്യൻെറ മരണശേഷം ദളവായായും നിയമിച്ചു.

൯൩൩-ൽ തൊട്ടു മാർത്താണ്ഡവർമ്മ മഹാരാജാവു നാടുനീങ്ങുന്നതുവരെ രണ്ടുവർഷം അദ്ദേഹം ദളവാജോലി പകരം നോക്കി. ധർമ്മരാജാ തിരുമനസ്സു് നാടുവാഴ്ച തുടങ്ങിയപ്പോൾ മാർത്താണ്ഡപ്പിള്ളയെ ആ ഉദ്യോഗത്തിൽ സ്ഥിരപ്പെടുത്തി. മാതുലനെപ്പോലെതന്നെ കാർത്തികതിരുനാൾ തിരുമനസ്സിലേക്കും ദളവയുടെ പേരിൽ അത്യന്തം വാത്സല്യവും, അദ്ദേഹത്തിൻെറ സാമർത്ഥ്യത്തിൽ അതിരററ ബഹുമാനവും ഉണ്ടായിരുന്നു.

ഇനിയുമുള്ള അദ്ദേഹത്തിൻെറ ചരിത്രത്തെ രണ്ടായിട്ടു വിഭജിക്കാം. വിദേശികളുമായുള്ള യുദ്ധങ്ങളും രാജ്യഭരണസംബന്ധമായ പരിഷ്കാരങ്ങളും. ഇവ രണ്ടും തിരുവിതാംകൂർ ചരിത്രത്തിൽ തുല്യപ്രധാനങ്ങളാണു്. ആദ്യം യുദ്ധംതന്നെ വിവരിക്കാം.

തിരുവിതാംകൂറിനു നിരന്തരമായി യുദ്ധത്തിൽ ഏർപ്പെടേണ്ടിയിരുന്നതുകൊണ്ടു് ദളവായുടെ ദൃഷ്ടി സൈന്യപരി

ഷ്കരണത്തിൽ പതിയാനിടയായി. അമ്പതിനായിരം പടയാളികളടങ്ങിയ ഒരു വിപുലമായ സൈന്യത്തെ അദ്ദേഹം ശേഖരിച്ചു. പാശ്ചാത്യ യുദ്ധസാമഗ്രികൾ വരുത്തി അവകൊണ്ടു് യുദ്ധം ചെയ്യുന്നതിനു പട്ടാളങ്ങൾക്കു പരിശീലനം കൊടുക്കാൻ നിയമം ഏർപ്പെടുത്തി. എപ്പോഴും യുദ്ധസന്നദ്ധമായിരുന്ന ഈ പരിഷ്കരിച്ച സൈന്യങ്ങളെക്കൊണ്ടാണു് ദളവ പിന്നീടു പല യുദ്ധങ്ങളും ജയിച്ചതു്.

യുനാഫ്ഖാനുമായുണ്ടായ കളക്കാട്ടു യുദ്ധത്തിൽ ദളവാ തന്നെ തിരുവിതാംകൂർ സൈന്യത്തെ നയിച്ചു് അത്ഭുതകരമാംവണ്ണം പോരാടി തിരുവിതാംകൂറിനു വിജയം സമ്പാദിച്ചു. ൯൱൭-ൽ സാമൂതിരിയുടെ ആക്രമണത്തിൽ നിന്നു രക്ഷിക്കണമെന്നു കൊച്ചീരാജാവു തിരുവിതാംകൂറിന്റെ സഹായം അപേക്ഷിച്ചു. പറവൂർ, ആലങ്ങാടു് എന്ന ദേശങ്ങളുടെയും കരപ്പുറത്തിന്റെയുംപേരിൽ കൊച്ചിക്കുള്ള അവകാശം ഉപേക്ഷിച്ചു് തിരുവിതാംകൂറിലേയ്ക്കു കൊടുക്കണമെന്നു ദളവാ ആവശ്യപ്പെട്ടു. കൊച്ചിയിലെ ഇളയതമ്പുരാൻ ഈ ആവശ്യം അനുസരിച്ചു ശുചീന്ദ്രത്തു വെച്ചു സഖ്യംചെയ്തു. സഖ്യത്തിലെ വ്യവസ്ഥ നിറവേററാനായി മാർത്താണ്ഡപ്പിള്ള സൈന്യങ്ങളുമൊത്തു വടക്കോട്ടു തിരിച്ചു. വഴിക്കുവെച്ചു് ഒരു നേരംപോക്കുണ്ടായതായി ഐതിഹ്യമുണ്ടു്. ദളവായുടെ സ്ഥിരനിശ്ചയത്തെ വെളിപ്പെടുത്താൻ ഉപകരിക്കുമെന്നുള്ളതുകൊണ്ടു് അതു് ഇവിടെ ചുരുക്കത്തിൽ പറയാം. ദളവാ കൊടുങ്ങല്ലൂർ അമ്പലത്തിന്റെ മുമ്പിൽ എത്തിയപ്പോൾ അവിടത്തെ വെളിച്ചപ്പാടു തുള്ളിക്കൊണ്ടുവന്നു ദളവായെ തടഞ്ഞു. ഒട്ടിക്കൂടെ മുമ്പോട്ടുവച്ചാൽ *'അമ്മവിളയാട്ടം' ഉണ്ടാകുമെന്നു വെ

---

* അമ്മവിളയാട്ടുക എന്നുവച്ചാൽ വസൂരിവരുക എന്നാണർത്ഥം.

ളിച്ചുപ്പാട്ട് ഭീഷണിപ്പെടുത്തി. ഫലിതപ്രിയനായിരുന്ന ദളവ 'രാമമ്മവിളയാടി' കഴിഞ്ഞെന്നും, ഇനിയും കുളിക ഴിഞ്ഞേ പോകുന്നുള്ളു എന്നും, അതിലേക്കായി ക്ഷേത്രം നില്ക്കുന്നിടത്തു കുളംകോരാൻ പോവുകയാണ് എന്നും പറഞ്ഞു. കാര്യത്തിൻെറ ഗൗരവം അറിഞ്ഞു കൊച്ചിയി ലെ മന്ത്രി സാഹസത്തിൽ നിന്നു വിരമിക്കണമെന്നു അപേ ക്ഷിച്ചു. ദളവാ ആദ്യത്തെ നിശ്ചയത്തെ ഭേദപ്പെടുത്തി. എങ്കിലും ക്ഷേത്രവളപ്പിൽ ഒരു കുളമുണ്ടാക്കി കുളിച്ചതിനു മേലേ യാത്ര തുടൎന്നുള്ളു. അന്നു ഉണ്ടാക്കിയ കുളം 'ദളവാ കുളം' എന്ന പേരിൽ ഇന്നും കൊടുങ്ങല്ലൂർ ഉണ്ടെന്നാണ് അറിവു്.

സാമൂതിരിയുമായുണ്ടായ യുദ്ധത്തിൽ മാൎത്താണ്ഡപ്പി ള്ള വേഗം ജയം നേടി. അതിനുശേഷം കോഴിക്കോട്ട് പിടിച്ചടക്കണമെന്നു ദളവായ്ക്കു് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, അതിനു മഹാരാജാ തിരുമനസ്സിലെ അനുമതി ലഭിക്കായ്കയാൽ മാൎത്താണ്ഡപ്പിള്ളയ്ക്കു പിന്തിരിയേണ്ടി വന്നു. യുദ്ധത്തിനുശേഷം മുൻവ്യവസ്ഥ അനുസരിച്ചുള്ള സ്ഥലങ്ങൾ തിരുവിതാംകൂറിനോടു ചേൎന്നു. ദളവായുടെ സാമൎത്ഥ്യത്താൽ സന്തോഷിച്ച കൊച്ചി മഹാരാജാവു് 'പുത്തൻചിറ' അദ്ദേഹത്തിനു സമ്മാനിച്ചു. തനിക്കും തൻെറ കുടുംബത്തിലേക്കും കരമൊഴിവായി എന്നെന്നേ യ്ക്കും അനുഭവിക്കാൻ കിട്ടിയ ഈ ദേശം മാൎത്താണ്ഡപ്പിള്ള സ്വന്തമാക്കിയില്ല. തൻെറ കുടുംബം തമ്പുരാൻ ഭരിക്കു ന്ന രാജ്യമാണെന്നും, അതുകൊണ്ടു തനിക്കു കിട്ടിയ മുതൽ രാജ്യത്തേക്കുതന്നെ ഇരിക്കണമെന്നും പറഞ്ഞു പുത്തൻചി റയും അദ്ദേഹം തലങ്ങാട്ടു താലൂക്കിൻെറ ഭാഗമാക്കി തിരു വിതാംകൂറിലേക്കു വിട്ടുകൊടുത്തു. ഇമ്മാതിരി ത്യാഗബു ദ്ധി എത്ര ദുർല്ലഭമാണ്. രാജ്യസേവനത്തിൽ ഈ വിധം സ്വാൎത്ഥത്യാഗം ചെയ്യാൻ മനസ്സുള്ള ആളുകളെയാണ്

യഥാൎത്ഥത്തിൽ മഹാന്മാരെന്നു ഗണിക്കേണ്ടതു്. അവരാണു നമ്മുടെ ശാശ്വതമായ പ്രശംസയ്ക്കു പാത്രീഭവിക്കേണ്ടവർ.

ഇനി അദ്ദേഹത്തിന്റെ ഭരണതന്ത്രത്തെയും, രാജ്യരക്ഷയ്ക്കുവേണ്ടി ചെയ്ത കാൎയ്യങ്ങളേയും പററി പരിഗണിക്കാം. ഭരണസൌകൎയ്യത്തിനായി അദ്ദേഹം മൂന്നായി രാജ്യത്തെ ഭാഗിച്ചു. ഓരോ ഭാഗത്തിനും 'മുഖം' എന്നു പേർ കൊടുത്തു. ഓരോ മുഖവും ഉപമുഖമായും ഉപമുഖങ്ങളെ മണ്ടപത്തുംവാതുക്കലായും തിരിച്ചു. ഈ ദേശവിഭാഗങ്ങളുടെ ഭരണത്തിനായി പല ഉദ്യോഗസ്ഥന്മാരെയും നിയമിച്ചു. രാജ്യത്തിൽ ഗതാഗതസൌകൎയ്യം കൂട്ടുന്നതിനായി അദ്ദേഹം പല റോഡുകളും വെട്ടിച്ചു. കൊല്ലത്തുനിന്നും പുറക്കാട്ടേയ്ക്കുള്ള റോഡു് അവയിൽ പ്രധാനമാണു്. പുറക്കാട്ടു് ഒരു തുറമുഖമുണ്ടാക്കണമെന്നു മെക്കാളയ്ക്കു് വലിയ ആഗ്രഹമുണ്ടായിരുന്നു. പല സ്ഥലങ്ങളിലും അദ്ദേഹം കാടു തെളിച്ചു കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കിച്ചിട്ടുണ്ടു്. വൎക്കലയ്ക്കു ഇന്നുള്ളവിധം പ്രാമാണ്യം ഉണ്ടാകുന്നതിനു് അടിസ്ഥാനമായി അവിടെ ഇരുപത്തുനാലു വീടുകളുണ്ടാക്കി ബ്രാഹ്മണൎക്കു കൊടുത്തു. വടക്കുനിന്നും ശത്രുക്കൾ രാജ്യത്തെ ആക്രമിക്കുന്നതു തടയാനായി മുപ്പതുമൈൽ നീളത്തിൽ ഒരു കോട്ടയും അതിനോടു ചേൎത്തു് ഒരു കിടങ്ങും, അദ്ദേഹം ഉണ്ടാക്കിച്ചു. ഈ കിടങ്ങിനെപ്പററി ഒരു നേരംപോക്കു് ഓൎമ്മിക്കാനുണ്ടു്. തിരുവിതാംകൂർ ആക്രമിച്ചു ടിപ്പു ഇതിൽ വീണുകാലൊടിഞ്ഞു് എന്നെന്നേക്കും മുടന്തനായിത്തീൎന്നു.

ഇങ്ങനെ രാജ്യത്തിനു് അനവധി ഗുണങ്ങൾചെയ്തു അദ്ദേഹം ൯൭൩-ാമാണ്ടു് ലോകവാസം വെടിഞ്ഞു. ഒരു വലിയ യുദ്ധവീരനും, ഭരണനിപുണനും ആയിരുന്ന അദ്ദേഹം ലളിതകലകളെ ഉപേക്ഷിച്ചിരുന്നില്ല. സംഗീ

തസാഹിത്യങ്ങളിൽ മാത്താണ്ഡപ്പിള്ളയ്ക്കു് നല്ലവാസനയും കെല്പും ഉണ്ടായിരുന്നു. പല ഭാഷകളും അദ്ദേഹം ബാല്യത്തിലേതന്നെ അഭ്യസിച്ചിരുന്നു. യുദ്ധത്തിൽ ധീരത, രാജ്യകാൎയ്യങ്ങളിൽ ദീൎഘദൎശനം, സൎവ്വോപരി സ്വാത്മത്യാഗവും സ്വാമിഭക്തിയും, ഈ ഗുണങ്ങളായിരുന്നു അദ്ദേഹത്തിന്റെ ഉത്കൎഷങ്ങൾക്കെല്ലാം നിദാനം.

---

൩. രാജാ കേശവദാസൻ.

ബുദ്ധിമാഹാത്മ്യംകൊണ്ടും, സ്വാൎത്ഥരഹിതമായ രാജ്യസേവനംകൊണ്ടും തിരുവിതാംകൂറുകാരായ പൗരവൃന്ദത്തിന്റെ ബഹുമാനവും ഭക്തിയും കേശവദാസനെപ്പോലെ സമാൎജ്ജിക്കാൻ വേറൊരു മന്ത്രിക്കും സാധിച്ചിട്ടില്ലെന്നു് അതിശയോക്തിയുടെ സ്പൎശംപോലും കൂടാതെ പറയാവുന്നതാണു്.

ഇദ്ദേഹത്തിന്റെ ജനനം വിളവങ്കോട്ടുതാലൂക്കിൽപ്പെട്ട കുന്നത്തൂർ ദേശത്തുള്ള ഒരു ദരിദ്രനായർകുടുംബത്തിലായിരുന്നു. കേശവദാസന്റെ അമ്മ പത്മനാഭപുരം കൊട്ടാരത്തിൽ അടിച്ചുതളിക്കാരി ആയിരുന്നു. യാദൃച്ഛികമായി കൊട്ടാരത്തിൽ വച്ചു് കണ്ടു പരിചയമായ ഒരു ജ്യോത്സ്യൻ അവരെ ഭാൎയ്യയായി സ്വീകരിച്ചു. ആ ദമ്പതികളുടെ സന്താനമായി കേശവദാസൻ ഒരു പത്താമുദയത്തുന്നാൾ ജനിച്ചു. ജ്യോത്സ്യനായ പിതാവു് മകന്റെ ഭാവിമാഹാത്മ്യത്തെപ്പറ്റി ദീൎഘദൎശനം ചെയ്തിരുന്നു. പക്ഷേ, , മകന്റെ സൗഭാഗ്യം ഭാൎയ്യ അനുഭവിക്കട്ടെ എന്നു് ആശംസിച്ചിട്ടു കേശവദാസനു ബാല്യമായിരുന്നപ്പോൾത്തന്നെ ജ്യോത്സ്യൻ മരിച്ചു.

ദാരിദ്ര്യംകൊണ്ടു മകനെ പള്ളിക്കൂടത്തിൽ അയച്ചു പഠിപ്പിക്കാനുള്ള സൗകൎയ്യം കേശവന്റെ അമ്മയ്ക്കു ഇല്ലായിരുന്നു. എങ്കിലും വിദ്യാഭ്യാസത്തിനു് അദ്ദേഹത്തിനു് പ്രയാസമുണ്ടായില്ല. പത്മനാഭപുരത്തു എഴുത്തുപള്ളിക്കൂടം കെട്ടിപ്പഠിപ്പിച്ചുകൊണ്ടിരുന്ന ഒരു ആശാൻ ഈ ബാലന്റെ മുഖഭാവംകണ്ടു സന്തോഷിച്ചു സൗജന്യമായി പഠിപ്പിക്കാമെന്നു നിശ്ചയിച്ചു. ആശാന്റെ കീഴിൽ തമിഴും മലയാളവും ഭംഗിയായി എഴുതാനും വായിക്കാനും അഭ്യസിച്ചു. കണക്കിൽ കേശവനു പ്രത്യേകം അഭിരുചി ഉണ്ടായിരുന്നു. ബാല്യത്തിൽ തന്നെ സംസ്കൃതവും കുറച്ചു പഠിക്കാൻ ഭാഗ്യം സിദ്ധിച്ചു.

വിദ്യാഭ്യാസത്തിനുശേഷം കേശവദാസൻ ജീവിതമാൎഗ്ഗം അന്വേഷിച്ചു പത്മനാഭപുരത്തുനിന്നു പുറപ്പെട്ടു. ചൂവാററുള്ള ഒരു കച്ചവടക്കാരന്റെ കണക്കപ്പിള്ളയായി കാലക്ഷേപോപായം നേടാൻ തുടങ്ങി. അങ്ങനെ കഴിക്കവെയാണു ഭാവിവൈശിഷ്ട്യത്തിനു ഹേതുവായ ഒരു കാൎയ്യം സംഭവിച്ചതു്. അദ്ദേഹം സേവിച്ചുകൊണ്ടിരുന്ന മുതലാളി ഒരു രാത്രിയിൽ മഹാരാജാ തിരുമനസ്സിലെ മുഖം കാണിക്കാനായി പോയി. കേശവൻ കൂടെ മുതലാളിയോടൊത്തു് കൊട്ടാരത്തിലേക്കു പോയിരുന്നു. മുതലാളി തിരിച്ചു വന്നപ്പോഴേക്കും 'കണക്കപ്പിള്ള' ഉറങ്ങിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു് അയാളെ വിളിക്കാതെ മുതലാളി തനിച്ചു വീട്ടിലേക്കു പോയി. പിറേറ ദിവസം രാവിലെ, അന്നു് യുവരാജാവായിരുന്ന കാൎത്തികതിരുനാൾതമ്പുരാൻ ഉണൎന്നുവന്നപ്പോൾ കണികണ്ടതു് അലംഗനായി ഉറങ്ങിക്കിടന്ന കേശവനെ ആയിരുന്നു. അദ്ദേഹം കോപിച്ചു് അയാളെ തടവിൽ പാൎപ്പിക്കാൻ കല്പനകൊടുത്തു. അല്പനേരം കഴിഞ്ഞു

പ്പോൾ സന്തോഷകരമായ ഒരു വാർത്ത കേൾക്കാനിടയായി. ഒരു സാമാനക്കപ്പൽ ശംഖുമുഖത്തു വന്നടുത്തെന്നുള്ള വിവരമായിരുന്നു അതു്. അന്നു് ഇവിടെ കപ്പൽ വരുന്നതു് അസാധാരണമായിരുന്നു. വിശേഷിച്ചും, രാജ്യത്തു സാമാനങ്ങൾ ചുരുങ്ങിയിരുന്നതുകൊണ്ടു കപ്പൽവന്ന വാർത്ത സന്തോഷപ്രദമായിരുന്നു. കണികണ്ടതിന്റെ ഫലം ഇത്ര ശുഭമായി പരിണമിച്ചതു കണ്ടു യുവരാജാവു് തൃപ്തനായി കേശവനെ ഭൂഷിപ്പിച്ചു. മാത്രമല്ല കേശവനെ തന്റെ സ്വന്തം ഉദ്യോഗസ്ഥനാക്കി അറിയിച്ചു കൊട്ടാരത്തിൽത്തന്നെ താമസിപ്പിക്കയും ചെയ്തു.

കാർത്തികതിരുനാൾ രാജ്യഭാരം കൈയേറ്റപ്പോൾ കേശവനെ രായസംപിള്ളയായി നിയമിച്ചു. അന്നുമുതൽ അദ്ദേഹം 'കേശവപിള്ള'യായിത്തീർന്നു. വേഗംതന്നെ കേശവപിള്ള സമ്പ്രതിയായി കയററം സമ്പാദിച്ചു. ഈ ഉദ്യോഗത്തിൽ തിരുവനന്തപുരത്തു താമസിക്കുന്ന കാലത്തു് അദ്ദേഹം വിദേശികളായ പല കച്ചവടക്കാരോടും ഇടപെട്ടു വാണിജ്യവിഷയകമായി പാണ്ഡിത്യം നേടി. പോർട്ടുഗീസ്സു്, പേർഷ്യൻ, ഹിന്ദുസ്ഥാനി തുടങ്ങിയുള്ള വിദേശീയഭാഷകളും ഇക്കാലത്തു് വശമാക്കി.

കേശവപിള്ള സമ്പ്രതി ആയിരിക്കുന്ന കാലത്തു് ആയിരുന്നു ഹൈദർ തിരുവിതാംകൂർ ആക്രമിച്ചതു്. പടത്തലവനായിരുന്ന ഡിലെനായിക്കു സുഖമില്ലാതെ ആയി. അതുകൊണ്ടു സൈന്യത്തെ കേശവപിള്ള തന്നെ നയിച്ചു. ഹൈദരുമായുണ്ടായ യുദ്ധങ്ങളിൽ കേശവപിള്ളയുടെ ബുദ്ധിപൂർവ്വമായ നേതൃത്വംകൊണ്ടു തിരുവിതാംകൂർസൈന്യത്തിനു വിജയം കിട്ടി. ഈ യുദ്ധങ്ങളിൽ കേശവപിള്ള പ്രദർശിപ്പിച്ച സാമർത്ഥ്യം കണ്ടു പ്രസാദിച്ച കാർത്തികതിരുനാൾ മഹാരാജാവു് കേശവപിള്ളയെ ദളവായായി

നിയമിച്ചു. ദളവ എന്ന പേരിൽ അദ്ദേഹത്തിനു രസമില്ലായിരുന്നു. അതുകൊണ്ടു 'ദിവാൻ' എന്ന പേരു ഉദ്യോഗപ്പേരായി നൽകണമെന്നു അദ്ദേഹം തിരുമനസ്സുണർത്തിച്ചു. ആ അപേക്ഷ മഹാരാജാവു സ്വീകരിക്കയുംചെയ്തു. അദ്ദേഹമാണു നമ്മുടെ ആദ്യത്തെ ദിവാൻ.

കേശവദാസിനു ടിപ്പുവുമായി യുദ്ധംചെയ്തു വിജയം നേടിയ വിവരം മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. രാജ്യത്തിന്റെ അന്നത്തെ സ്ഥിതിയും, ടിപ്പുവിന്റെ ബലവും കൂടെ നോക്കുമ്പോൾ മാത്രമേ അദ്ദേഹത്തിന്റെ രാജ്യസേവനത്തിന്റെ മാഹാത്മ്യം പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കയുള്ളു. അനവധി യുദ്ധങ്ങളിൽ ഏർപ്പെട്ടു ഭണ്ഡാരം വളരെ ശോഷിച്ചിരുന്നു. ആ അവസരത്തിൽ വീണ്ടും ഒരു വലിയ യുദ്ധത്തിൽ ഏർപ്പെടുന്നതിനു വേണ്ട ധനശക്തി ഗവർമ്മെൻറിനു ഇല്ലായിരുന്നു. രാജ്യത്തിനു നേരിട്ട ആപത്തിൽ നിന്നു രക്ഷിക്കേണ്ട ഭാരം ദിവാൻജിയായ അദ്ദേഹത്തിനു ഉണ്ടായിരുന്നുതാനും. ബുദ്ധിശക്തിയും രാജഭക്തിയും കൊണ്ടു പ്രയാസങ്ങളെല്ലാം വേഗം തരണംചെയ്യാൻ അദ്ദേഹത്തിനു സാധിച്ചു. വേണ്ട പണവും സൈന്യസന്നാഹവും ഉണ്ടായി. സമയോചിതമായ പെരുമാററംകൊണ്ടു ഇംഗ്ലീഷുകാരുടെ സഖ്യവും സമ്പാദിച്ചു. അങ്ങനെ ടിപ്പുവിനെ തോല്പിച്ചു ഓടിക്കാനും, തിരുവിതാംകൂറിനെ രക്ഷിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

ടിപ്പുവിനോടുള്ള യുദ്ധം കഴിഞ്ഞപ്പോൾ കേശവദാസനു ഭാരമേറിയ വേറൊരു കൃത്യം നിർവഹിക്കേണ്ടതായിവന്നു. മലബാറിൽനിന്നു ടിപ്പുവിനെ ഭയന്നു പല പ്രഭുക്കന്മാരും നാടുവാഴികളും തിരുവിതാംകൂറിൽ അഭയം പ്രാപിച്ചിരുന്നു. അവരുടെ എല്ലാം ദേശങ്ങൾ വീണ്ടു

കൊടുക്കേണ്ട ഭാരം ഇംഗ്ലീഷുകാർ തിരുവിതാംകൂർ മഹാരാജാവിനെ ഏല്പിച്ചു. തിരുമനസ്സിൽനിന്നു് ആ കൃത്യം നിർവഹിക്കാൻ കേശവദാസനെ ഭരമേല്പിച്ചു. കേശവദാസൻ ഈ കൃത്യം ഭംഗിയായി നിർവഹിച്ചു. ഓരോ പ്രഭുക്കന്മാരുടെയും സാമന്തന്മാരുടെയും ദേശം തിട്ടപ്പെടുത്തി അവരവർക്കു കൊടുത്തു സാമാധാനം സ്ഥാപിച്ചു. കേശവദാസന്റെ തീർച്ചയിൽ സന്തോഷിച്ച മദ്രാസു് ഗവർണ്ണർ, മേലാൽ മലബാർഭരണത്തിൽ കേശവദാസന്റെ മേൽനോട്ടംകൂടി ഉണ്ടായിരിക്കേണ്ടതാണെന്നു് ആഗ്രഹിക്കയും ചെയ്തു.

ഭരണസംബന്ധമായി അദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യം അന്യാദൃശമായിരുന്നു. രാജ്യത്തിൽ വാണിജ്യവും വ്യവസായവും വർദ്ധിപ്പിച്ചു് മുതലെടുപ്പു കൂട്ടുന്നതിനു് അദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തികളെ എത്രതന്നെ ശ്ലാഘിച്ചാലും കൂടുതലെന്നു വരുന്നതല്ല. ഇന്നു തിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യകേന്ദ്രമായ ആലപ്പുഴപ്പട്ടണം അദ്ദേഹം സ്ഥാപിച്ചതാണു്. അന്നു് ആ സ്ഥലം വെറും കാട്ടുപ്രദേശമായിരുന്നു. ആ സ്ഥലത്തിന്റെ വാണിജ്യപരമായ കഴിവുകളെപ്പറ്റി ദീർഘദർശനം ചെയ്വാൻ അദ്ദേഹത്തിനു സാധിച്ചു. അവിടെ കാടു തെളിച്ചു പല പൊതുസ്ഥാപനങ്ങളും ഉണ്ടാക്കി. വിദേശത്തുനിന്നു് കച്ചവടക്കാരെ ക്ഷണിച്ചു വരുത്തി അവിടെ താമസിപ്പിച്ചു. അവർ അവിടംവിട്ടു പോകാതിരിക്കുവാൻ വേണ്ടി അവർക്കു വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുത്തതിനു പുറമേ കരമൊഴിവു വസ്തുക്കളും വിട്ടുകൊടുത്തു. ആലപ്പുഴയുടെ അനന്തരചരിത്രം നോക്കുമ്പോൾ അതു് സ്ഥാപകന്റെ ദീർഘദൃഷ്ടിയെപ്പറ്റിയും, രാജ്യക്ഷേമദീക്ഷയെപ്പറ്റിയും അത്ഭുതപ്പെടാതിരിക്കാൻ സാധിക്കയില്ല. ആലപ്പുഴെ മരംതടികൾ കൊണ്ടുചെന്നു വില്പന നടത്തുന്നതിനുള്ള ഏർപ്പാടും അദ്ദേഹം അന്നു തുടങ്ങിയതാണു്.

പിന്നെയും, വാണിജ്യാഭിവൃദ്ധിക്കായി അദ്ദേഹം വിഴിഞ്ഞം മുതലായ സ്ഥലങ്ങളിൽ കപ്പൽ വന്നടുക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കി. ഗവൺമെൻറിൽനിന്നും രണ്ടുമൂന്നു കപ്പലുകൾ വയ്പിച്ച് ഇവിടന്നു സാമാനങ്ങൾ കയററി ബോംബെയിലേക്കും മററും അയച്ചുകൊണ്ടിരുന്നു. അതിൽനിന്നു ഗവൺമേൻറിലേക്കു ഗണ്യമായ ആദായമുണ്ടായിരുന്നു. ഈ മാർഗ്ഗങ്ങൾ തിരുവിതാംകൂറിൻെറ പിന്നീടുള്ള ഐശ്വര്യത്തിനു വളരെ ഉപകരിച്ചിട്ടുണ്ടെന്നു് പറയണമെന്നില്ലല്ലോ. തിരുവനന്തപുരം പട്ടണത്തെ വേണ്ടതു പരിഷ്കരിക്കുന്നതിനും കേശവദാസൻ നിഷ്കർഷിച്ചിരുന്നു. രാജധാനിയിൽ പുതിയ പല റോഡുകൾ വെട്ടിച്ചു. പല ചന്തകളും, ചാലയിൽ കമ്പോളവും നടപ്പാക്കി. കിള്ളിയാററിലും കരമനയാററിലും പാലം കെട്ടി തിരുവനന്തപുരത്തുനിന്നു് കിഴക്കോട്ടുള്ള ഗതാഗതസൌകര്യം വർദ്ധിപ്പിച്ചു. വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിലും കേശവദാസനു് വേണ്ട ശ്രദ്ധയുണ്ടായിരുന്നു. നെയ്ത്തു പ്രചരിപ്പിക്കാൻ അദ്ദേഹം വളരെ ശ്രമിച്ചിരുന്നു. ഈ ഉദ്ദേശത്തോടെ പാണ്ടിയിൽനിന്നു നെയ്ത്തുകാരെ ക്ഷണിച്ചു വരുത്തി അവൎക്കു് ഇവിടെ താമസിക്കാൻ വേണ്ട സൌകര്യങ്ങളും മററു പ്രോത്സാഹനങ്ങളും ചെയ്തുകൊടുത്തു.

കേശവപിള്ളയുടെ യശസ്സ് ഇൻഡ്യ മുഴുവൻ പരന്നു. ബ്രിട്ടീഷു ഭാരണാധികാരികൾ അദ്ദേഹത്തെ വലിയ ഒരു രാജ്യതന്ത്രജ്ഞനെന്നു ഗണിച്ചുപോന്നു. ബഹുമാനസൂചകമായി അന്നു ഇൻഡ്യയിലെ ഗവർണർ ജനറലായിരുന്ന മോർണിങ്ടൺ പ്രഭു 'രാജാ' എന്ന സ്ഥാനം അദ്ദേഹത്തിനു നൽകിയതിൽ നിന്നു് ഈ വസ്തുത വെളിവാകുന്നതാണു്. മഹാരാജാവു തിരുമനസ്സിൽനിന്നു 'തമ്പിചെമ്പകരാമൻ' എന്ന സ്ഥാനം കല്പിച്ചുകൊടുത്തു. കേശവപിള്ളയുടെ രാജ്യസേവനത്തെ

ആദരിച്ചു വളരെ സ്വത്തുകളും വിട്ടുകൊടുത്തു. എന്നാൽ അതു് അദ്ദേഹം സ്വീകരിച്ചില്ല. തിരുമനസ്സിലെ 'ദാസൻ' ആയിരുന്നാൽ മതിയെന്നു പറഞ്ഞു കല്പിച്ചുകൊടുത്ത സ്വത്തുക്കളെല്ലാം ഗവൎമ്മെൻറിലേക്കുതന്നെ തിരിച്ചു നൽകി. കേശവപിള്ള അങ്ങനെയാണു് 'രാജാകേശവദാസൻ' ആയിത്തീൎന്നതു്.

അദ്ദേഹത്തിൻെറ അന്ത്യാവസരം ദുഃഖപൂൎണ്ണമായിരുന്നു. ധൎമ്മരാജാവിൻെറ കാലശേഷം തിരുമുടിയേറ്റ ബാലരാമവൎമ്മ ദുൎബ്ബലനായ ഒരു രാജാവായിരുന്നു. അദ്ദേഹത്തിൻെറ ആശ്രിതനായി ജയന്തൻനമ്പൂരി എന്നൊരു ഏഷണിക്കാരൻ ഉണ്ടായിരുന്നു. അയാളുടെ പ്രതിപ്രയോഗംകൊണ്ടു് കേശവദാസനു് വേഗം സ്വന്തം ഭവനത്തിൽതന്നെ തടവിൽ പാൎക്കേണ്ടിവന്നു. അങ്ങനെ പാൎക്കുമ്പോൾതന്നെയാണു കേശവദാസൻ പെട്ടെന്നു മരിച്ചതും. അദ്ദേഹത്തിൻെറ മരണകാരണം എന്താണെന്നു തെളിഞ്ഞിട്ടില്ല. ജയന്തൻനമ്പൂരി വിഷംകൊടുപ്പിച്ചു കൊന്നതാണെന്നാണു സാധാരണ വിശ്വാസം. ഇത്ര മഹാനായ ഒരാൾക്കു് ഇത്ര കഷ്ടമായ ഒരു അവസാനം വന്നതിൽ ആൎക്കുതന്നെയാണു് ഉള്ളു് അലിയാത്തതു്?

കേശവദാസനെപ്പോലെ മഹാനായ വേറൊരുമന്ത്രി തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ല.

൪. വേലുത്തമ്പിദളവ.

തലക്കുളത്തു വേലുത്തമ്പിയെപ്പോലെ വീരനായ ഒരു ദളവ തിരുവിതാംകൂറിനെ ഭരിച്ചിട്ടില്ല. അദ്ദേഹം ഇരണിയൽ താലൂക്കിൽ 'തലക്കുളത്തു' എന്ന അതിപുരാതന

വും പ്രബലവുമായ നായർതറവാട്ടിലായിരുന്നു ജനിച്ചതു്. ചെറുപ്പത്തിൽ ആയുധവിദ്യ ശീലിച്ചു. വേലുത്തമ്പി യൌവനാരംഭത്തോടെ ഉദ്യോഗത്തിൽ പ്രവേശിക്കയും ചെയ്തു.

ധർമ്മരാജാവു നാടുനീങ്ങിയതിനുശേഷം രാജ്യം അനീതികൊണ്ടും അക്രമംകൊണ്ടും വലഞ്ഞു. ബാലരാമവർമ്മമഹാരാജാവിനു കാര്യമായി ഒന്നും പ്രവർത്തിക്കാൻ ശക്തി ഉണ്ടായിരുന്നില്ല. കേശവദാസനെ ചതിച്ചുകൊന്നിട്ടു മന്ത്രിസ്ഥാനം കൈക്കലാക്കിയ ജയന്തൻനമ്പൂരി അനവധി അക്രമപ്രവൃത്തികൾകൊണ്ടു ജനപീഡനം തുടങ്ങി. ഗവമെന്റിൽ പണമില്ലാതെ വന്നപ്പോൾ മൂർഖനും നീചനുമായ ആ നമ്പൂതിരി രാജ്യത്തുള്ള പ്രഭുക്കന്മാരോടെല്ലാം ബലാൽ പണം അവശ്യപ്പെട്ടുതുടങ്ങി. കൊടുക്കാത്തവരെ നിന്ദ്യമായവിധത്തിൽ അവമാനിച്ചു ദേഹോപദ്രവം ചെയ്യുവാനും. ഇങ്ങനെ പലരെയും ഉപദ്രവിച്ചു കൂട്ടത്തിൽ തലക്കുളത്തു പ്രഭുകുടുംബത്തേയും നമ്പൂതിരി പിടികൂടി. വേലുത്തമ്പിയെ തിരുവനന്തപുരത്തു വരുത്തി, മൂവായിരം രൂപാ കൊടുക്കണമെന്നു് അവശ്യപ്പെട്ടു. നമ്പൂതിരിയോടു മുമ്പേ തന്നെ അളവററ ദേഷ്യം ഉണ്ടായിരുന്ന വേലുത്തമ്പിക്കു് ഈ ആജ്ഞ കേട്ടപ്പോൾ വല്ലാതെ കോപം വന്നു. അദ്ദേഹം അതു പുറത്തു കാണിച്ചില്ല. നമ്പൂതിരി രാജാകേശവദാസനോടു ചെയ്ത കൃതഘ്നതയ്ക്കും, രാജ്യത്തോടു ചെയ്യുന്ന അനീതികൾക്കും പ്രതിക്രിയ ചെയ്യണമെന്നു് തമ്പി ഉള്ളിൽ ഉറച്ചു. തൽക്കാലം താൻ പണം കൊണ്ടുവന്നിട്ടില്ലെന്നും, മൂന്നുദിവസത്തെ അവധികൊടുക്കുന്നപക്ഷം സ്വദേശത്തു പോയി പണം ഉണ്ടാക്കിക്കൊണ്ടുവന്നു് അവശ്യപ്പെട്ട തുക കൊടുത്തുകൊള്ളാമെന്നും തമ്പി നമ്പൂതിരിയെ അറിയിച്ചു. തമ്പിയുടെ ഉദ്ദേശങ്ങൾ മനസ്സിലാക്കാതെ മൂന്നുദിവസത്തെ അവധി കൊടുക്കാൻ ജയന്തൻ നമ്പൂരി തീർച്ചപ്പെടുത്തി.

വേലുത്തമ്പി തിരിച്ചു സ്വദേശത്തു ചെന്നു നാട്ടുകാരെ വിളിച്ചുകൂട്ടി നമ്പൂതിരിയുടെ ദുർഭരണത്തെക്കുറിച്ചു വിശദമായി പറഞ്ഞുകേൾപ്പിച്ചു. രാജാകേശവദാസനോടു നീചമായവിധത്തിൽ അയാൾ പെരുമാറിയകാൎയ്യം പറഞ്ഞു് ആളുകൾക്കു് അയാളോടു വെറുപ്പു് ഉണ്ടാക്കി. ഈ ആപത്തിൽനിന്നു രാജ്യത്തെ രക്ഷിക്കേണ്ടതു നാട്ടുകാരിൽ ഓരോരുത്തരുടെയും കടമയാണെന്നു് അവരെ എല്ലാം മനസ്സിലാക്കി. വേലുത്തമ്പിയുടെ വാക്കു കേട്ടു നാട്ടുകാരെല്ലാം ഇളകി. അവരെല്ലാം അദ്ദേഹം പറയുന്നതു് എന്തും ചെയ്യാൻ സന്നദ്ധന്മാരാണെന്നു പറഞ്ഞുകൊണ്ടു് അദ്ദേഹത്തെ അനുഗമിച്ചു. അവരെ കൂട്ടിക്കൊണ്ടു തമ്പി തിരുവനന്തപുരത്തു എത്തി. വഴിക്കു് അവിടവിടെവച്ചു കൂടിയവരെല്ലാം ഉൾപ്പെടെ തമ്പിയുടെ അനുചരന്മാരായി വലിയ ഒരു സംഘം ഉണ്ടായിരുന്നു. അവരെല്ലാം കോട്ടയ്ക്കു വെളിയിൽ വന്നു കൂട്ടമായിനിന്നു. എന്തു വഴക്കു നടത്തുന്നതിനും അവർക്കു മടിയുണ്ടായിരുന്നില്ല. പക്ഷെ, മഹാരാജാവുതിരുമനസ്സിലെ അപ്രീതി സമ്പാദിക്കുന്നതിൽ അവർക്കു വലിയ ഭയമായിരുന്നു. അതേസമയംതന്നെ, വടക്കുനിന്നു ചെമ്പകരാമൻപിള്ള എന്നൊരാളിന്റെ നേതൃത്വത്തിൽ അനവധി ആളുകൾ വന്നു വേലുത്തമ്പിയുടെ സംഘത്തിൽ ചേൎന്നു. ഇങ്ങനെ രാജ്യമാസകലം ഇളകി. തിരുവനന്തപുരത്തും ജനങ്ങളുടെ ഇടയിൽ വല്ലാത്ത ക്ഷോഭമായി. ദിവാൻജിയെ നാടുകടത്താനും, അയാളുടെ സഹായികളായ മാത്തുതരകനെയും, ശങ്കരനാരായണപിള്ളയെയും വേണ്ടവിധത്തിൽ ശിക്ഷിക്കാനും മാത്രമേ അവർക്കു് ഉദ്ദേശമുണ്ടായിരുന്നുള്ളു.

5

ജനക്ഷോഭം മനസ്സിലാക്കി മഹാരാജാവു തിരുമനസ്സിൽനിന്നു വളരെ പരിഭ്രമിച്ചു. ദൂതനെ അയച്ചു ജന-

ഹിതം എന്താണെന്നു അവിടുന്നു തിരക്കിച്ചു. അവരുടെ ആവശ്യം ധരിച്ചപ്പോൾ മനസ്സില്ലാമനസ്സോടെ അങ്ങനെ ചെയ്യാമെന്നു തിരുമനസ്സിൽനിന്നു തീർച്ചയാക്കി. ജയന്തൻ നമ്പൂരിയെ നാടുകടത്തി. അയാളെ തിരിച്ചു വിളിക്കയില്ലെന്നു മഹാരാജാവു പ്രതിജ്ഞചെയ്തു. നമ്പൂരിയുടെ സഹായികളായിരുന്ന മാത്തുതരകനെയും ശങ്കരനാരായണംപിള്ളയെയും മുക്കാലിൽ കെട്ടിഅടിപ്പിച്ചു. അവരുടെ കാതറുത്തു തടവിൽ പാർപ്പിച്ചു. വേലുത്തമ്പി തൃപ്തനായി. രാജ്യരക്ഷ അങ്ങനെ സാധിച്ചു. പ്രക്ഷോഭനേതാക്കന്മാരായ വേലുത്തമ്പിയെയും ചെമ്പകരാമൻപിള്ളയെയും വലിയ ഉദ്യോഗങ്ങളിൽ നിയമിക്കയും ചെയ്തു.

വളരെ താമസിയാതെ തമ്പി വലിയ സർവ്വാധികാര്യക്കാരായിത്തീർന്നു. തമ്പി ആയിടയ്ക്കു് ഒരിക്കൽ ആലപ്പുഴ പോയിരുന്ന തക്കം നോക്കി സമ്പ്രതി കുഞ്ചുനീലൻപിള്ള ചില കൃത്രിമങ്ങൾ ചെയ്തു. രാജാകേശവദാസന്റെ ഉററമിത്രങ്ങളും, വലിയ ഉദ്യോഗങ്ങളിൽ ഇരുന്നവരുമായ ചെമ്പകരാമൻ കുമാരൻതമ്പിക്കും, ഇരയിമ്മൻതമ്പിക്കും വധശിക്ഷയ്ക്കുള്ള ഉത്തരവുകൾ ചതിവായി മഹാരാജാവിനെക്കൊണ്ടു തുല്യംചാർത്തിച്ചു. കുമാരൻ തമ്പി പടത്തലവനും, ഇരയിമ്മൻതമ്പി പേഷ്കാരും ആയിരുന്നു. അവരെ രണ്ടുപേരെയും ദുഷ്ടനായ കുഞ്ചുനീലൻപിള്ളയുടെ കപടതന്ത്രം ഹേതുവായി ൯൭൯-ാമാണ്ടു കടൽപ്പുറത്തുവച്ചു മഹാരാജാവിന്റെ ആജ്ഞാനുസരണം വധിച്ചു. കുഞ്ചുനീലൻപിള്ളയുടെ ചതിവനെപ്പററി അറിഞ്ഞപ്പോൾ വേലുത്തമ്പിക്കു് വല്ലാത്ത കോപമുണ്ടായി. ദുർബ്ബുദ്ധിയായ കുഞ്ചുനീലൻപിള്ളയ്ക്കു തമ്പിയോടും വല്ലാത്ത വെറുപ്പുണ്ടായി

ഒന്നു. അയാൾ വേഗത്തിൽ പട്ടാളത്തെ വശത്തിലാക്കി. മഹാരാജാവിനെ ദുർബോധനകൊണ്ടു വശപ്പെടുത്തി. വേലുത്തമ്പിയെ രാജദ്രോഹിയെന്നു വിധിച്ചു്, വധശിക്ഷക്കു് നീട്ടും മഹാരാജാവിനെക്കൊണ്ടു തുല്യംചാർത്തിച്ചു.

വേലുത്തമ്പി ഉടൻതന്നെ റസിഡണ്ടായിരുന്ന മെക്കാളിയെ കണ്ടു കാര്യം മുഴുവനും അറിയിച്ചു. കുമാരൻതമ്പിയുടെയും, ഇരയിമ്മൻതമ്പിയുടെയും വധത്തെപ്പററി ഒരു വിചാരണ നടത്താൻ റസിഡണ്ടു തീരുമാനിച്ചു. ഈ വിചാരണയിൽ കുഞ്ചുനീലൻപിള്ളയുടെ ചതിവു തെളിയുകയും, അയാളെയും കൂട്ടുകാരെയും തൂക്കുവാൻ വിധിക്കയും ചെയ്തു. ഇങ്ങനെ ദുഷ്ടന്മാരെ അമർച്ച ചെയ്തു് വീണ്ടും രാജ്യത്തു സമാധാനം സ്ഥാപിക്കുന്നതിനു തമ്പിക്കു സാധിച്ചു.

കൊ. വ. ൯൭൬-ാമാണ്ടായിരുന്നു വേലുത്തമ്പിയെ ദളവായായി നിയമിച്ചതു്. ഗാമ്പൽപ്രിയനായിരുന്ന തമ്പി ദിവാൻ എന്ന പേരിനെക്കാൾ 'ദളവാ' എന്ന സ്ഥാനം ആണു് ഇഷ്ടപ്പെട്ടതു്. തമ്പിയുടെ ഭരണകാലത്തു ഒരു അഴിമതിയും നടക്കാൻ സാധ്യമല്ലാത്ത മട്ടായി. അദ്ദേഹത്തിന്റെ നീതിനിഷ്ഠയും ശിക്ഷാക്രമവും അതി ഭയങ്കരമായിരുന്നു. അനീതി കാണിക്കുന്നവരോടു് അദ്ദേഹത്തിനു് അല്പംപോലും അനുകമ്പ ഉണ്ടായിരുന്നില്ല. അവയവങ്ങൾ മുറിച്ചുകളയുക, നെഞ്ചിൽ ആണി തറയ്ക്കുക മുതലായവയായിരുന്നു അദ്ദേഹം വിധിച്ച ശിക്ഷകൾ. അദ്ദേഹം നാട്ടിൽ പലെടത്തും സഞ്ചരിച്ചു് ഗ്രാമവാസികളുടെ ആവലാതികൾ കേൾക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നീതിനിഷ്ഠയ്ക്കു് ഉദാഹരണമായി ഒരു കഥയുള്ളതു വളരെ പ്രസിദ്ധമാണു്. തമ്പിയുടെ മാതാവിന്റെ ഉപദേശപ്രകാരം കണ്ടെഴുത്തിൽ ഏതോ അല്പം അന്യായം

ചെയ്ത ഒരു പ്രവൃത്തിപ്പിള്ളയുടെ വിരലുകളെല്ലാം തമ്പി നിർദ്ദാക്ഷിണ്യമായി മുറിച്ചുകളയാൻ ആജ്ഞാപിച്ചു.

തമ്പി കച്ചവടം വർദ്ധിപ്പിക്കുന്നതിനു പല ഏർപ്പാടുകളും ചെയ്കയുണ്ടായി. കേശവദാസൻ സ്ഥാപിച്ച ആലപ്പുഴപ്പട്ടണത്തിൽ കച്ചവടം വർദ്ധിപ്പിക്കുന്നതിനു വേണ്ട ശ്രമങ്ങളും ചെയ്തു. കൊല്ലം പട്ടണത്തെ ഇന്നത്തെ നിലയിൽ കൊണ്ടുവന്നതും തമ്പിതന്നെ ആയിരുന്നു. ചന്തകൾ സ്ഥാപിക്കാനും, റോഡുകൾ ഉണ്ടാക്കാനും അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു. ഇന്നു തിരുവിതാംകൂറിൽ മലക്കറിവ്യാപാരത്തിനു ഒന്നാമതായിത്തീർന്നിട്ടുള്ള ചങ്ങനാശ്ശേരിച്ചന്ത അദ്ദേഹം സ്ഥാപിച്ചതായിരുന്നു. കൊല്ലം—ചെങ്കോട്ട റോഡ് ആദ്യമായി വെട്ടിച്ചതും ഇദ്ദേഹമായിരുന്നു. വേമ്പനാട്ടുകായലിലുള്ള പാതിരാമണൽ തമ്പി അധിവാസയോഗ്യമാക്കിത്തീർത്തു.

ഇത്ര മഹാധീരനും രാജ്യോപകാരിയുമായിരുന്ന തമ്പിയുടെ അവസാനം വളരെ ഭയങ്കരമായിരുന്നു. രാജ്യരക്ഷയ്ക്ക് ആവശ്യമായിരുന്ന ചില ഏർപ്പാടുകളിൽ അദ്ദേഹത്തിനു റസിഡൻറായിരുന്ന മെക്കാളി സായിപ്പുമായി പിണങ്ങേണ്ടിവന്നു. വേലുത്തമ്പി ചെലവു കുറയ്ക്കുന്നതിനായി തൽകാവലത്തെ പട്ടാളത്തെ പിരിച്ചുവിട്ടു. ജോലിയില്ലാതായപ്പോൾ അവരെല്ലാം ഓരോ അക്രമങ്ങൾ ചെയ്യാൻ തുടങ്ങി. വേലുത്തമ്പിയുടെ ശത്രുക്കൾ ഈ തക്കത്തിൽ പട്ടാളക്കാരെ വശത്തിൽ പിടിച്ചുകൊണ്ടു ഗവൺമെൻറിനെ എതിർക്കാൻ ശ്രമിച്ചു. ഇവരിൽനിന്നു രക്ഷനേടാൻ വേലുത്തമ്പി ബ്രിട്ടീഷുകാരുടെ സഹായം അപേക്ഷിച്ചു. ഈ സഹായത്തിനു പ്രതിഫലമായി അവരുമായി പുതിയ ഒരു ഉടമ്പടിയിൽ ഉൾപ്പെടേണ്ടിവന്നു. അതിലെ വ്യവസ്ഥകൾ മഹാരാജാവിനു ഇഷ്ട

മായിരുന്നില്ല. ഇതെല്ലാം രാജ്യത്തെ ദ്രോഹിക്കാൻ തമ്പി ചെയ്യുന്ന വേലകളാണെന്നു ദളവായുടെ ശത്രുക്കൾ മഹാരാജാവിനെ ബോധിപ്പിച്ചു. ഈ അവസരത്തിൽതന്നെ കുടിശ്ശിഖ വന്ന കപ്പം ഒരുമിച്ചു് അടച്ചുകൊള്ളണമെന്നു് മെക്കാളി നിർബന്ധം തുടങ്ങി. കരം മുറയ്ക്കു പിരിഞ്ഞു് കിട്ടാത്തതുകൊണ്ടു് കപ്പം പല ഗഡുവുകളിലായി അടയ്ക്കാൻ അനുവദിക്കണമെന്നു ദളവ അപേക്ഷിച്ചു. സായ്പു് ആ അപേക്ഷ നിരസിച്ചു. എന്നുതന്നെയല്ല, ദളവയുടെ എല്ലാ പ്രവൃത്തികളും റെസിഡൻറു് എതിർത്തുതുടങ്ങി. കരക്കുടിശിഖ ഈടാക്കാൻ മാത്രമുതകുന്ന വസ്തുക്കൾ തമ്പി കണ്ടുകെട്ടിയപ്പോൾ സായ്പു് വിസമ്മതിച്ചു. മെക്കാളിയുടെ വിരോധപ്രവൃത്തികൾ സഹിക്കാതെയായപ്പോൾ അദ്ദേഹത്തെ കൊല്ലണമെന്നു് വേലുത്തമ്പിയും, കൊച്ചിയിലെ മന്ത്രിയായിരുന്ന പാലിയത്തു മേനവനുംകൂടി തീർച്ചപ്പെടുത്തി. കൊച്ചിയിലെ റെസിഡൻസി ഒരു ദിവസം അവർ ആക്രമിച്ചെങ്കിലും സായ്പു് എങ്ങനെയോ രക്ഷനേടി. അതിനുശേഷം വേലുത്തമ്പി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ബ്രിട്ടീഷ്ഗവൺമെൻറിനു് എതിരായ പല സൂചനകൾ ആ വിളംബരത്തിൽ ഉണ്ടായിരുന്നു. തമ്പി കൊല്ലത്തു താമസിച്ചിരുന്ന ഇംഗ്ലീഷുപട്ടാളത്തെ ആക്രമിക്കയും ചെയ്തു. ഈ വിവരം അറിഞ്ഞപ്പോൾ മദ്രാസിൽ നിന്നു് ഒരു ഇംഗ്ലീഷ്സൈന്യം ആരുവാമൊഴിവഴി തിരുവിതാംകൂറിൽ പ്രവേശിച്ചു. ആ സൈന്യവുമായി വേലുത്തമ്പി യുദ്ധം ചെയ്തു തോററു. അതിൽപിന്നെ, രാജ്യത്തിനു് അപകടംവരരുതെന്നും, ശത്രുക്കളുടെ കൈയിൽ അകപ്പെടാതെ മരിക്കണമെന്നും മാത്രമേ ദളവയ്ക്കു് ആഗ്രഹമുണ്ടായിരുന്നുള്ളു. തമ്പി മഹാരാജാവിനെ മുഖം കാണിച്ചു. സകല കുററങ്ങളും ദളവ ചെയ്തതാണെന്നും, ദളവയെ എന്തു ചെയ്യുന്നതിലും വിസമ്മതമില്ലെന്നും പറഞ്ഞു രാജ്യത്തെ രക്ഷിച്ചുകൊള്ളണമെ

ന്നു തിരുമനസ്സറിയിച്ചു. അദ്ദേഹം അതിനുശേഷം വടക്കോട്ടു തിരിച്ചു.

ഉമ്മിണിത്തമ്പിയെ റസിഡൻറിൻെറ നിർദ്ദേശപ്രകാരം ഉടൻതന്നെ ദിവാൻജിയായി നിയമിച്ചു. അദ്ദേഹം തമ്പിയെ തിരക്കി ആളുകളെ വിട്ടു. എന്നാൽ അവരുടെ കൈയിൽ അകപ്പെടുന്നതിനു മുമ്പു തമ്പി മണ്ണടിക്ഷേത്രത്തിൽ വച്ചു മരണമടഞ്ഞു. കൂടെ ഉണ്ടായിരുന്ന അനുജനോട് തന്നെ കൊല്ലണമെന്നു തമ്പി ആജ്ഞാപിച്ചു. അനുജൻ ആ ആജ്ഞയനുസരിച്ചില്ല. വേലുത്തമ്പി കഠാരം നെഞ്ചത്തു കുത്തിയിറക്കി. മരിക്കാതെ കിടന്നു പിടയുന്നതു കണ്ട് അനുജൻ അദ്ദേഹത്തിൻെറ ശിരസ്സു ഛേദിച്ചു.

തമ്പി മരിച്ചിട്ടും റസിഡൻറിൻെറ വൈരം ശമിച്ചില്ല. അദ്ദേഹത്തിൻെറ ശവശരീരം തിരുവനന്തപുരത്തു കൊണ്ടുവന്നു കണ്ണൻമൂല എന്ന സ്ഥലത്തുവച്ചു കഴുവേറ്റി. വേലുത്തമ്പിയുടെ വീട് ഇടിച്ചുനിരത്തുകയും, കുടുംബാംഗങ്ങളെ നാടുകടത്തുകയും ചെയ്തു. റസിഡൻറിൻെറ പ്രവൃത്തിയെ അന്നത്തെ ഇൻഡ്യാ ഗവർണ്ണർ ജനറലായിരുന്ന മിൻേറാ പ്രഭു വളരെ ആക്ഷേപിച്ചെന്നുള്ളതും പ്രസ്താവ്യമാണ്.

iii. രണ്ടു രണവീരന്മാർ.

൧. ഇരവിക്കുട്ടിപ്പിള്ള.

ഇതുവരെയും നാം പരിഗണിച്ചതു് ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപനകാലത്തും അതിൽ പിന്നീടും ജീവിച്ചിരുന്ന മഹാന്മാരെപ്പററി മാത്രം ആയിരുന്നു. ഈ ഉപന്യാസത്തിൽ ൮൦൦-ാമാണ്ടിടയ്ക്കു് ദക്ഷിണതിരുവിതാംകൂറിൽ ജീവിച്ചിരുന്ന ഒരു യുദ്ധവീരനെപ്പററിയാണു പറയാൻ തുടങ്ങുന്നതു്. മധുരപ്പടയോടേററു യുദ്ധം ചെയ്തു രാജാവിനുവേണ്ടിയും രാജ്യത്തിനുവേണ്ടിയും ജീവത്യാഗം ചെയ്ത ഒരു മഹായോധനായിരുന്നു അദ്ദേഹം.

തിരുവിതാംകൂറിനു് അന്നു നടയറ മുതൽ കന്യാകുമാരി വരെ മാത്രമേ വിസ്താരമുണ്ടായിരുന്നുള്ളു. ജനങ്ങളുടെ സ്ഥിതിയും ഇന്നത്തേതിൽ നിന്നു വളരെ വ്യത്യസ്തമായിരുന്നു. രാജ്യവാസികൾ അധികംപേരും കൃഷിക്കാരായിരുന്നു. ജന്മികൾക്കു മഹാരാജാവിനെ യുദ്ധകാലങ്ങളിൽ സേവിക്കേണ്ട ഭാരം ഉണ്ടായിരുന്നു. അവർക്കു കളരിയും അവിടെ യുദ്ധപ്പയററും ഉണ്ടായിരുന്നു. അപ്രകാരമുള്ള ഒരു പ്രഭുകുടുംബത്തിലായിരുന്നു ഇരവിക്കുട്ടിപ്പിള്ള ജനിച്ചതു്. തക്കലയ്ക്കടുത്തുള്ള കേരളപുരം ക്ഷേത്രത്തിന്റെ സമീപത്തിലായിരുന്നു അദ്ദേഹത്തിന്റെ വീടു സ്ഥിതിചെയ്തിരുന്നതു്. അദ്ദേഹത്തിന്റെ അമ്മയുടെ പേരു് ഈശ്വരിപ്പിള്ള എന്നായിരുന്നു. ജനനം കൊ. വ. ൭൭൭-ൽ ആയിരുന്നിരിക്കണം. ബാല്യത്തിൽത്തന്നെ അച്ഛനും, കുടുംബഭരണകർത്താവായ അമ്മാവനും മരിച്ചു. അതിൽ പിന്നെ അമ്മയുടെ മേൽനോട്ടത്തിലാണു് ഇരവി വളർന്നതു്. സമർത്ഥനായ ഒരു ആശാന്റെ കീഴിൽ അദ്ദേഹം സ്വഗൃഹത്തിലുള്ള കളരിയിൽ വച്ചു യുദ്ധമുറകൾ

അഭ്യസിച്ചു. യൗവനാരംഭത്തോടുകൂടി അദ്ദേഹത്തിന് അന്യാദൃശമായ അഭ്യാസസാമർത്ഥ്യം സിദ്ധിച്ചു. അന്നു നാട്ടുവാണിരുന്ന ഉണ്ണിക്കേരളവർമ്മതമ്പുരാന്റെ അനുമതിയോടുകൂടി അദ്ദേഹം ആയുധം ധരിച്ചു. കുറെ കൊല്ലങ്ങൾക്കുള്ളിൽ ഉണ്ണിക്കേരളവർമ്മയ്ക്കു ഇരവിക്കുട്ടിപ്പിള്ളയോടു വളരെ സ്നേഹവാത്സല്യങ്ങൾ തോന്നി. അദ്ദേഹത്തെ മന്ത്രിസഭയിലെ ഒരു അംഗമായി നിയമിക്കയും ചെയ്തു.

ഇരവിക്കുട്ടിപ്പിള്ളയ്ക്കു ചെറുപ്പത്തിൽതന്നെ വിശ്വസ്തനായ ഒരു ശിഷ്യനെ കിട്ടിയിരുന്നു. അയാളുടെ പേര് കാളി എന്നായിരുന്നു. കാളിയുടെ അച്ഛനമ്മമാർ ബാല്യത്തിലേ മരിച്ചുപോകയാൽ അയാൾ ഇരവിക്കുട്ടിപ്പിള്ളയെ ആശ്രയിച്ചു ജീവിച്ചുപോന്നു. കാളിയെ കളരിപ്പയറ്റ് അഭ്യസിപ്പിച്ചു. അവൻ പയറ്റിൽ വളരെ നൈപുണ്യം സമ്പാദിച്ചു. കാളി, യജമാനനും ഗുരുവുമായ പിള്ളയെ ഈശ്വരനെപ്പോലെ ആരാധിച്ചുപോന്നു. ഗുരു പോകുന്നിടത്തെല്ലാം അയാളും അനുഗമിക്ക പതിവായിരുന്നു.

അക്കാലത്തു മധുര ഭരിച്ചുപോന്നതു് പ്രസിദ്ധനായ തിരുമല നായിക്കനായിരുന്നു. ചുറ്റുമുള്ള പല രാജ്യങ്ങളെയും ജയിച്ചു കീഴടക്കിയതിനു ശേഷം, വേണാട്ടുകൂടെ പിടിക്കണമെന്നു അദ്ദേഹത്തിനു താല്പര്യം തോന്നി. ആ ഉദ്ദേശത്തോടെ അദ്ദേഹം വേലയ്യൻ എന്ന സേനാനായകന്റെ നേതൃത്വത്തിൽ ഒരു വലിയ സൈന്യത്തെ വേണാട്ടിലേക്കു് അയച്ചു. നായ്ക്കന്റെ സൈന്യം ശുചീന്ദ്രം തുടങ്ങിയുള്ള സ്ഥലങ്ങൾ ആക്രമിച്ചു തുടങ്ങി. അവരുടെ അക്രമപ്രവൃത്തികളിൽനിന്നു ജീവരക്ഷനേടാൻ സാധുക്കളായ ജനങ്ങൾ നാനാദിക്കുകളിലേക്കും ഓടിപ്പോയി.

നായ്ക്കന്റെ സൈന്യം വന്ന വിവരം അറിഞ്ഞു മഹാരാജാവുതന്നെ പടയ്ക്കു പുറപ്പെടാമെന്നു നിശ്ചയിച്ചു. എന്നാൽ ആ സമയം തിരുമുമ്പിലുണ്ടായിരുന്ന ഇരവിക്കുട്ടിപ്പിള്ള തിരുമനസ്സിലെ നിശ്ചയത്തെ എതിർത്തു. താൻതന്നെ പടയ്ക്കു പുറപ്പെടാമെന്നും, കടശിയിൽ ആവശ്യമാകുന്നപക്ഷമേ തിരുമനസ്സിൽനിന്നും യുദ്ധത്തിനു പുറപ്പെടാവൂ എന്നും ഉണർത്തിച്ചു. മഹാരാജാവിനു സന്തോഷമായി. അവിടത്തെ അനുജ്ഞയോടും അനുഗ്രഹത്തോടുംകൂടി ഇരവിക്കുട്ടി പടയ്ക്കു പുറപ്പെട്ടു.

നാഗർകോവിലിൽവച്ചായിരുന്നു രണ്ടു സൈന്യങ്ങളും യുദ്ധം ചെയ്തതു്. അതിഭയങ്കരമായ യുദ്ധം തുടങ്ങി. ഇരുഭാഗത്തും അനവധി ഭടന്മാർ മരിച്ചു. ഇരവിക്കുട്ടിപ്പിള്ളയുടെ വീര്യംകൊണ്ടും സാമർത്ഥ്യംകൊണ്ടും മലനാടിനുതന്നെ വിജയം സിദ്ധിച്ചു. പാണ്ടിപ്പട തോറ്റോടി.

ഈ വിജയവാർത്ത അറിഞ്ഞപ്പോൾ മഹാരാജാവു് അത്യന്തം സന്തോഷിച്ചു. ഇരവിക്കുട്ടിയെ അഭിനന്ദിച്ചു. വിജയത്തിന്റെ സമ്മാനമായി തിരുമനസ്സിൽനിന്നു ഒരു നീട്ടുപട്ടയം ഇരവിക്കുട്ടിക്കു കൊടുത്തു. തിരുമനസ്സിൽനിന്നു അനുഗ്രഹപൂർവം കൊടുത്ത നീട്ടു ആദരവോടു വാങ്ങി. എങ്കിലും, അദ്ദേഹം അതു സ്വീകരിച്ചില്ല. രാജ്യസേവനം തന്റെ കടമയാണെന്നും, തനിക്കു് കഴിവുള്ള വക കുടുംബത്തിലുണ്ടെന്നും, തിരുമനസ്സിലെ അനുഗ്രഹം മാത്രമേ താൻ കാംക്ഷിക്കുന്നുള്ളൂ എന്നും ഉണർത്തി, നീട്ടു തൃപ്പാദങ്ങളിൽവച്ചു നമസ്കരിച്ചു.

ഈ വിജയത്തിനും, മഹാരാജാവിന്റെ അഭിനന്ദനത്തിനും, ഇരവിക്കുട്ടിപ്പിള്ളയുടെ ത്യാഗത്തിനും വലുതായ ഒരു ദോഷഫലം ഉണ്ടായിരുന്നു. രാജസദസ്സിലുണ്ടായിരുന്ന മററു മന്ത്രിമാർക്കു് പിള്ളയുടെ ഈ ഉൽകർഷ

ത്തിൽ അതിയായ ഈർഷ്യയും അസൂയയും ഉണ്ടായി. ഈ അസൂയ ഒടുക്കം പിള്ളയുടെ ജീവനാശത്തിനുതന്നെ ഇടയാക്കിയെന്നു അനന്തരകഥ തെളിയിക്കുന്നതാണു്.

അമ്മയുടെ നിർബന്ധപ്രകാരം ഇരവിക്കുട്ടിപ്പിള്ള അയിടയ്ക്കു വിവാഹം ചെയ്തു. അദ്ദേഹം കല്യാണം കഴിച്ചതു് ഗുരുപുത്രിയായ ദേവി എന്ന സ്ത്രീയെ ആയിരുന്നു. ഗുരുനാഥന്റെ അന്ത്യമായ അഭിലാഷം അങ്ങനെ ആയിരുന്നുതാനും. സ്നേഹോപചാരങ്ങൾകൊണ്ടും, ശുശ്രൂഷകൾകൊണ്ടും ആ സ്ത്രീരത്നം പിള്ളയുടെ ജീവിതത്തെ സുഖപൂർണ്ണമാക്കി. എന്നാൽ, ആ ദമ്പതികൾക്കു സൗഭാഗ്യപൂർണ്ണമായ ഒരു ദീർഘജീവിതം നയിക്കാൻ ഈശ്വരൻ കടാക്ഷിച്ചില്ല.

മധുരാധിപനായ നായ്ക്കൻ വേലയ്യന്റെ മരണത്തിൽ വളരെ സങ്കടപ്പെട്ടു. അതിനു പ്രതീകാരം ചെയ്യണമെന്നു് അദ്ദേഹത്തിനു വല്ലാത്ത ആശയുണ്ടായി. രാമപ്പയ്യൻ എന്നപടത്തലവനോടു് ഇരവിക്കുട്ടിപ്പിള്ളയുടെ തല തന്റെ മുമ്പിൽ കൊണ്ടുവരണമെന്നു നായ്ക്കൻ ആജ്ഞാപിച്ചു. നായ്ക്കന്റെ കല്പനയെ നിറവേററാത്തപക്ഷം താൻ തിരിച്ചു വരികയില്ലെന്നു രാമപ്പയ്യൻ പ്രതിജ്ഞചെയ്തു.

വലിയ ഒരു സൈന്യവുമായി രാമപ്പയ്യൻ ആരുവാമൊഴിയിൽകൂടെ വേണാട്ടിൽ പ്രവേശിച്ചു. മധുരാധിപന്റെ മഹാരാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നും ആളുകൾ ആ സംഘത്തിൽ ഉണ്ടായിരുന്നു. രാമപ്പയ്യൻ നാഗർകോവിലിനു സമീപത്തിൽ പാളയമടിച്ചു. ചുററുമുള്ള പ്രധാന മാർഗ്ഗങ്ങളെല്ലാം നിരോധിച്ചു് അയാൾ സൈന്യവ്യൂഹം ചമച്ചു യുദ്ധസന്നദ്ധനായി സ്ഥിതിചെയ്തു.

പാണ്ടിപ്പടയ്ക്കുതന്നെ ജയം കിട്ടുമെന്നു നാടെങ്ങും പറച്ചിലായി. വേണാട്ട് ഒന്നൊരുമിച്ചു നിന്നിരുന്നെങ്കിൽ ഒരുപക്ഷേ നായ്ക്കന്റെ പടയെ തോല്പിക്കാൻ സാധിക്കുമായിരുന്നു. പക്ഷേ, ദൗർഭാഗ്യവശാൽ അങ്ങനെയല്ല സംഭവിച്ചതു്. ഇരവിക്കുട്ടിപ്പിള്ളയോടുള്ള അസൂയകൊണ്ടു മററു മന്ത്രിമാരെല്ലാംകൂടി ഒരു ഗൂഢാലോചനയിൽ ഉൾപ്പെട്ടു. അവരെല്ലാം ഇരവിക്കുട്ടിയുടെ നാശം കണ്ടു സന്തോഷിക്കണമെന്നു് ആഗ്രഹമുള്ളവരായിരുന്നു. അവരിൽ ഇടത്തറപ്പോററിയ്ക്കായിരുന്നു ഇരവിക്കുട്ടിപ്പിള്ളയോടു സഹിക്കാൻ പാടില്ലാത്ത ദേഷ്യം ഉണ്ടായിരുന്നതു്. പോററിക്കു സാമാന്യമായ അസൂയയ്ക്കു പുറമെ പിള്ളയോടു വിരോധത്തിനു വിശേഷമായി ഒരു ഹേതുവും ഉണ്ടായിരുന്നു. പോററിക്കു നായർസ്ത്രീയിൽ ഒരു മകളുണ്ടായിരുന്നു. ആ കുട്ടിയെ ഇരവിക്കുട്ടിപ്പിള്ളയെക്കൊണ്ടു വിവാഹം കഴിപ്പിക്കാൻ അദ്ദേഹത്തിനു ആഗ്രഹം ഉണ്ടായിരുന്നു. ദൂതൻമുഖേന പോററി ആഗ്രഹം പിള്ളയെ അറിയിച്ചു. അദ്ദേഹം അതു നിരസിച്ചു. ഇതിൽവച്ചു പോററിയുടെ കോപവും, ഈർഷ്യയും വളരെ വർദ്ധിച്ചു. ഏതു വിധമെങ്കിലും ഇരവിക്കുട്ടിയെ കൊന്നിട്ടു അടങ്ങുകയുള്ളു എന്നു പോററി നിശ്ചയിച്ചിരുന്നു.

പോററിയുടെ പ്രേരണകൊണ്ടു് മന്ത്രിമാരെല്ലാം ഒത്തുചേർന്നു പിള്ളയെ ചതിക്കാൻതന്നെ തീർച്ചപ്പെടുത്തി. നായിക്കാൻ തിരുവിതാംകൂർ ജയിക്കമെന്നു തീർച്ചയാണ്. അപ്പോൾ രാജ്യം മുഴുവൻ അയാൾ കൊള്ളയിടും. ആ ആപത്തിൽനിന്നു് ഒഴിഞ്ഞിരിക്കാൻ ഒരു ഉപായം ഉള്ളതു് രഹസ്യമായി അദ്ദേഹത്തിന്റെ പക്ഷത്തിൽ ചേരുകയാണെന്നു് പോററി മററു മന്ത്രിമാരോടു് ഉപദേശിച്ചു. അവരെല്ലാം അതു സമ്മതിച്ചു. ഇരവിക്കുട്ടിപ്പിള്ളയും ഒത്തു പടയ്ക്കു പുറപ്പെടണമെന്നും, യുദ്ധക്കളത്തിൽ

വച്ചു നായ്ക്കന്റെ പക്ഷത്തു ചേരണമെന്നും അവർ തീർച്ചപ്പെടുത്തി. ആ വിവരം അവർ രഹസ്യമായി നായ്ക്കനെയും രാമപ്പയ്യനെയും അറിയിക്കുകയും ചെയ്തു.

എടത്തറയുടെയും മറ്റും ചതിവിനെപ്പററി ഒരു സംശയവും കൂടാതെ ഇരവിക്കുട്ടിപ്പിള്ള സൈന്യസമേതം യുദ്ധത്തിനു പുറപ്പെട്ടു. യാത്ര ചോദിക്കുന്ന സമയം മഹാരാജാവു് രാജ്യത്തിന്റെ രക്ഷയും അഭിമാനവും ഇരവിക്കുട്ടിപ്പിള്ളയെ ആശ്രയിച്ചാണ് ഇരിക്കുന്നതെന്നു പറഞ്ഞു് അനുഗ്രഹിച്ചു. പിന്നീടു് പിള്ള അമ്മയോടും ഭാൎയ്യയോടും യാത്ര ചോദിക്കാൻ ചെന്നു. തലേന്നാൾ രാത്രിയിൽ കണ്ട ഒരു ദുസ്സ്വപ്നംകൊണ്ടു് ഇരവിക്കുട്ടിയെ യുദ്ധത്തിനു് അയയ്ക്കാൻ അവൾക്കു വളരെ ഭയമുണ്ടായി. അമ്മയും ഭാൎയ്യയും വളരെ തടുത്തു പറഞ്ഞു. അവർ നിർബന്ധിച്ചു് അപേക്ഷിച്ചു. എന്തായാലും ഒരിക്കൽ മരിക്കണമെന്നും, ഈ രാജ്യത്തിനും രാജാവിനും വേണ്ടി ആയാൽ വളരെ അഭിമാനകരമാണെന്നും, അതുകൊണ്ടു് തന്നെ യുദ്ധത്തിനു പോകാൻ അനുവദിക്കണമെന്നും അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. കരഞ്ഞുകൊണ്ടു് അവർ യാത്ര പറഞ്ഞു. അതു് അവസാനത്തെ യാത്ര പറച്ചിലായേക്കാമെന്നു് അവൾക്കു ഭയമുണ്ടായിരുന്നു.

പിറേറ ദിവസം കണിയാകുളത്തുവച്ചു് അതിഭയങ്കരമായ യുദ്ധം തുടങ്ങി. അനവധി പടയാളികൾ മരിച്ചുവീണു. യുദ്ധത്തിൽ വേണാട്ടു പടയ്ക്കുതന്നെ വിജയം കിട്ടുമെന്നു മട്ടായി. എന്നാൽ മുൻ നിശ്ചയപ്രകാരം പോററിയും കൂട്ടാളികളും അടയാളം കാണിച്ചതനുസരിച്ചു രാമപ്പയ്യന്റെ സൈന്യത്തിന്റെ ഒരു ഭാഗം അടുത്തുള്ള ഒരു കുന്നു കടന്നു് ഇരവിക്കുട്ടിപ്പിള്ളയെ പുറകിൽക്കൂടെ വന്നു എതിർത്തു. ഈ ചതിവു മനസ്സിലാക്കാതെ ഇരവിക്കുട്ടിപ്പിള്ള ധൈൎയ്യത്തോടെ യുദ്ധം ചെയ്തുകൊണ്ടുനിന്നു. വീ

രഗർജ്ജനങ്ങളാൽ അദ്ദേഹം പടയാളികളെ പ്രോത്സാഹിപ്പിച്ചു. എന്നാൽ ആ അവസരത്തിൽ രാമപ്പയ്യന്റെ രഹസ്യമായ ആജ്ഞ അനുസരിച്ചു് ഒരു അശ്വഭടൻ പുറകിൽക്കൂടെച്ചെന്നു പിള്ളയുടെ പുറത്തുവെട്ടി മുറിവേല്പിച്ചു. വെട്ടേററു് അദ്ദേഹം നിലത്തുവീണു. ഇപ്രകാരം അധർമ്മപ്രയോഗംകൊണ്ടാണു് രാമപ്പയ്യൻ ജയം നേടാൻ നോക്കിയതു്.

പിള്ള വീണതോടുകൂടി വേണാട്ടുപട പരിഭിന്നമായി. അതിനു മുമ്പുതന്നെ പോററിയും കൂട്ടാളികളും രാമപ്പയ്യന്റെ വശത്തു ചേർന്നിരുന്നു. ഇരവിക്കുട്ടിപ്പിള്ള മരിക്കുന്നതിനുമുമ്പായി അദ്ദേഹത്തിന്റെ തല വെട്ടി എടുക്കുന്നതിനായി രാമപ്പയ്യൻ അടുത്തുചെന്നു. അയാളുടെ ലജ്ജാകരമായ ചതിപ്രയോഗത്തെ ഇരവിക്കുട്ടിപ്പിള്ള കഠിനമായി ആക്ഷേപിച്ചു. അതിനുശേഷം തന്റെ ധർമ്മം താൻ നിർവ്വഹിച്ചു എന്നുള്ള സംതൃപ്തിയോടുകൂടി പിള്ള മരിച്ചു. രാമപ്പയ്യനു് അല്പം വല്ലായ്മ തോന്നി. പക്ഷേ ശപഥം നിറവേററാനായി അയാൾ ഇരവിക്കുട്ടിപ്പിള്ളയുടെ തല വെട്ടിയെടുത്തു പട്ടിൽ പൊതിഞ്ഞുകൊണ്ടുപോയി

ഇരവിക്കുട്ടിയുടെ മരണവാർത്ത അറിഞ്ഞപ്പോൾ മഹാരാജാവു് വളരെ ദുഃഖിച്ചു. ആ നഷ്ടം അദ്ദേഹത്തിനു് അസഹ്യമായിരുന്നു. തിരുമനസ്സിൽനിന്നു് ഉടൻതന്നെ ഇരവിക്കുട്ടിപ്പിള്ളയുടെ അമ്മയെ ആശ്വസിപ്പിക്കാനായി അവരുടെ വീട്ടിലേക്കു് എഴുന്നള്ളി. മഹാരാജാവു തന്നെ എഴുന്നള്ളിയതുകൊണ്ടു് അവർക്കു വളരെ സമാധാനം തോന്നി. എന്നാൽ തലകൂടാതെയുള്ള പുത്രന്റെ ശവശരീരം കണ്ടു് അവർ ഏങ്ങിയേങ്ങി കരയാൻ തുടങ്ങി. ആ സമയത്തു്, തിരുവനന്തപുരത്തു പോയിരുന്ന കാളിപ്പിള്ള തിരിച്ചു വന്നുചേർന്നു. തന്റെ പ്രിയഗുരുവിന്റെ തലയില്ലാത്ത പിണം കണ്ടു് അയാൾ ദുഃഖംകൊണ്ടു വെന്തു

നീറി. രാമപ്പയ്യന്റെ കൈയ്യിൽനിന്നു് തന്റെ ഗുരുവി ന്റെ ശിരസ്സ് വീണ്ടുകൊണ്ടേ ഇനി തിരിച്ചു വരികയുള്ളു എന്നു് ശപഥം ചെയ്തുകൊണ്ടു് അയാൾ പുറപ്പെട്ടു.

കാളിപ്പിള്ള മധുരപ്പാളയത്തിൽ ചെന്നപ്പോൾ രാമപ്പയ്യൻതന്നെ വല്ലായ്മയോടെ ഇരിക്കയായിരുന്നു. ശത്രുവിന്റെ ശിരസ്സു കണ്ടിട്ടു് സന്തോഷമായെങ്കിലും, ചതിവു പ്രയോഗിച്ചാണു കൊണ്ടുവന്നതെന്നു് അറിഞ്ഞ പ്പോൾ നായ്ക്കനു് അസുഖമാണു തോന്നിയതു്. ഇര വിക്കുട്ടിയുടെ ശിരസ്സു് ഉടലോടുചേർത്തു സംസ്ക്കരിക്കത്ത ക്കവണ്ണം തിരിച്ചയയ്ക്കണമെന്നും, അദ്ദേഹത്തിന്റെ മാതാ വിനോടും മററും ക്ഷമായാചനം ചെയ്യണമെന്നും ഉള്ള സന്ദേശത്തോടുകൂടി നായ്ക്കൻ ആ ശിരസ്സു് രാമപ്പയ്യനു് അയച്ചിരുന്നു. കാളിപ്പിള്ള നിർഭയമായി മധുരപ്പടത്ത ലവന്റെ മുമ്പിൽ ചെന്നു. അയാൾ ആരാണെന്നു് രാമ പ്പയ്യൻ ചോദിച്ചു. താൻ രാമപ്പയ്യൻ ചതിച്ചുകൊന്ന പിള്ളയുടെ പ്രിയശിഷ്യനാണെന്നും, അദ്ദേഹത്തിന്റെ ശിരസ്സു് തിരിച്ചുകൊണ്ടുപോകാനാണു വന്നിരിക്കുന്നതെ ന്നും ഉത്തരം പറഞ്ഞു. കാളിനായരുടെ ഗുരുഭക്തിയും ധൈര്യവും കണ്ടു് രാമപ്പയ്യനു് അത്ഭുതം തോന്നി. പിള്ള യുടെ ശിരസ്സു് അയാളുടെ പക്കൽ ഏല്പിച്ചു. ഗുരുവി ന്റെ ശിരസ്സു കണ്ടപ്പോൾ കാളിപ്പിള്ള കരഞ്ഞുപോയി. ആ വീര്യവും, ആ തേജസ്സും അപ്പോഴും ആ മുഖത്തു് അ യാൾക്കു കാണാൻ കഴിഞ്ഞു. കഷ്ടം! ഇതുമേൽ ഭയങ്കര മായ ഒരു അപത്താണല്ലോ തന്റെ ഗുരുനാഥനു സംഭവി ച്ചതു്! പ്രതിക്രിയ ചെയ്യപോകരുതെന്നാണു ഗുരുനാ ഥൻ തന്നെ പഠിപ്പിച്ചിട്ടുള്ളതെന്നും, ഈ കടുംകൈയ്ക്കു ദൈവംതന്നെ പകരം ചോദിച്ചുകൊള്ളുമെന്നും പറഞ്ഞി ട്ടു കാളിനായർ ആ ശിരസ്സുംകൊണ്ടു് അതിവേഗത്തിൽ ഓടിപ്പോന്നു.

കാളിപ്പിള്ള ഇരവിക്കുട്ടിയുടെ ശിരസ്സു വീട്ടിൽ കൊണ്ടുചെന്നു് കാണിച്ചപ്പോൾ അവിടെ ഉണ്ടായ വിലാപം വർണ്ണിക്കാവതല്ല. ആ തല കണ്ട നിമിഷത്തിൽ തന്നെ പിള്ളയുടെ അമ്മ ഒരു ദീനരോദനത്തോടെ ജഡം ഉപേക്ഷിച്ചു. ഭർത്താവൊത്തു താനും പരലോകത്തു പോകുന്നെന്നു പറഞ്ഞു് പിള്ളയുടെ ഭാര്യ കഠാരകൊണ്ടു നെഞ്ചത്തു കുത്തി പ്രാണത്യാഗം ചെയ്തു.

അന്നു് അവർ മൂന്നാളുകളുടെയും ശവസംസ്കാരം മഹാരാജാവു് ആഡംബരപൂർവ്വം നടത്തി. ആ ഭയങ്കരരംഗത്തിൽവച്ചു മഹാരാജാവും അവിടെ കൂടിയിരുന്ന മറ്റെല്ലാവരും കണ്ണീരു പൊഴിച്ചുപോയി. അന്നുതന്നെ മഹാരാജാവിന്റെ നിർബന്ധത്തെപ്പോലും വകവയ്ക്കാതെ കാളിനായരും ആത്മഹത്യ ചെയ്തു്, ഗുരുസന്നിധിയിലേക്കു പോയി.

കണിയാപുരത്തു പാടത്തിൽ അന്നു നടന്ന യുദ്ധത്തിന്റെ സ്മാരകമായി ഇരവിക്കുട്ടിപ്പിള്ളയുടെ ഒരു ശിലാവിഗ്രഹം ഇന്നും അവിടെ കാണ്മാനുണ്ടു്.

---

൨. ഡിലെനായി.

ഡിലെനായി തിരുവിതാംകൂറുകാരനല്ല. പക്ഷേ, അദ്ദേഹത്തിന്റെ അഭ്യുത്ഥാനം തിരുവിതാംകൂറിൽ വന്ന ശേഷവും, അദ്ദേഹത്തിന്റെ സേവനം തിരുവിതാംകൂറിനു വേണ്ടിയും ആയിരുന്നതുകൊണ്ടാണു് ഈ ഗ്രന്ഥത്തിൽ അദ്ദേഹത്തിനെയും ഉൾപ്പെടുത്തിയിട്ടുള്ളതു്. മാർത്താണ്ഡവർമ്മ മഹാരാജാവു നടത്തിയിട്ടുള്ള അനവധി യുദ്ധങ്ങളിൽ സ്തുത്യർഹമായവിധം വിജയം നേടിയ ഈ മഹാ

നോട്ട നമുക്ക് ഉണ്ടായിരിക്കേണ്ട കൃതജ്ഞത അപാരമാണ്. തിരുമനസ്സിൽനിന്നും ഡിലെനായിയുടെ സേവനത്തെ അത്രകണ്ടു വിലമതിച്ചിരുന്നു.

കുളച്ചൽ യുദ്ധത്തെപ്പററി മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. രാമയ്യന്റെ നേതൃത്വത്തിൽ തിരുവിതാംകൂർസൈന്യം ഡച്ചുകാരെ തോല്പിച്ചു. ആ യുദ്ധത്തിൽ ഇരുപത്തിനാലു ഡച്ചുകാരെ രാമയ്യൻ തടവിൽ പിടിച്ചു. കൂട്ടത്തിൽ ഡച്ചുസേനാനായകന്മാരായ ഡിലെനായിയും, ഡോണായിയും ഉണ്ടായിരുന്നു. കുളച്ചൽ യുദ്ധം ജയിച്ചതിലും ഒട്ടും കുറവല്ലാത്ത ഒരു നേട്ടമായിരുന്നു തിരുവിതാംകൂറിന് ഈ രണ്ടു വീരന്മാരെയും കിട്ടിയതു്.

സമർത്ഥന്മാരെ കണ്ടുപിടിച്ചു പ്രോത്സാഹിപ്പിക്കുന്നതിൽ മാർത്താണ്ഡവർമ്മ രാജാവോളം ഉചിതജ്ഞത പ്രദർശിപ്പിച്ചിട്ടുള്ള രാജാക്കന്മാർ ചുരുക്കമാണ്. അവിടുന്നു ഡിലെനായിയെ കണ്ട ക്ഷണത്തിൽത്തന്നെ ആൾ അസാമാന്യനാണെന്നു മനസ്സിലാക്കി. ശത്രുപക്ഷത്തിൽനിന്നു തടവിൽ പിടിച്ച ആളാണെന്നുള്ള കാര്യം വിസ്മരിച്ചു് ഡിലെനായിയെ മഹാരാജാവു് അംഗരക്ഷകനായി നിയമിച്ചു. പിന്നീട് ൧൭൭൭-ൽ അദ്ദേഹം മരിക്കുന്നതുവരെ ഡിലെനായി തിരുവിതാംകൂറിനുവേണ്ടി ചെയ്തിട്ടുള്ള സേവനം പ്രശസ്തമാണ്.

കായംകുളം, അമ്പലപ്പുഴ ഈ രാജ്യങ്ങളുമായിട്ടുള്ള യുദ്ധത്തിലായിരുന്നു ഡിലെനായി ആദ്യമായി സേനയെ നയിച്ചതു്. തോട്ടപ്പള്ളിയിൽവച്ചു് അമ്പലപ്പുഴ സൈന്യവുമായി ഡിലെനായി ഘോരമായി യുദ്ധംചെയ്തു. വിഷം തേച്ച അമ്പുകൾ പ്രയോഗിച്ചു് അമ്പലപ്പുഴ സൈന്യം തിരുവിതാംകൂറിനെ തോല്പിക്കുമെന്നമട്ടായി. അപ്പോ

ഴയും ഡിലെനായി പീരങ്കിപ്രയോഗം തുടങ്ങി. അതിൽ വിഷമിച്ചു നിവൃത്തിയില്ലാതെ അമ്പലപ്പുഴ കീഴടങ്ങി. അമ്പലപ്പുഴരാജ്യം തിരുവിതാംകൂറിനോട് ചേൎക്കുകയും ചെയ്തു.

അതിനുശേഷം ചങ്ങനാശ്ശേരിയുമായുള്ള യുദ്ധത്തിലും രാമയ്യനോടൊപ്പം ഡിലെനായിയും നായകത്വം വഹിച്ചിരുന്നു. ചങ്ങനാശ്ശേരിസൈന്യത്തെ നിശ്ശേഷം തോല്പിച്ച് ആലുവാവരെയുള്ള ദേശങ്ങൾ ജയിച്ചു കീഴടക്കി.

ഡിലെനായി പങ്കെടുത്ത വേറൊരു പ്രധാനയുദ്ധം പുറക്കാട്ടു വച്ചു സാമൂതിരിയുമായുണ്ടായതാണ്. ഈ യുദ്ധത്തെപ്പററിയും മുമ്പു പറഞ്ഞിട്ടുള്ളതാണല്ലോ. സാമൂതിരിയുടെ ഉദ്ദേശം തിരുവിതാംകൂർ പിടിച്ചടക്കണമെന്നായിരുന്നു. പക്ഷേ, രാമയ്യൻെറയും, ഡിലെനായിയുടെയും സാമൎത്ഥ്യംകൊണ്ട് തിരുവിതാംകൂർതന്നെ ആ യുദ്ധത്തിൽ വിജയം സമ്പാദിച്ചു. സാമൂതിരിയുമായി കാൎത്തികതിരുനാൾ മഹാരാജാവിൻെറ ഭരണാരംഭത്തിലുണ്ടായ യുദ്ധത്തിലും ഡിലെനായി ഭാഗഭാക്കായിരുന്നു. കൊ-വ. ൯൩൦-ാമാണ്ടു കൊടുങ്ങല്ലൂർ തുടങ്ങിയുള്ള സ്ഥലങ്ങളിൽ വച്ചു വലിയ യുദ്ധങ്ങളുണ്ടായി. ഈ യുദ്ധങ്ങളുടെ ഫലമായി ആലങ്ങാട്ടും പറവൂരും തിരുവിതാംകൂറിൽ ചേൎന്ന കാൎയ്യം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. യുദ്ധത്തിനു ശേഷം അതിൎത്തിയിലുള്ള കോട്ടകൾ നന്നാക്കുന്നതിനും, പുതിയ കോട്ടകൾ സ്ഥാപിക്കുന്നതിനുമായി വലിയ ഒരു സൈന്യത്തോടുകൂടി ഡിലെനായി പറവൂർ താമസിച്ചിരുന്നു.

യുദ്ധങ്ങളിൽ ഏറ്റെടുത്തു സമ്പാദിച്ച ജയത്തേക്കാളും വലിയ ഒരു സേവനം ഡിലെനായി തിരുവിതാംകൂറിനു ചെയ്തിട്ടുണ്ട്. അതു സൈന്യപരിഷ്കരണവും, കോ

ട്ടുകളുടെ നവീകരണവും, പുതിയ കോട്ടകളുടെ സ്ഥാപനവും ആണു്. മഹാരാജാവിന്റെ അംഗരക്ഷകനെന്ന പദവിയിൽ നിന്നു കുറച്ചുകാലത്തിനുള്ളിൽ അദ്ദേഹത്തെ പത്മനാഭപുരം കോട്ടയുടെ നായകനായി നിയമിച്ചു. അന്നുതൊട്ടു കോട്ടകൾ പുതുക്കുന്നതിലും മററും അനവരതം അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആദ്യമായി നിർമ്മിച്ചതു് പ്രസിദ്ധമായ ഉദയഗിരിക്കോട്ടയായിരുന്നു. ഈ കോട്ട പത്മനാഭപുരം കോട്ടയ്ക്കു് അല്പം തെക്കായി സ്ഥിതിചെയ്യുന്നു. കോട്ടയ്ക്കുള്ളിൽ അനവധി വീടുകളും മററും നിർമ്മിച്ചിട്ടുണ്ടു്. മദ്ധ്യത്തിൽ ഒരു വലിയ കുന്നുണ്ടു്. അതിന്റെ പുറത്തു നിന്നുകൊണ്ടു് ദൂരെനിന്നു വരുന്ന ശത്രുക്കളെ കാണാൻ സൗകര്യമുണ്ടു്. പീരങ്കിവച്ചു പുറത്തോട്ടു വെടിവയ്ക്കുന്നതിനു വേണ്ട സൌകര്യം ഈ കോട്ടയിൽ ഉണ്ടാക്കിയിട്ടുണ്ടു്.

ആരുവാമൊഴിക്കോട്ടയും, കന്യാകുമാരിക്കു് അടുത്തുള്ള വട്ടക്കോട്ടയും അദ്ദേഹം പുതുക്കിയതു കൂടാതെ ഒരു ആയുധനിർമ്മാണശാലയും, മരുന്നുകോട്ടയും സ്ഥാപിക്കയുംചെയ്തു. മദ്ധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും ഡിലെനായി അനവധി പുതിയ കോട്ടകൾ പണിയിച്ചു. കൊല്ലം, മാവേലിക്കര, ഏററുമാനൂർ, കോട്ടയം എന്നീ സ്ഥലങ്ങളിൽ അദ്ദേഹം സ്ഥാപിച്ച കോട്ടകളുടെ അവശിഷ്ടങ്ങൾ ഇന്നും കാണമാനുണ്ടു്.

അദ്ദേഹം യൂറോപ്യൻരീതിയിൽ തിരുവിതാംകൂർ പടയാളികളെ യുദ്ധപരിശീലനം ചെയ്യിപ്പിച്ചു. യൂറോപ്യൻ യുദ്ധസാമഗ്രികൾ അധികമായി ഉപയോഗിക്കയും ചെയ്തു. ഈ പരിശീലനവും അദ്ദേഹത്തിന്റെ നേതൃത്വവും തിരുവിതാംകൂറിന്റെ അന്നത്തെ വിജയത്തിനു സഹായകമായിഭവിച്ചു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കോട്ടകളിൽ

സൈന്യത്തെ താമസിപ്പിക്കയും, അതിൎത്തിപ്രദേശങ്ങൾ രക്ഷിക്കുന്നതിനു പ്രത്യേകംഏൎപ്പാടുകൾ ഉണ്ടാക്കുകയുംചെയ്തു. പ്രധാന സൈന്യവിഭാഗങ്ങളെ പത്മനാഭപുരം, കൊല്ലം, തിരുവല്ല, ചേൎത്തല എന്ന നാലു സ്ഥലങ്ങളിലായി പാൎപ്പിച്ചിരുന്നു.

ഇങ്ങനെ തിരുവിതാംകൂറിനെ പല പ്രകാരത്തിൽ സേവിച്ച അദ്ദേഹത്തോടു മാൎത്താണ്ഡവൎമ്മമഹാരാജാവിനും, കാൎത്തികതിരുനാൾ തിരുമനസ്സിലേക്കും വളരെ സ്നേഹവും വിശ്വാസവും ഉണ്ടായിരുന്നു. മാൎത്താണ്ഡവൎമ്മ അദ്ദേഹത്തിനു ജ്ഞാനസ്നാനം കൂട്ടിയിരുന്നു. നാട്ടുകാരെല്ലാം ഡിലെനായി ഗാഢമായി സ്നേഹിച്ചുപോന്നു. അദ്ദേഹം തിരുവിതാംകൂറിനെ മനഃപൂൎവ്വം സ്നേഹിച്ചു. മഹാരാജാവിൽ ഉറച്ച ഭക്തിയും അദ്ദേഹത്തിനു് ഉണ്ടായിരുന്നു.

ആ മഹാൻ കൊ.വ. ൯൫൨-ാമാണ്ടു ഭൂലോകവാസം വെടിഞ്ഞു. മരണകാലത്തു ശരീരാസ്വാസ്ഥ്യം ഉണ്ടായിരുന്നു. അദ്ദേഹത്തെ സംസ്കരിച്ചതു് ഉദയഗിരിക്കോട്ടയിലായിരുന്നു. ശവസംസ്കാരം ചെയ്ത സ്ഥലത്തു് ഉണ്ടാക്കിയ ശിലാസ്തംഭത്തിൽ മഹാരാജാവു തിരുമനസ്സിൽനിന്നും ഈ വിധത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. "യാത്രക്കാരാ! നില്ക്കുക. മുപ്പത്തേഴു സംവത്സരക്കാലത്തോളം വലിയമഹാരാജാവിനെ വിശ്വാസപൂൎവ്വം സേവിച്ചു്, ശൗൎയ്യത്താൽ കായംകുളംമുതൽ കൊച്ചിവരെയുള്ള രാജാക്കന്മാരെ സ്വസ്വാമികൾക്കു കീഴടക്കിക്കൊടുത്ത വേണാട്ടു സൈന്യാധിപനായ യൂസ്റ്റേഷ്യസ് ബെനഡിക്ട് ഡിലെനായി ഇവിടെ ശയിക്കുന്നു. ൧൭൭൭-ാമാണ്ടു ജൂൺമാസം ഒന്നാംതീയതി ഇഹലോകവാസം വെടിഞ്ഞു. ആ മഹാൻ ശാശ്വതശാന്തിയിൽ വിശ്രമിക്കട്ടെ."

---

൨. ശ്രീനാരായണഗുരുസ്വാമികൾ.

ജനനവും മരണവും ലോകസ്വഭാവമായതുകൊണ്ടു ജനിക്കുക എന്നുള്ളതിൽ വലിയ മേന്മ കല്പിക്കാനില്ല. ജന്മം സഫലമാകുന്നുവെങ്കിലേ അതിൽ ശ്ലാഘ്യത്വ്ക്കു് അവകാശമുള്ളൂ. ജന്മസാഫല്യത്തിനുള്ള ഒറ്റവഴി ലോകസേവനവും ലോകോപകാരവും ആണു്. ഈ തത്വമനുസരിച്ചു് യഥാർത്ഥത്തിൽ ജന്മസാഫല്യം നേടിയ ഒരു മഹാനായിരുന്നു നാരായണഗുരുസ്വാമി. പരിപൂർണ്ണമായ സന്ന്യാസം കൈക്കൊണ്ടു ലോകബന്ധത്തിൽനിന്നു നിശ്ശേഷം വിരമിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. പക്ഷേ, നിസ്സംഗനായും നിസ്വാർത്ഥനായും അദ്ദേഹം ലോകാനുഗ്രഹത്തിനുവേണ്ടി സ്വജീവിതത്തെ അർപ്പിച്ചു. അന്യാദൃശമായ സ്വാധീനശക്തി പ്രയോഗിച്ചു സ്വവർഗ്ഗത്തെയും സ്വദേശത്തെയും അദ്ദേഹം അസമത്വത്തിൽനിന്നും അജ്ഞതയിൽനിന്നും ഉയർത്തി നിരരാം ഉത്കൃഷ്ടവും ഭാസുരവുമായ ഒരു സ്ഥിതിയിൽ പ്രതിഷ്ഠിക്കാൻ മനഃപൂർവം യത്നിച്ചു വിജയം നേടി. ആ മഹാന്റെ ജീവചരിത്രമാണു് ഇവിടെ പറയാൻ തുടങ്ങുന്നതു്.

അദ്ദേഹം ജനിച്ചതു് തിരുവനന്തപുരത്തുനിന്നു് ഏഴു മൈൽ വടക്കു കിടക്കുന്ന ചെമ്പഴന്തി ദേശത്തായിരുന്നു. പുത്തൻവീട്ടിൽ ഒരാളായ ചെമ്പഴന്തിപ്പിള്ളയുടെ ദേശം എന്ന വഴി ഇവിടം തിരുവിതാംകൂർ ചരിത്രത്തിൽ വിഖ്യാതമായിത്തീർന്നിട്ടുള്ളതാണു്. സ്വാമി ജനിച്ചതു വളരെ നിർദ്ധനമായ ഒരു കുടുംബത്തിലായിരുന്നു. ആ കുടിൽ ഇന്നും ഉണ്ടു്. അദ്ദേഹത്തിന്റെ ജനനം കൊ-വ. ൧൦൩൨-ാമാണ്ടു് ചിങ്ങമാസം ചതയത്തുനാളായിരുന്നു. ചിങ്ങമാസത്തിലെ ചതയംനാൾ ആണ്ടുതോറും ഇപ്പോൾ സ്വാമിയുടെ ജന്മനാളായി ആഘോഷിച്ചുപോരുന്നു

ണ്ടല്ലോ. അമ്മയുടെ പേർ കുട്ടിയെന്നും, അച്ഛന്റെ പേർ മാടനാശാൻ എന്നും ആയിരുന്നു. സ്വാമിക്കു മൂന്നു സഹോദരികൾ ഉണ്ടായിരുന്നു. സ്വാമിയുടെ അച്ഛനും, അമ്മാവന്മാരും സാമാന്യം വിദ്വാന്മാരായിരുന്നെന്നാണു അറിയുന്നതു. അച്ഛനും അമ്മയും ഇട്ട പേരു നാരായണനെന്നായിരുന്നു. പക്ഷെ ബാല്യത്തിൽ അദ്ദേഹത്തെ 'നാണു' എന്നു സാധാരണ വിളിച്ചുപോന്നു.

ബാല്യത്തിൽ അദ്ദേഹത്തിനു നല്ല ചൊടിചൊടിപ്പും പ്രസരിപ്പും ഉണ്ടായിരുന്നു. പൂജപ്പുരായിൽ ഒരുകളിററയ്ക്കുനാ പഴവും മററും എടുത്തു തിന്നുകളയുക പതിവായിരുന്നു. അഞ്ചുവയസ്സിൽ അദ്ദേഹത്തെ എഴുത്തിനിരുത്തി. പാരമ്പര്യം കൊണ്ടെന്നപോലെ വിദ്വത്വംകൊണ്ടും പ്രമാണിയായിരുന്ന ചെമ്പഴന്തി മൂത്തപിള്ളയായിരുന്നു എഴുത്തു തുടങ്ങിച്ചതു. അന്നത്തെ പാഠക്രമമനുസരിച്ചു മലയാളവും സംസ്കൃതവും പഠിച്ചുതുടങ്ങി. ഇത്ര ചെറുപ്പത്തിൽത്തന്നെ നല്ല ബുദ്ധിയും ഗ്രഹണപടുതയും അദ്ദേഹം വ്യക്തമാക്കിയിരുന്നു. സ്വാമി പ്രായമായതിനു ശേഷമാണു തമിഴ് പഠിച്ചതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്തായാലും അദ്ദേഹത്തിനു തമിഴിൽ നല്ല പാണ്ഡിത്യം അനന്തരകാലത്തുണ്ടായിരുന്നു എന്നു തീർച്ചയാണു. സാധുവൃത്തി സ്വീകരിച്ചു ഭിക്ഷാന്നംകൊണ്ടു നിത്യവൃത്തി കഴിച്ചിരുന്ന കാലത്തു തിരുവനന്തപുരത്തു ചാലയിൽ ഒരു പാണ്ടിക്കാരന്റെ തമിഴ്പുസ്തകക്കടയിൽ പോക പതിവായിരുന്നെന്നും, അന്നു അവിടെ ഉണ്ടായിരുന്ന പുസ്തകങ്ങൾ വായിച്ചാണു തമിഴിൽ പരിജ്ഞാനം ഉണ്ടായതെന്നും ഒരാൾ രേഖപ്പെടുത്തിയിട്ടുണ്ടു.

വിദ്യാഭ്യാസം അധികം അങ്ങനെ തുടരുന്നതിനു സാധിച്ചില്ല. നിത്യവൃത്തിക്കുവേണ്ടി വീട്ടിലുള്ളവരെ സഹാ

യിരുന്നതിനാൽ കന്നുകാലി മേയ്ക്കുവാൻ തുടങ്ങി. കാട്ടുപ്രദേശങ്ങളിൽ കന്നുകാലികളെ മേയ്ക്കാൻ കൊണ്ടു പോകുമ്പോൾ അവിടെ വൃക്ഷശാഖകളിൽ കയറിയിരുന്നു ശ്ലോകങ്ങൾ കാണാതെ പഠിക്കാൻ ശ്രമിച്ചിരുന്നു. വിശ്രമസമയങ്ങളിൽ അമ്മാവനോടു സംസ്കൃതവും, വൈദ്യവും തുടൎന്നു പഠിച്ചുകൊണ്ടുമിരുന്നു. ഇക്കാലത്തു പ്രാതഃസ്നാനവും, ജപവും മറ്റും പതിവായി അനുഷ്ഠിച്ചിരുന്നതുകൊണ്ടു 'നാണുഭക്തൻ' എന്നു അദ്ദേഹത്തെ വിളിച്ചുപോന്നു. ഈ ഭക്തികണ്ടു ഒരു 'വാത്തി' സ്വാമിയെ വിവാഹബന്ധത്തിൽ ഏൎപ്പെടുത്തുന്നതിനു ശ്രമിച്ചു. എന്നാൽ അയാളുടെ പ്രേരണയ്ക്കു നമ്മുടെ യുവഭക്തൻ വഴിപ്പെട്ടില്ല.

സ്വാമിക്കു ഇരുപതു വയസ്സു കഴിഞ്ഞപ്പോഴാണു ഉപരിവിദ്യാഭ്യാസത്തിനു പോകാൻ സംഗതിയായതു. അതിനു നിദാനമായ രണ്ടു കാൎയ്യങ്ങൾ ഉണ്ടു. അന്നു അദ്ദേഹത്തിനു വസൂരിരോഗം പിടിപെട്ടു. അമ്മാവനെയും മറ്റു ബാന്ധവന്മാരെയും അറിയിക്കാതെ അടുത്തുള്ള ഭഗവതി ക്ഷേത്രത്തിൽ ചെന്നു പതിനെട്ടു ദിവസം ഭജനം ഇരുന്നു. അന്നും കാലത്തു കുളിക്കും. മറ്റു വ്രതങ്ങൾക്കും യാതൊരു ഭംഗവും ചെയ്തിരുന്നില്ല. രാത്രികാലങ്ങളിൽ അടുത്തുള്ള ചില വീടുകളിൽ പോയി വല്ലതും വാങ്ങിക്കഴിക്കും. ബന്ധുഗൃഹങ്ങളിൽ എവിടെയെങ്കിലും പോയിരിക്കാമെന്നു വിചാരിച്ചു വീട്ടുകാർ സ്വാമിയെ അന്വേഷിച്ചതുമില്ല. പതിനെട്ടു ദിവസം കഴിഞ്ഞു പൂൎണ്ണമായി സുഖമായപ്പോൾ അദ്ദേഹം തിരിച്ചുചെന്നു വീട്ടുകാരോടു വിവരം പറഞ്ഞു. ഈ സംഭവം അവരെ എല്ലാം അത്ഭുതപ്പെടുത്തി. വേറൊരിക്കൽ അമ്മാവനു സംശയംവന്ന ഒരു സംസ്കൃതശ്ലോകത്തിനു തൃപ്തികരമായ വ്യാഖ്യാനം നൽകാൻ അദ്ദേഹത്തി

ന കഴിഞ്ഞു. ഈ രണ്ടു കാൎയ്യങ്ങളാലും അദ്ദേഹത്തെ ദൂരെ എവിടെ എങ്കിലും അയച്ചു വിദ്യാഭ്യാസം ചെയ്യിക്കേണ്ട താണെന്നു് അമ്മാവൻ തീൎച്ചപ്പെടുത്തി.

കരുനാഗപ്പള്ളിത്താലൂക്കിൽ പുതുപ്പള്ളിയിൽ രാമൻ പിള്ള ആശാൻ എന്ന വിദ്വാന്റെ ശിഷ്യനായി സ്വാമി പഠിക്കാൻ തുടങ്ങി. വാരണപ്പള്ളി എന്ന ഈഴവപ്രഭു കുടുംബത്തിലായിരുന്നു വിദ്യാഭ്യാസകാലം മുഴുവൻ താമസി ച്ചതു്. അസാധാരണമായ ധിഷണാവൈഭവംകൊണ്ടു് അദ്ദേഹം ആശാനു പഠിപ്പിക്കാവുന്നതെല്ലാം വേഗം വശ പ്പെടുത്തി. വ്യാകരണം, അലങ്കാരം തുടങ്ങിയുള്ള ശാസ്ത്ര ങ്ങളെല്ലാം രാമൻപിള്ള ആശാനിൽനിന്നു നല്ലവണ്ണം അ ഭ്യസിച്ചു. ൨൦ാമതു വയസ്സിൽ തുടങ്ങിയ പഠിത്തം ൨൩ാമതു വരെ തുടൎന്നു. അന്നു് അശ്ശേഷരോഗം പിടിപെടുകയാൽ അദ്ദേഹം വീട്ടിലേക്കു തിരിച്ചുപോയി. എന്നാൽ പഠിച്ചു താമസിച്ചിരുന്ന വാരണപ്പള്ളി ഭവനത്തോടു സ്വാമിക്കു് ആജീവം പ്രത്യേകമായ പ്രതിപത്തിയുണ്ടായിരുന്നു.

വീട്ടിൽ തിരിച്ചുപോന്നു രോഗം ഭേദപ്പെട്ടശേഷം അദ്ദേഹം കടയ്ക്കാവൂരും, അഞ്ചുതെങ്ങിലും മററും കുടിപ്പ ള്ളിക്കൂടം ഉണ്ടാക്കി കുട്ടികളെ പഠിപ്പിച്ചുതുടങ്ങി. അന്നു തൊട്ടു് അദ്ദേഹത്തിനു 'നാണു ആശാൻ' എന്നു പേരു സിദ്ധിച്ചു. അഞ്ചുതെങ്ങിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്തു് 'ജ്ഞാനേശ്വരം' ക്ഷേത്രത്തിന്റെ മണ്ഡപത്തി ലായിരുന്നു രാത്രി കഴിച്ചുപോന്നതു്. സുബ്രഹ്മണ്യോപാ സനയിൽ സ്വാമിക്കു് അന്നു വലിയ താൽപൎയ്യമുണ്ടാ യിരുന്നു. സ്വാമിയുടെ ശ്രദ്ധ ലോകകാൎയ്യങ്ങളിലാ ക്കാൻ വീട്ടുകാർ ഈ അവസരത്തിൽ വളരെ ശ്രമിച്ചു. മു ഖ്യ വിവാഹംകഴിപ്പിക്കാൻശ്രമിച്ചു വാത്തിയെ അവർ പ്രേ രിപ്പിച്ചു. നെടുങ്ങണ്ടക്കാരിയായ ഒരു സ്ത്രീയെ വിവാഹംക ഴിക്കാൻ 'നാണുആശാൻ' നിർബന്ധിതനായി. എങ്കിലും

സ്വാമി ആ സ്ത്രീയെ സ്പർശിച്ചിട്ടില്ല. ഏതാനും ദിവസം കഴിഞ്ഞു ഭാര്യാഭർത്തൃബന്ധത്തിൽ നിന്നു അവർ സ്വന്തമനസ്സാലെ വിമുക്തരാവുകയും ചെയ്തു.

കുറച്ചുകാലത്തിനകം വീട്ടു് ഉപേക്ഷിച്ചുപോകാൻ തന്നെ സ്വാമി തീർച്ചപ്പെടുത്തി. പിന്നീടു പല കാടുകളിലും വിജനപ്രദേശങ്ങളിലും സഞ്ചരിച്ചുപോന്നു. ഒരു ഉദ്ദേശ്യമില്ലാതെ അങ്ങനെ സഞ്ചരിക്കെ പെരുനെല്ലി കൃഷ്ണൻവൈദ്യരുടെ വീട്ടിൽ ചെന്നുചേർന്നു. അവിടത്തെ താമസത്തിനിടയിൽ ചട്ടമ്പിസ്വാമികളുമായി പരിചയപ്പെടാനും, അദ്ദേഹത്തിൽനിന്നും യോഗവിദ്യ മനസ്സിലാക്കാനും ഇടയായി. ഇങ്ങനെ അവർതമ്മിൽ അന്നു് ആരംഭിച്ച ദൃഢബന്ധം ആജീവം സുസ്ഥിരമായി നിലനിന്നു. ചട്ടമ്പിസ്വാമികളായിരുന്നു പിന്നീടു് സ്വാമികളെ തൈക്കാട്ടു അയ്യാവു് എന്ന ആളിനോടു പരിചയപ്പെടുത്തിയതും. അയ്യാവു് യോഗമുറകൾ ദൃഢമായി പരിശീലിച്ചിട്ടുള്ള ആളായിരുന്നു. യോഗാഭ്യാസം വശമായിരുന്നിട്ടും സന്യസിക്കാതെ തിരുവനന്തപുരം റസിഡൻസിയിൽ ശമ്പളത്തിലിരുന്നു ഈ അയ്യാവിന്റെ പക്കൽനിന്നാണു് ഗുരുസ്വാമി ഉപരിയോഗക്രമങ്ങൾ വശമാക്കിയതെന്നു പറയുന്നു. അതും ചട്ടമ്പിസ്വാമിയുടെ നിരന്തരസാഹചര്യവും ഉപദേശങ്ങളും അദ്ദേഹത്തിനു സിദ്ധിച്ചിരുന്നതായി അറിയുന്നു.

യോഗാഭ്യാസം പരിശീലിച്ചശേഷം സ്വാമി തപസ്സു ചെയ്യാനായി മരുത്വാമലയിലേക്കു യാത്രയായി. പിന്നീടു കുറേക്കാലത്തേക്കു സ്വാമിയുടെ ജീവിതഗതിയെപ്പറ്റി ശരിയായി ഒന്നും അറിയാൻ നിവൃത്തിയില്ലാതെയാണു് ഇരിക്കുന്നതു്. അനന്തരകാലങ്ങളിൽ പലപ്പോഴും ശിഷ്യന്മാരോടു പറഞ്ഞിട്ടുള്ള ചില വിവരങ്ങൾ മാത്രമേ നമുക്കു് അറിയാൻ കഴിയുന്നുള്ളു. അന്നു പച്ചിലകളും,

കിഴങ്ങുകളും തിന്നും പച്ചവെള്ളം കുടിച്ചും ജീവസന്ധാരണം നിർവ്വഹിച്ചുപോന്നു. അങ്ങനെ കഴിയുന്ന കാലത്തു് ഒരു രാത്രിയിൽ സമാധിയുണ്ടായപ്പോൾ സ്വാമിക്കു് വല്ലാത്ത വിശപ്പു തോന്നിയതായും, ഉടൻതന്നെ ഒരു കുഷ്ഠരോഗി സ്വാമിക്കു ഭക്ഷണം കൊണ്ടുചെന്നു കൊടുത്തതായും, വിശപ്പു തീർന്നപ്പോൾ ഭക്ഷണം കൊണ്ടുവന്ന ആൾ അപ്രത്യക്ഷനായതായും ഒരു കഥ സ്വാമികൾതന്നെ ശിഷ്യന്മാരോടു പറഞ്ഞിട്ടുണ്ടു്. സ്വാമി മരുത്വാമലയിൽ തപസ്സിരുന്ന കാലത്തു് ദുഷ്ടമൃഗങ്ങൾ അദ്ദേഹത്തിന്റെ സമീപത്തു ചെന്നു കിടക്കുക പതിവായിരുന്നു. അവ ഒന്നും അദ്ദേഹത്തെ ഉപദ്രവിച്ചിരുന്നില്ല.

കുറേക്കാലം ഇങ്ങനെ തപസ്സുചെയ്തശേഷം സ്വാമി മരുത്വാമല വിട്ടിറങ്ങി. അന്നുതൊട്ടു പല ദിക്കുകളിലും സഞ്ചരിച്ചു. കണ്ടവരെല്ലാം സ്വാമിയെ ഒരു ദിവ്യനെന്നു വിചാരിച്ചാദരിച്ചു. അതെങ്കിലും ഭ്രാന്തനെങ്കിലും കൊടുത്താൽ അതു ഭക്ഷിക്കും. വഴിയമ്പലങ്ങളിലും കിടന്നുറങ്ങും. സ്വാമി ഭക്ഷിക്കാതിരുന്നപ്പോൾ കുടിക്കാതിരുന്ന പല ദിവസങ്ങളും കഴിച്ചുകൂട്ടിയിട്ടുണ്ടു്. മിതമായിട്ടേ സംസാരിക്കുന്നതിലും, ഒരാൾ കൊടുക്കുന്ന ആഹാരം കഴിക്കുന്നതിലും സ്വാമികൾ വളരെ താല്പര്യമായിരുന്നു. സന്യാസിക്കുന്നതുവരെയും മത്സ്യവും മാംസവും കഴിക്കാതിരുന്ന അദ്ദേഹം സന്യസിച്ചതിനുശേഷം മത്സ്യം കൂട്ടുന്നതിൽ വളരെ പ്രിയം കാണിച്ചിരുന്നു. രാത്രിയിൽ കടൽപ്പുറത്തു കിടന്നു് ഉറങ്ങും. വെളുപ്പിനു എഴുന്നേറ്റു് കടലിൽ കുളിച്ചു നിത്യാനുഷ്ഠാനങ്ങൾ കഴിക്കും. ഏതു പാവപ്പെട്ട കുടിലിലും ചെല്ലും. പാവങ്ങൾ കൊടുക്കുന്നതു് എന്തും കഴിക്കും. നായന്മാരും, പാണ്ടിക്കാരും, മഹമ്മദീയരുമായിരുന്നു അന്നു് സ്വാമിയെ അധികമായി ആദരിച്ചതു്. മഹമ്മദീയരുടെ ജീവിതരീതിയോടും അവരുടെ

യോഗാഭ്യാസരീതിയോടും സ്വാമിക്കു് വളരെ ബഹുമാനമുണ്ടായിരുന്നു.

സർവ്വസംഗപരിത്യാഗം ചെയ്തു ഒരു ഭിക്ഷുവിന്റെ നിലയിൽ ഏറെനാൾകഴിച്ചിട്ടു് ൧൦൬൦-ാമാണ്ടു് സ്വാമി പൂവാറിന്റെ പതനസ്ഥലത്തിനടുത്തുള്ള അരുവിപ്പുറം എന്ന സ്ഥലത്തു ചെന്നുചേൻ. മഹാതപസ്വിയായ ഒരാൾ അരുവിപ്പുറത്തു വന്നു് താമസിക്കുന്നു എന്ന വാൎത്ത ദിക്കെങ്ങും പരന്നു. പലരും അവിടെച്ചെന്നു കണ്ടു ഭക്തിപൂർവ്വം പൂജിച്ചു് അദ്ദേഹത്തിന്റെ അനുഗ്രഹം സ്വീകരിച്ചു തിരിച്ചുപോന്നു. പല രോഗികളും, ഭൂതബാധിതരും മറ്റും സ്വാമിയെ കാണാൻ അരുവിപ്പുറത്തു ചെല്ലുക പതിവായിരുന്നു. അവരെ എല്ലാം അനുഗ്രഹിച്ചു സ്വസ്ഥരാക്കി അയയ്ക്ക പതിവായി. ഇങ്ങനെ അദ്ദേഹത്തിന്റെ പ്രസിദ്ധി വ്യാപിച്ചതോടുകൂടി സ്വാമിക്കും ഭക്തന്മാർക്കും വിദേശത്തുനിന്നും പലർ അവിടെവന്നു സദ്യകഴിച്ചുതുടങ്ങി. പതിവായി അനവധി ഭക്തന്മാർ വന്നുതുടങ്ങിയപ്പോൾ ഒരു ആരാധനാസ്ഥലം ഉണ്ടാകണമെന്നു സ്വാമി തീർച്ചപ്പെടുത്തി. ൧൦൬൩-ാമാണ്ടു ശിവരാത്രിനാൾ ആശ്രമത്തിനടുത്തു നദീതീരത്തുള്ള പാറയുടെ പുറത്തു് ഒരു ചെറിയ കല്ലെടുത്തു ശിവലിംഗപ്രതിഷ്ഠ ചെയ്തു. സ്വാമിയുടെ സങ്കല്പം മുൻകൂട്ടി അറിഞ്ഞിരുന്ന ഭക്തന്മാർ അവിടെ ചെറിയ ചില ഒരുക്കങ്ങൾ ചെയ്തിരുന്നു. സ്വാമി രാത്രി മൂന്നുമണിവരെ പ്രതിഷ്ഠയ്ക്കുള്ള കല്ലു കൈകളിൽ വച്ചു ധ്യാനിച്ചുകൊണ്ടു നിന്നു. അതിൽപിന്നെയാണു പ്രതിഷ്ഠ സാധിച്ചതു്. ഇതായിരുന്നു സ്വാമിയുടെ ആദ്യത്തെ ക്ഷേത്രസ്ഥാപനം. ഈ പ്രതിഷ്ഠാകൃത്യംകൊണ്ടു് ഭക്തന്മാരാണു് ക്ഷേത്രപ്രതിഷ്ഠയ്ക്കും ക്ഷേത്രാരാധനയ്ക്കും അധികാരികളെന്നു സ്വാമി സ്ഥാപിക്കയാണു ചെയ്തതു്. മതപരിഷ്കരണസമുദ്യുക്തനായ വേറൊരു ആചാര്യനും ഇമ്മാതിരി ഒരു

കർമ്മം അതിനുമുമ്പു ചെയ്യാൻ തുനിഞ്ഞിട്ടില്ലെന്നുള്ളതു് ശ്രദ്ധേയമാണു്. അചിരേണ സ്വാമി ശിവപ്രതിഷ്ഠചെയ്തസ്ഥലം ഒരു ക്ഷേത്രമായി രൂപാന്തരപ്പെട്ടു. ൧൦൭൦-ാമാണ്ടോടെ അരുവിപ്പുറത്തു് ഒരു സന്യാസിമഠവും പള്ളിക്കൂടവും സ്ഥാപിക്കുകയുംചെയ്തു.

അരുവിപ്പുറത്തു് സ്വാമിചെയ്ത ക്ഷേത്രപ്രതിഷ്ഠ വേഗംതന്നെ നാട്ടിലെങ്ങും പ്രസിദ്ധമായി. സവർണ്ണരുടെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനും, ആരാധിക്കുന്നതിനും നിവൃത്തിയില്ലാതെ മതസംബന്ധമായി അവശതകൾ അനുഭവിച്ചുപോന്ന ഈഴവസമുദായത്തിനു സ്വാമിയുടെ ഈ പ്രവൃത്തി വളരെ അഭിമാനപ്രദമായിത്തോന്നി. സ്വന്തം ക്ഷേത്രങ്ങൾ ഉണ്ടാക്കുന്നതിനും, സൗകര്യമായി ആരാധന നടത്തുന്നതിനും പുതിയ ഒരു മാർഗ്ഗം ഇങ്ങനെ ലഭിച്ചു. പല സ്ഥലങ്ങളിലും പിന്നീടു ക്ഷേത്രങ്ങൾ പ്രതിഷ്ഠിക്കാൻ പലരും സ്വാമിയെ നിർബന്ധിച്ചുതുടങ്ങി. ചിറയിൻകീഴ് ദേവേശപുരം ക്ഷേത്രമായിരുന്നു അടുത്തതായി സ്വാമി പ്രതിഷ്ഠിച്ചതു്. പിന്നീടു കുളത്തൂർദേശത്തു കോലത്തുകര ഭഗവതിക്ഷേത്രം നിന്നെടത്തു ശിവപ്രതിഷ്ഠചെയ്തു. ഈ പ്രതിഷ്ഠ കഴിഞ്ഞിട്ടു്,

'കോലത്തുകരക്കുടികൊണ്ടരുളും
ബാലപ്പിറചൂടിയവാരിധിയേ' എന്നു ചൊല്ലിനിറുത്തി. അന്നു കേവലം 'കുമാര'നായിരുന്ന കുമാരനാശാൻ ഇതു കേട്ടുകൊണ്ടു് അടുത്തുനിന്നിരുന്നു. അദ്ദേഹം ഇങ്ങനെ ശ്ലോകം പൂരിപ്പിച്ചു.

കാലൻ കനിവററുകുറിച്ചുവിട്ട-
ന്നോലപ്പടിയെന്നെയയക്കരുതെ.

പിന്നീടു വലിയ യശസ്വിയായിത്തീർന്ന ആശാൻ സ്വാമിയുടെ പ്രിയശിഷ്യനായിരുന്നെന്നുള്ള സംഗതി എല്ലാവർക്കും അറിവുള്ളതാണല്ലോ.

൧൦൭൦-ാമാണ്ടടുപ്പിച്ചു സ്വാമി ചിദംബരം, മധുര മുതലായ സ്ഥലങ്ങളിലൂടെ സഞ്ചരിച്ചു. ഡാക്ടർ പല്പുവിൻെറ ക്ഷണമനുസരിച്ചു ബാംഗ്ളൂരിലെത്തി. ഈഴവരുടെ അവശതകളെ പരിഹരിക്കുന്നതിനു ബദ്ധശ്രദ്ധനായിരുന്ന ഡാക്ടർ പല്പു അന്നു് അവിടെ പബ്ളിക്കഹെൽത്തു ഡയറക്ടരായിരുന്നു. സ്വാമികൾ കുമാരനാശാനെ ബാംഗ്ളൂരിൽ താമസിച്ചു വിദ്യാഭ്യാസം ചെയ്യിക്കാൻ പല്പുവിനെ ഏല്പിച്ചു.

ഈ വിദേശസഞ്ചാരം കഴിഞ്ഞു തിരിച്ചുവന്നപ്പോഴേക്കും സ്വാമിയുടെ കീർത്തി വളരെ വർദ്ധിച്ചിരുന്നു. ഈഴവസമുദായത്തിനു് ആകമാനം ഒരു നൂതനമായ ഉണർച്ചയും ആത്മാഭിമാനവിജൃംഭണവും സംഭവിച്ചു. സ്വാമികളുടെ മാഹാത്മ്യത്തെപ്പററി ഉറച്ച വിശ്വാസവും, അദ്ദേഹത്തോടു് അത്യന്തം ഭക്തിയും എല്ലാവർക്കും ഉണ്ടായി; നാരായണഗുരുസ്വാമി എന്ന പേരു് ഉറച്ചു. സ്വാമികളുടെ കല്പന കേൾക്കാൻ ഈഴവർ പ്രത്യേകം ശ്രദ്ധിച്ചു. ചില ഈഴവക്ഷേത്രങ്ങളിലുണ്ടായിരുന്ന കുരുതിയും, ദുർദ്ദേവതാരാധനയും അദ്ദേഹം നിറുത്തൽ ചെയ്തു. ഈഴവസമുദായത്തിനു കാലോചിതമായ പല പരിഷ്കാരങ്ങളും ഏർപ്പെടുത്തണമെന്നും, അവശസമുദായങ്ങൾക്കു് എല്ലാം നൂതനമായ ഒരു ഉന്മേഷം ജനിപ്പിക്കണമെന്നും സ്വാമിക്കു് അതിയായ താൽപര്യമുണ്ടായി. തൻെറ ധർമ്മത്തെ നിലനിർത്തുന്നതിനും, ആദർശങ്ങളെ പ്രചരിപ്പിക്കുന്നതിനും, ഈഴവർക്കു പൊതുവേയുള്ള അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്നതിനുമായി, ൧൦൭൮-ാമാണ്ടു് 'ശ്രീനാരായണധർമ്മപരിപാലനയോഗം' എന്ന പേരിൽ ഒരു സംഘം സ്ഥാപിച്ചു. ഈ സംഘത്തിൻെറ ആദ്യത്തെ കാര്യദർശി കുമാരനാശാൻ ആയിരുന്നു. ഗുരുവും ശിഷ്യനുംകൂടി കേരളത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചു സംഘത്തെ ബലപ്പെടുത്തുന്നതിനും

ആദർശങ്ങളെ പ്രചരിപ്പിക്കുന്നതിനും വളരെ പ്രയാസപ്പെട്ടിട്ടുണ്ട്. ഈ സംഘസ്ഥാപനമാണ് ഈഴവസമുദായത്തിന് അടുത്തകാലത്തുവന്നിട്ടുള്ള പ്രബുദ്ധതയ്ക്കു മുഖ്യമായ കാരണം എന്നു സംശയംകൂടാതെ പറയാവുന്നതാണ്.

ഇന്ന് ഈഴവക്ക് ഒരു പുണ്യസ്ഥലവും ശിവഗിരി എന്ന പേരിൽ വിഖ്യാതവുമായിത്തീർന്നിട്ടുള്ള വക്കലക്കുന്നിൽ സ്വാമി ൧൦൮൬-ൽ ഒരു കുടിൽ കെട്ടി താമസിച്ചുതുടങ്ങി. ഏറെ താമസിയാതെ ആ കുന്നു സ്വാമി സ്വന്തം പേരിൽ പതിപ്പിച്ചു. സ്വാമിയുടെ വാസംകൊണ്ട് അവിടെ ഒരു പാഠശാലയും, ശിവക്ഷേത്രവും ഉണ്ടായി. ൧൦൮൭-ാമാണ്ടു കന്നിമാസത്തിൽ അവിടെവെച്ച് എസ്. എൻ. ഡി. പി. യോഗത്തിന്റെ ഒമ്പതാമത്തെ വാർഷികസമ്മേളനം ആഘോഷിച്ചു. അന്നായിതന്നു സ്വാമി അവിടത്തെ ശാരദാപ്രതിഷ്ഠ നിർവഹിച്ചതു്. ശിവഗിരിയിൽ അന്ന് ഒരു മഹോത്സവംതന്നെആയിരുന്നു. പിന്നെ അധികം താമസിക്കാതെ സ്വാമികൾ ശിവഗിരിയിൽനിന്ന് ആലുവായ്ക്കു താമസം മാററി. ൧൦൮൯-ാമാണ്ടോടെ ആലുവ അദ്വൈതാശ്രമം സ്ഥാപിക്കാനുള്ള പ്രാരംഭചടങ്ങുകൾ ചെയ്തുകഴിഞ്ഞു. സ്വാമി സ്ഥാപിച്ച ആശ്രമവും, സംസ്കൃതപാഠശാലയും ഇന്നും ഭംഗിയായി അവിടെ നടന്നുപോരുന്നു.

സമുദായപരിഷ്കാരസംബന്ധമായും മററും സ്വാമികൾ ചെയ്തിട്ടുള്ള കാര്യങ്ങളെപ്പററി പറയുന്നതിനു മുമ്പു തലശ്ശേരി ജഗന്നാഥക്ഷേത്രപ്രതിഷ്ഠയെപ്പററിയും ചുരുക്കത്തിൽ പറയാം. ൧൦൭൬-ാമാണ്ടാണ് ആദ്യമായി സ്വാമി തലശ്ശേരി സന്ദർശിച്ചതു്. ആഘോഷപൂർവം സ്വാമിയെ തലശ്ശേരിക്കാർ സൽക്കരിച്ചു സ്വീകരിച്ചു. അവിടെ ഒരു ക്ഷേത്രമുണ്ടാക്കി സ്വാമികളെക്കൊണ്ടു പ്രതിഷ്ഠ

കഴിപ്പിക്കണമെന്ന് അവിടത്തുകാക്ക് അത്യന്തം ആഗ്രഹം ഉണ്ടായിരുന്നു. അവർ ക്ഷേത്രം പണിയിക്കയും, അവരുടെ അപേക്ഷപ്രകാരം സ്വാമി പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കയും ചെയ്തു. ആ ക്ഷേത്രത്തിന് 'ജഗന്നാഥം' എന്ന പേർ സ്വാമിതന്നെ കൊടുത്തു. കുറച്ചു സംവത്സരം കഴിഞ്ഞു സ്വാമിയുടെ ഒരു പ്രതിമ ഈ ക്ഷേത്രത്തിന്റെ മുമ്പിൽ ഒരു മണ്ഡപത്തിൽ സ്ഥാപിച്ചു എന്നുള്ളതും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

സംഗ്രഹരൂപത്തിലുള്ള ഈ ചരിത്രം നിറുത്തുന്നതിനുമുമ്പു സാമുദായികമായും മതസംബന്ധമായും സ്വാമി ചെയ്തിട്ടുള്ള പരിഷ്കാരങ്ങളെപ്പറ്റി ചുരുക്കത്തിൽ ചിലതു പറയാം. സ്വാമി എല്ലാമതത്തെയും ഒരുപോലെ ആദരിച്ചിരുന്ന ഒരു വിശാലമനസ്കനായിരുന്നു. 1099-ൽ ആലുവായിൽ ഒരു സർവ്വമതസമ്മേളനം സ്വാമി വിളിച്ചുകൂട്ടിയതു് ഇതിനു നല്ല ഒരു ദൃഷ്ടാന്തമാണ്. അന്ധവിശ്വാസങ്ങളോടു് അദ്ദേഹത്തിനു വളരെ വെറുപ്പായിരുന്നു. എല്ലാ മതങ്ങളുടെയും പരമതത്വം ഒന്നാണെന്നും, മതസ്പർദ്ധ ഒരിക്കലും അരുതെന്നും അദ്ദേഹം എന്നും ഉപദേശിച്ചിരുന്നു. ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നായിരുന്നു അദ്ദേഹത്തിന്റെ പരമസിദ്ധാന്തം. ഈഴവസമുദായത്തിലെ അന്തരമായ ദൂഷ്യങ്ങളെ ഉച്ചാടനം ചെയ്യുന്നതിനും, ആ സമുദായത്തിനു മതസംബന്ധമായും മറ്റുമുള്ള അവശതകളെ ഇല്ലാതാക്കുന്നതിനും സ്വാമികൾ വളരെ പ്രയത്നിച്ചിട്ടുണ്ട്. താലികെട്ടു നിറുത്തൽ ചെയ്തതു് സ്വാമിയുടെ വലിയ ഒരു വിജയമായിരുന്നു. ഒരിക്കൽ നെയ്യാറ്റിൻകരെ ഒരു വീട്ടിൽ താലികെട്ടുന്നതിനു സദ്യയുംമറ്റും നടന്നുകൊണ്ടിരിക്കുമ്പോൾ സ്വാമി അവിടെ ച്ചെന്നു താലികെട്ടു വേണ്ടെന്നു വയ്പിച്ചു് ആളുകളെ പിരിച്ചുവിട്ട കഥ അത്ഭുതാവഹമാണ്. വിദ്യാഭ്യാസം പ്രച

രിപ്പിക്കാനും, അഹിംസ, സ്നേഹം തുടങ്ങിയുള്ള സദ്ഗുണങ്ങൾ ദീക്ഷിക്കാനും, വ്യവസായത്തെ പുഷ്ടിപ്പെടുത്താനും സ്വാമി എല്ലാവരെയും നിർബന്ധിച്ചു. ക്രിസ്തുമതത്തിൽ ചേർന്ന പല ഈഴവരെയും വീണ്ടെടുത്തതിൽനിന്നും, മതപരിവർത്തനസംബന്ധമായ പല സംവാദങ്ങളിൽനിന്നും മതംമാററത്തിൽ സ്വാമികൾ തീരെ അനുകൂല്യമില്ലായിരുന്നെന്നു സുവ്യക്തമാണ്. സകല മതങ്ങളോടും ആദരവുണ്ടായിരുന്നെങ്കിലും സ്വാമികൾ ഹിന്ദുമതത്തോടു പ്രത്യേകം പ്രതിപത്തി ഉണ്ടായിരുന്നെന്നു ക്ഷേത്രസ്ഥാപനത്തിൽ നിന്നും മററും സുഗ്രഹമാണ്. എന്നാൽ, അക്കാര്യങ്ങളിലെല്ലാം സ്വാമി തികഞ്ഞ ഒരു ഉത്പതിഷ്ണുവായിരുന്നുതാനും. ജാതിവ്യത്യാസത്തെ സ്വാമി കർശനമായി എതിർത്തിരുന്നു. ഓരോ ജാതിയിലുമുള്ള ജന്തുക്കൾ സ്വജാതിയെ തിരിച്ചറിയാനുള്ള വിവേകമുണ്ടെന്നും, മനുഷ്യർ മാത്രമേ ആ വിവേകം നശിച്ചിട്ടുള്ളു എന്നും അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. മനുഷ്യജാതി എന്നൊരു ജാതിയല്ലാതെ മനുഷ്യരിൽ അവാന്തരജാതി ഉണ്ടായിക്കൂടാ എന്നായിരുന്നു സ്വാമിയുടെ സിദ്ധാന്തം. സ്വാമിയുടെ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിനു് ഒരു സന്ന്യാസിസംഘത്തെ ഏർപ്പെടുത്തിയിട്ടുണ്ട്.

എഴുപതാമത്തെ തിരുനാൾ കൊണ്ടാടിയശേഷം സ്വാമി തെക്കെ ഇൻഡ്യയിൽ പലെടത്തും സിലോണിലും ഒരു ദീർഘസഞ്ചാരം ചെയ്തു. വഴിയിൽ പലെടത്തു വച്ചും സ്വാമിയെ പലരും സല്ക്കരിച്ചു പൂജിക്കയുണ്ടായി. സിലോണിൽ എവിടെ എങ്കിലും ഒരു മലയിലിരുന്നു സമാധി അടയണമെന്നായിരുന്നു സ്വാമിയുടെ ആഗ്രഹം. എന്നാൽ സ്വാമിയുടെ സമാധിസ്ഥാനമാവുക എന്ന ഭാഗ്യം സിദ്ധിച്ചതു ശിവഗിരിക്കുതന്നെ ആയിരുന്നു. സഞ്ചാരത്തിനിടയ്ക്കുതന്നെ സ്വാമിക്കു സുഖക്കേടായി. മദ്രാസി

ച്ചും മററും ചികിത്സയിലിരുന്നശേഷം സ്വാമി ശിവഗിരിയിലെത്തി. അല്പകാലം രോഗവിവശനായിരുന്നു. പല വൈദ്യന്മാരും ശ്രദ്ധാപൂർവ്വം സ്വാമിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. സമാധിസമയം അടുത്തിരുന്ന വിവരം അദ്ദേഹത്തിനു നേരത്തേ അറിയാമായിരുന്നു. എഴുപത്തിരണ്ടു വർഷം ലോകാനുഗ്രഹത്തിനായി കഴിച്ചശേഷം അദ്ദേഹം ൧൧൦൪-ാമാണ്ടു കന്നിമാസത്തിൽ സമാധിയടഞ്ഞു.

സ്വാമിയുടെ സമാധിവിവരമറിഞ്ഞു് അനവധി ജനങ്ങൾ ശിവഗിരിയിൽക്കൂടി. വേണ്ട പൂജകളോടും, ചടങ്ങുകളോടും ശിവഗിരിയിൽ ഉയന്ന ഒരു ഭാഗത്തു് സമാധിയിരുത്തി. നാല്പത്തഞ്ചുദിവസംവരെ സമാധിസ്ഥലത്തു പൂജകൾ ചെയ്തുപോന്നു. സമാധിയാകുന്നതിനു മുമ്പു തന്നെ അനന്തരപരിപാടിയെ വിശദമാക്കി മരണപത്രം എഴുതിവച്ചിരുന്നു. ആ ശാസനപ്രകാരം അനന്തരഗാമിയായി നിശ്ചയിച്ചിരുന്ന ബോധാനന്ദസ്വാമിയും ഗുരുസ്വാമിയുടെ സമാധി അറിഞ്ഞു യോഗം സമാധിയടഞ്ഞു. പിന്നീടു ഗോവിന്ദാനന്ദനെ തത്സ്ഥാനത്തിൽ നിയമിച്ചു.

ഗുരുസ്വാമി ഒരു പ്രത്യേക സമുദായത്തിൻെറ വകയെന്നു വിചാരിക്കുന്നതു് അബദ്ധമാണു്. ജന്മംകൊണ്ടു് ഈഴവസമുദായത്തോടു് അദ്ദേഹത്തിനു് ബന്ധമുള്ളതുകൊണ്ടു് ഈഴവക്കു് അവരുടെ സ്വന്തം എന്നു് ന്യായമായി അഭിമാനിക്കാം. എന്നാൽ, അദ്ദേഹം മഹാനായ ഒരു കേരളീയനാണെന്നേ പരമാർത്ഥത്തിൽ വിചാരിക്കേണ്ടതുള്ളൂ. ക്ഷീണന്മാരെ പുലത്തുന്നതും, ധമ്മത്തെ ഉയത്തുന്നതുമായിരുന്നു അദ്ദേഹം വലിയ കൃത്യമായി കരുതിയിരുന്നതു്. ഈഴവക്കും, മററു് അധഃസ്ഥിതസമുദായങ്ങൾക്കും സാഹായ്യം അധികം ആവശ്യമായിരുന്നതുകൊണ്ടു് സ്വാമിയുടെ ശ്രദ്ധ ആ വഴിക്കു മുഖ്യമായി തിരിഞ്ഞു.

സ്വാമി നല്ല ഒരു പണ്ഡിതനും ചിന്തകനും ആയിരുന്നതു കൂടാതെ, ഒരു കവിയും ഫലിതരസികനും യുക്തിവാദപടുവുംകൂടി ആയിരുന്നു. പല ഗ്രന്ഥങ്ങളും സ്വാമി ചെയ്തിട്ടുണ്ട്. അനേകവിധ രോഗികളുടെ രോഗം ഭേദമാക്കിയിട്ടുണ്ട്. മറ്റുള്ളവരുടെ അഭിപ്രായം സ്വയം മനസ്സിലാക്കി അവരുടെ കഥനം കൂടാതെ അതിഷ്ടം സ്വീകരിക്കാൻ ചെന്നു് അവരെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. സ്വാമികളുടെ ഫലിതം വളരെ രസാവഹമായിരിക്കും. ഒരിക്കൽ ഒരാൾ പക്ഷിമൃഗങ്ങളെയും മറ്റും കൊന്നുകൂടി ക്കാതെ തനിയെ ചത്തവയുടെ മാംസം എന്തുകൊണ്ടു് തിന്നുകൂടാത്തതെന്നു സ്വാമിയോടു ചോദിച്ചു. അതിനു സമാധാനമായി 'അമ്മ ജീവിച്ചിരിപ്പുണ്ടോ' എന്നു സ്വാമി ചോദിച്ചു. 'മരിച്ചുപോയി' എന്നു് അയാൾ ഉത്തരം പറഞ്ഞപ്പോൾ, 'കുഴിച്ചിട്ടോ, തിന്നോ' എന്നു സ്വാമി വീണ്ടും ചോദിച്ചു. പറഞ്ഞു കൂടിയാൽ തന്നെത്താനെ ചത്തതു ഭക്ഷിക്കണമെങ്കിൽ ന്യായത്തിൽ പറഞ്ഞ അമ്മയെയും തിന്നണമല്ലോ!

മഹാനായ സ്വാമിയുടെ കീർത്തി അനശ്വരമായി പരിലസിക്കും.

V. വിഖ്യാതനായ ഒരു ചിത്രകാരൻ.

രവിവർമ്മകോയിത്തമ്പുരാൻ.

കേരളത്തിൽ ജനിച്ചിട്ടുള്ളവരിൽ രണ്ടുപേർ മാത്രമേ വിശ്വവിഖ്യാതി സമ്പാദിച്ചിട്ടുള്ളൂ. അദ്വൈതമതസ്ഥാപകനായ ശ്രീശങ്കരാചാര്യസ്വാമികളും, ചിത്രമെ

ത്തു കോയിത്തമ്പുരാനമാണു് അവർ. ഈ രണ്ടു മഹാന്മാരും ലോകത്തിലുണ്ടായിട്ടുള്ള മഹാപുരുഷന്മാരുടെ ഗണനയിലും ഉൾപ്പെടുമെന്നു പക്ഷപാതം കൂടാതെതന്നെ കല്പിക്കാവുന്നതാണു്. ശങ്കരാചാൎയ്യസ്വാമികളെപ്പോലെ ബുദ്ധിപാരമ്യമുള്ളവരായി ലോകത്തിൽ വേറെ ആരെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു് സംശയിച്ചാലും അത്ഭുതപ്പെടാനില്ല. രവിവൎമ്മയെപ്പോലെ ചിത്രകലാകൗശല്യം സിദ്ധിച്ചവർ ഉണ്ടായിട്ടില്ലതന്നെ.

സാഹിത്യാദി സുകുമാരകലകളോടു് അസാധാരണമായ പ്രതിപത്തിയുള്ള കിളിമാനൂർ കൊട്ടാരത്തിലായിരുന്നു തമ്പുരാന്റെ ജനനം. വിശിഷ്ടമായ പാരമ്പൎയ്യമുള്ള ഈ രാജകുടുംബത്തിലെ അംഗമായി ജനിച്ച തമ്പുരാനു ചിത്രമെഴുത്തിൽ ബാല്യംതൊട്ടേ അഭിരുചിയും, വാസനയും ഉണ്ടായതിൽ അത്ഭുതപ്പെടാനില്ല. ഇന്നും ആ കുടുംബത്തിൽ ആ പാരമ്പൎയ്യവും, വിദ്വജ്ജനപക്ഷപാതവും പുലൎത്തിപ്പോരുന്നു എന്നുള്ളതു് അഭിമാനകരമായ സംഗതിയാണു്.

ക്രി. വ. ൧൮൭൮-ാമാണ്ടാണു് തമ്പുരാൻ ജനിച്ചതു്. ബാല്യത്തിൽ ഗുരുവായിരുന്നതു് മാതുലനായ രാജരാജവൎമ്മകോയിത്തമ്പുരാനായിരുന്നു. രാജരാജവൎമ്മ നല്ല പണ്ഡിതനും, പ്രസിദ്ധനായ ഒരു ചിത്രകാരനും ആയിരുന്നു. രവിവൎമ്മ കൊട്ടാരത്തിലേ മറ്റു കൊച്ചുതമ്പുരാന്മാരുമൊത്തു് കുലഗുരുവിൽനിന്നു സംസ്കൃതവും മററും അഭ്യസിച്ചതിനു പുറമേ, അമ്മാവന്റെ പ്രത്യേകം മേൽനോട്ടത്തിൽ ചിത്രകലയും പരിശീലിച്ചുപോന്നു. സംസ്കൃതകാവ്യങ്ങളും, നാടകങ്ങളും ഹൃദിസ്ഥമാക്കാനും, കരിക്കട്ടകൊണ്ടു കാണുന്നിടത്തെല്ലാം ചിത്രംവരയ്ക്കാനും അവിടുത്തേക്കു് ഒരുപോലെ താൽപൎയ്യമായിരുന്നു. ബാല്യ

ത്തിൽ വശമാക്കിയ സംസ്കൃതസാഹിത്യം അനന്തരകാലത്തിൽ പുരാണകഥാഭിമുഖമായ ചിത്രരചനയിൽ അദ്ദേഹത്തെ പ്രവൎത്തിപ്പിച്ചു. അങ്ങനെ പുരാണകഥാസംബന്ധമായി അനവധി അത്യത്ഭുതകരങ്ങളായ ചിത്രങ്ങൾ അവിടുന്നു നിൎമ്മിക്കയും ചെയ്തു. ഹിന്ദുമതകഥകൾ അദ്ദേഹത്തിന്റെ സങ്കല്പത്തെ വികസിപ്പിച്ച്, കലയെ പരിപോഷിപ്പിച്ചു പരിശോഭാവഹമാക്കിത്തീൎത്തു.

അയിടയ്ക്കു് തിയൊഡർ ജെൻസൻ എന്ന ആംഗല ചിത്രകാരൻ തിരുവിതാംകൂർ സന്ദൎശിക്കയുണ്ടായി. ജെൻസനോടു പരിചയപ്പെടാൻ രവിവൎമ്മയ്ക്കു് സൌകൎയ്യം ലഭിച്ചു. തമ്പുരാനു ചിത്രകലയിലുണ്ടായിരുന്ന അസാമാന്യമായ വാസനയും പാടവവും ജെൻസനെ വിസ്മയിപ്പിച്ചു. എണ്ണച്ചായത്തിൽ പടം എഴുതാൻ ജെൻസൻ രവിവൎമ്മയെ പ്രേരിപ്പിച്ചു. അങ്ങനെ ആംഗലചിത്രകാരനായിരുന്ന എണ്ണച്ചായ ചിത്രങ്ങൾ വരയ്ക്കുന്നതിൽ തമ്പുരാനു ഗുരുവായിത്തീൎന്നതു്. ജെൻസന്റെ ഉപദേശങ്ങൾ പൂൎണ്ണസാഫല്യം പ്രാപിച്ചെന്നു് തമ്പുരാൻ അനന്തരകാലത്തു നിൎമ്മിച്ചിട്ടുള്ള ചിത്രങ്ങൾ വ്യക്തപ്പെടുത്തുന്നതാണു്.

ജെൻസന്റെ നിൎദ്ദേശപ്രകാരം തമ്പുരാൻ ആദ്യമായി രാജകുടുംബാംഗങ്ങളുടെ ചിത്രങ്ങൾ എഴുതി. ജെൻസന്റെ ചിത്രങ്ങളായിരുന്നു പ്രതികൃതിനിൎമ്മിതിയിൽ അദ്ദേഹത്തിനു മാതൃകകളായിരുന്നതു്. ആദ്യംതൊട്ടേ അദ്ദേഹത്തിന്റെ ചിത്രങ്ങളെപ്പററി എല്ലാവരും പ്രശംസിച്ചു പറഞ്ഞു. മററുള്ളവരുടെ പ്രശംസയും, പ്രോത്സാഹനവും പുതിയ പുതിയ ചിത്രങ്ങൾ നിൎമ്മിക്കാൻ തമ്പുരാനെ പ്രേരിപ്പിക്കയും ചെയ്തു. പല സങ്കല്പചിത്രങ്ങളും അവിടുന്നു് രചിച്ചു. പ്രഭുകുലജാതയായ ഒരു നാ

യർസ്ത്രീയുടെ ചിത്രം ആയിടയ്ക്ക് എഴുതി. ആ ചിത്രം ൧൮൭൩-ൽ ലളിതകലാപ്രദർശനത്തിൽ സമ്മാനാർഹമായി ഭവിച്ചു. തമ്പുരാനു ഗവർണ്ണരുടെ മെഡൽ കിട്ടുകയും ചെയ്തു. ജീവിതത്തെ ഇത്ര സൂക്ഷ്മമായി അനുസരിക്കുന്നതും, എന്നാൽ പ്രതിഭാശക്തിയുടെ പൂർണ്ണപ്രസരം വിളങ്ങിക്കാണുന്നതുമായ ഒരു ചിത്രം അതിനുമുമ്പ് ഉണ്ടായിട്ടില്ലെന്നു സമ്മതമായി. ആ ചിത്രത്തിൽ തെളിഞ്ഞുകണ്ട സൗന്ദര്യം അത്രമേൽ ആകർഷകമായിരുന്നു. ആ ചിത്രവും, പ്രദർശനത്തിൽനിന്നു ലഭിച്ച ബഹുമതിമുദ്രയും രവിവർമ്മയെ പ്രസിദ്ധനാക്കി. അന്നുതൊട്ട് അദ്ദേഹത്തിനു പ്രതിഷ്ഠ ലഭിച്ചു എന്നും പറയാം.

തമ്പുരാൻെറ ഈ വിജയം ഒരു പുതിയ ശത്രുവിനെ ഉണ്ടാക്കിവച്ചു. രാമസ്വാമിനായിഡു എന്നൊരു ചിത്രകാരൻ അന്നു തിരുവനന്തപുരത്തു കൊട്ടാരത്തിൽ ആശ്രിതനായി താമസിച്ചിരുന്നു. തമ്പുരാൻെറ ഉത്ഥാനത്തിൽ നായിഡുവിനു വല്ലാത്ത അസൂയ ഉണ്ടായി. നായിഡുവിനോടു പറഞ്ഞപ്പോഴ്ഴം ഉപദേശങ്ങൾക്കായി തമ്പുരാൻ അഭ്യർത്ഥിച്ചുവെങ്കിലും, സ്വല്പാല്പമായ നായിഡു ആ അപേക്ഷകളെ വിഗണിച്ചതേയുള്ളു. നായിഡുവിൻെറ ഈ വൈരമാററം തമ്പുരാൻെറ ശക്തിയെ ഉത്തേജിപ്പിക്കയാണു ചെയ്തതു്. അവിടുന്നു പൂർവാധികമായ ശ്രദ്ധയോടും, നിഷ്കർഷയോടും ചിത്രരചനയിൽ പ്രവർത്തിച്ചു. വേഗത്തിൽ നായിഡുവിനെ അതിശയിക്കുന്നതിനു് അദ്ദേഹത്തിനു തീരെ പ്രയാസമുണ്ടായില്ല. എന്നാൽ, അതുകൊണ്ടു് തമ്പുരാനു് അശേഷം അഹങ്കാരമോ അസൂയയോ ഉണ്ടായതുമില്ല. തനിക്കു വശമായിരുന്ന കലയോടുള്ള അമിതപ്രേമമല്ലാതെ മററു വിഷയങ്ങളിൽ അധികം ശ്രദ്ധയോ, ദുർവിചാരങ്ങൾകൊണ്ടു മനസ്സു പുണ്ണാക്കുന്ന ശീലമോ അദ്ദേഹത്തിനു് ഉണ്ടായിരുന്നില്ല.

൧൦൪൨-ൽ തന്നെ തമ്പുരാന്റെ വിവാഹം ആഘോഷിക്കപ്പെട്ടു. അവിടുന്നു പാണിഗ്രഹണം ചെയ്തതു്, സാഹിത്യചക്രവർത്തിപദത്തിൽ യശശ്ശരീരനായിത്തീർന്നിട്ടുള്ള കേരളവർമ്മ വലിയകോയിത്തമ്പുരാൻതിരുമനസ്സിലെ തമ്പുരാട്ടിയുടെ സഹോദരിയായ ഇളയറാണിയെ ആയിരുന്നു. ഈ ബന്ധം വളരെ ശോഭനമായി ഭവിച്ചു. അന്നുതൊട്ടു വിശാഖംതിരുനാൾ തിരുമനസ്സിലെ പ്രത്യേക പ്രീതിക്കു് രവിവർമ്മ പാത്രീഭവിച്ചു. കൊട്ടാരത്തിൽത്തന്നെ വേണ്ട ഉപകരണങ്ങളോടുകൂടിയ ഒരു ചിത്രശാല നിർമ്മിച്ചു് അവിടെ ഇരുന്നു ചിത്രരചനചെയ്വാൻ സൌകര്യമുണ്ടാക്കിക്കൊടുത്തു. തമ്പുരാനു പിന്നീടുണ്ടായിട്ടുള്ള ഉത്കർഷത്തിൽ വിശാഖംതിരുനാൾ മഹാരാജാ തിരുമനസ്സിലെ പ്രോത്സാഹനം ഒരു പ്രധാന കാരണമായിരുന്നു. തിരുമനസ്സിലെ നിർദ്ദേശപ്രകാരം രവിവർമ്മതമ്പുരാൻ അന്നു മദ്രാസ്ഗവർണ്ണരായിരുന്ന ഹോബർട്ടുപ്രഭു അവർകളെ സന്ദർശിച്ചു. തമ്പുരാൻ കാണിച്ച ചിത്രം കണ്ടു് അത്ഭുതപ്പെട്ടു് പ്രഭു ഒരു സ്വർണ്ണമെഡൽ സമ്മാനിച്ചു. ആ ചിത്രം പിന്നീടു വിയന്നായിൽവെച്ചു നടന്ന പ്രദർശനത്തിനു് അയച്ചു. അവിടെനിന്നും സ്വർണ്ണമെഡലും, ബഹുമതിപത്രവും കിട്ടുകയുണ്ടായി. ൧൦൪൮-ാമാണ്ടു മദ്രാസിൽവെച്ചു നടന്ന പ്രദർശനത്തിൽ തമ്പുരാൻ ഒരു ചിത്രം അയച്ചിരുന്നു. അവിടെ നിന്നും സ്വർണ്ണമെഡൽ സമ്മാനം ലഭിച്ചു. ഇതും, മററു ചില ചിത്രങ്ങളുംകൂടെ ൧൦൫൧-ാമാണ്ടു് ഇന്ത്യാസന്ദർശനം നടത്തിയ അവസരത്തിൽ വെയിൽസു രാജകുമാരനായ എഡ്വേർഡു തിരുമേനിക്കു സമ്മാനമായി കാഴ്ചവയ്ക്കുകയുണ്ടായി. ആ ചിത്രങ്ങൾ കണ്ടിട്ടു് അദ്ദേഹം തമ്പുരാനെ വളരെ ശ്ലാഘിച്ചു.

പുരാണകഥകളെ അസ്പദമാക്കി ചിത്രനിർമ്മിതി ചെയ്വാനായിരുന്നു തമ്പുരാന്റെ പിന്നീടുള്ള ശ്രമം. ആ രീതി

യിൽ വെച്ചിട്ടാണ് ആദ്യം നിർമ്മിച്ച ചിത്രം ശകുന്തള കാമലേഖം എഴുതുന്നതായിരുന്നു. ഇതിൽ അദ്ദേഹത്തിനു് അത്ഭുതകരമായ വിജയം സിദ്ധിച്ചു. ശകുന്തളയുടെ ആ ചിത്രം ലോകോത്തരമായിത്തീർന്നു എന്നു പറയാം. ൧൮൭൩-ൽ ശാകുന്തളം ചിത്രത്തിനു ഗവർണ്ണർ ജനറലിന്റെ സ്വർണ്ണമെഡൽ സമ്മാനമായി ലഭിച്ചു. എന്നുതന്നെയല്ല, ആ ചിത്രം ഗവർണ്ണർ ജനറൽ വാങ്ങിച്ചു സ്വഗൃഹത്തിനു് അലങ്കാരമായി വെച്ചു. അടുത്തവർഷം ഗവർണ്ണർ ജനറലിന്റെ പ്രതിപുരുഷനായ [illegible]ന്റെ അവശ്യപ്രകാരം [illegible] യൂറോപ്യൻ ചിത്രകാരന്മാരിൽ പലരും ശ്രമിച്ചിട്ടും [illegible] തന്റെ ചിത്രം എഴുതാൻ സാ[illegible] പ്രശംസിച്ചു പറയുന്ന[illegible] ആ ചിത്രം കണ്ടു സൂക്ഷ്മവും മോഹനവും [illegible].

[illegible] പുരാണം ആസ്പദമാക്കി തമ്പുരാൻ എഴുതിയ ചിത്രം '[illegible]ദേവിയുടെ മററാസത്യരംഗം' ആയിരുന്നു. [illegible] കല്പനപ്രകാരമായിരുന്നു [illegible]. ചിത്രത്തിന്റെ തന്മയത്വവും [illegible]കന്മാരായ തിരുമനസ്സിലെ അത്യന്തം [illegible]. ആ ചിത്രം സർ ടി. മാധവരായരു വിലയ്ക്കു വാങ്ങി. പൂനായിൽവെച്ചു നടന്ന കലാപ്രദർശനത്തിൽ ആ ചിത്രത്തിനു ബറോഡാ മഹാരാജാവായ ഗേയ്ക്കവാഡു കൊടുത്ത സ്വർണ്ണമെഡൽ ലഭിച്ചു. അതിന്റെ [illegible] മതിമറന്നു ബോംബെ ഗവർണർ [illegible] അനുഗ്രഹിച്ചു. അതു [illegible] കണ്ടപ്പോൾ ആ ചിത്രത്തിന്റെ വേറൊരു പ്രതി [illegible]യെക്കൊണ്ടുതന്നെ എഴുതിച്ചു കൊടുക്കണമെന്നു് അദ്ദേഹം മാധവരായരുവിനോടു് അപേക്ഷിച്ചു. രായരു ആ ചിത്രത്തിന്റെ വേറൊരു പ്രതി തമ്പുരാനെക്കൊണ്ടു് എഴുതിച്ചു ധാരയ്ക്കു സമ്മാനിച്ചു.

തമ്പുരാൻെറ വിഖ്യാതി ഇതിനിടയ്ക്ക് ലോകം എങ്ങും പരന്നു. ഇൻഡ്യയിലെ നാട്ടുരാജാക്കന്മാരെല്ലാം അദ്ദേഹത്തെ ക്ഷണിച്ചു പലവിധത്തിൽ ബഹുമാനിക്കയുണ്ടായി. ൧൮൮൫-ൽ മൈസൂർ മഹാരാജാവു തമ്പുരാനെ അങ്ങോട്ടു ക്ഷണിച്ചു. മൈസൂർ മഹാരാജാവിൻെറയും, രാജകുടുംബാംഗങ്ങളുടെയും ചിത്രം അവിടത്തെ അവശ്യപ്രകാരം എഴുതുകയുണ്ടായി. അതിനുശേഷം ഗേയ്ക്കുവാഡു് മഹാരാജാവിൻെറ ക്ഷണനമനുസരിച്ചു തമ്പുരാൻ ബറോഡയിലേക്കു പോയി. ഗേയ്ക്കുവാഡിൻെറ ആവശ്യപ്രകാരം അവിടെവച്ചു് അനവധി ചിത്രങ്ങൾ എഴുതിക്കൊടുത്തു. ഈ ചിത്രങ്ങൾ അദ്ദേഹത്തിൻെറ കീർത്തിയെ ഉത്തര ഇന്ത്യയിൽ പൂർവ്വാധികം വ്യാപിപ്പിച്ചു. അതിനുശേഷം അദ്ദേഹം ഉത്തര ഇന്ത്യയിൽ പലെടത്തും സഞ്ചരിച്ചു പലരുടെയും സൽകാരങ്ങളും ബഹുമാനങ്ങളും സ്വീകരിച്ചു.

തമ്പുരാൻെറ പേരു പ്രസിദ്ധമായതോടുകൂടി അവിടുന്നെഴുതിയ ചിത്രങ്ങൾ കിട്ടണമെന്നു പലക്കും ആഗ്രഹമുണ്ടായി. യൂറോപ്പിലും, അമേരിക്കയിലും അദ്ദേഹം രചിച്ച ചിത്രങ്ങൾ പ്രദർശിപ്പിച്ചപ്പോൾ അവയിൽ ആ ദേശക്കാൎക്കു സീമാതീതമായ കൗതുകം ജനിച്ചു. ൧൮൯൩-ൽ അമേരിക്കയിൽ ചിക്കാഗോയിൽവച്ചു നടത്തിയ ഒരു മഹാപ്രദർശനത്തിനു രവിവൎമ്മ കുറേ ചിത്രങ്ങൾ അയച്ചിരുന്നു. അമേരിക്കയിലെ പത്രങ്ങൾ രവിവൎമ്മയെ പ്രശംസിച്ചു പല ലേഖനങ്ങളും പരസ്യപ്പെടുത്തി. അവിടെനിന്നു് അനവധി കീർത്തിമുദ്രകൾ സമ്പാദിക്കാനും ഈ ചിത്രങ്ങൾ മുഖാന്തരം അദ്ദേഹത്തിനു സാധിച്ചു. അതിനുശേഷം അദ്ദേഹത്തിനു അനവധി മെഡലുകളും പല കീർത്തിമുദ്രകളും ലഭിക്കാൻ ഭാഗ്യമുണ്ടായി. ഇൻഡ്യാവൈസ്രായിയായിരുന്ന കഴ്സൻപ്രഭു, ഉദയപുരത്തെ മഹാരാ

ജാവായ പ്രതാപസിംഹൻ തുടങ്ങി അസംഖ്യം മഹാന്മാർ തമ്പുരാനെ വളരേ ശ്ലാഘിച്ചിട്ടുണ്ടു്. [illegible] വെയിൽസ്‌രാജകുമാരൻ തിരുമനസ്സുകൊണ്ടു് ഇന്ത്യ സന്ദർശിച്ചപ്പോൾ മദ്രാസ് ഗവർണ്ണരുടെ ക്ഷണം അനുസരിച്ചു രവിവർമ്മ രാജകീയ സംഘവുമൊരുമിച്ചു സഞ്ചരിച്ചു. രാജകുമാരൻെറ വേട്ടയെയും, മററു പല രംഗങ്ങളെയും സംബന്ധിച്ചു് അനവധി രസകരങ്ങളായ ചിത്രങ്ങൾ എഴുതി. രാജകുമാരൻെറ കൂടെയുണ്ടായിരുന്ന യൂറോപ്യൻ ചിത്രകാരന്മാരെല്ലാം തമ്പുരാൻെറ ചിത്രരചനാകൗശലം കണ്ടു് അത്ഭുതപ്പെട്ടു.

ഇങ്ങനെ ലോകം മുഴുവനും തൻെറ കലാകൗശലത കൊണ്ടു് സ്വാധീനമാക്കാൻ സാധിച്ച തമ്പുരാൻെറ മഹത്വത്തെപ്പററി എത്രതന്നെ പുകഴ്ത്തിയാലും കൂടിപ്പോകുന്നതല്ല. അദ്ദേഹത്തിൻെറ വിജയത്തിനുള്ള മുഖ്യരഹസ്യം ഭാരതീയകലയുടെയും പാശ്ചാത്യകലയുടെയും സുന്ദരാംശങ്ങളെ സമ്മേളിപ്പിച്ചു് ഒരു നൂതനസമ്പ്രദായം കണ്ടുപിടിച്ചതാണെന്നുവേണം പറയാൻ. പുരാണകഥകളെ ആസ്പദമാക്കി ചിത്രനിർമ്മിതി ചെയ്യുമ്പോൾ ഇന്നത്തെ രുചിക്കു ചേരത്തക്ക പരിഷ്കാരങ്ങൾ ചെയ്തും, എന്നാൽ പൗരാണികപദ്ധതിയെ വിസ്മരിക്കാതെയും അദ്ദേഹം തന്മയത്വവും ആകർഷണീയതയും നേടി. പാശ്ചാത്യവും പൗരസ്ത്യവുമായ സമ്പ്രദായങ്ങളെ സമ്മേളിപ്പിച്ചു ചിത്രരചന ചെയ്തതിൽ ചിലരെല്ലാം അദ്ദേഹത്തെ അപഹസിച്ചിട്ടുണ്ടു്. എന്നാൽ, സൗന്ദര്യദൃഷ്ടിയുള്ള കലാരസികന്മാരെല്ലാം തമ്പുരാനെ മുക്തകണ്ഠം പുകഴ്ത്തുകയേ ചെയ്തിട്ടുള്ളു. 'ഹംസദമയന്തി, 'കാളിയമർദ്ദനം' തുടങ്ങിയുള്ള ചിത്രങ്ങൾ ചിത്രകലാപാരമ്യത്തിനു നിദർശകങ്ങളാണെന്നു പരക്കെ സമ്മതി സിദ്ധിച്ചിട്ടുള്ളവയാണു്. പ്രത്യേകമായ ചില സിദ്ധാന്തങ്ങളെ അനുസരിച്ചു കലയെ സങ്ക

ചിത്രമാക്കാനല്ല അവിടുന്നു ശ്രമിച്ചിരുന്നതു്. നിയമങ്ങൾ ചിലതു പോയാലും ചിത്രം ആകർഷകമായിരിക്കണമെന്നേ അവിടുത്തേക്കു താല്പര്യമുണ്ടായിരുന്നുള്ളു. അന്തരമായ പരിശുദ്ധിയും, ബാഹ്യമായ സൗന്ദര്യവും ഒരുപോലെ ഇണങ്ങിച്ചേർന്നവിധമാണു് ഹംസദമയന്തീചിത്രത്തിൽ ദമയന്തിയുടെ നില. കാളിയമർദ്ദനത്തിലെ കൃഷ്ണനാകട്ടെ ഭാവനാലോകത്തിലെ സ്വാതന്ത്ര്യപതാകയാണു്. ഇത്ര അത്യാകർഷകമായ ഒരു ചിത്രം വേറെ ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. ആ പടം ഒരിക്കൽ കണ്ടാൽ ശ്രീകൃഷ്ണഭക്തന്മാർക്കാരം നവീനമായ ആനന്ദം ഉണ്ടാകും. ഹാ! അപാദചൂഡം എത്രയോ തന്മയത്വത്തോടെയാണു് കൃഷ്ണനെ ചിത്രപ്പെടുത്തിയിട്ടുള്ളതു്. ശ്രീകൃഷ്ണനും കാളിയനും മാത്രമേ പ്രത്യക്ഷമായി കാണിച്ചിട്ടുള്ളു. ഫണിഫണത്തിൽ നിന്നപീലികളും നിരക്കവെ ചുരുട്ടിച്ചമച്ചിട്ടുണ്ടിരുന്ന കൃഷ്ണനെ എഴുന്നേറ്റുവൽ കാണിച്ചുതരുന്നു. കാളിയശിരസ്സിൽ നൃത്തം ചെയ്യുന്ന ഉണ്ണികൃഷ്ണനെ കണ്ടുമാത്രം നമുക്കു പ്രത്യക്ഷപ്പെടുത്തുന്നു. കാളിന്ദീയമുനാനദി കോളത്തിന്റെ മേന്മ ഇതുതന്നെ നിസ്സന്ദേഹവതല്ല.

തമ്പുരാന്റെ ജീവിതത്തിന്റെ അന്ത്യഘട്ടത്തു് ചിത്രങ്ങളും അച്ചടിക്കുന്നതു പരിശോധിക്കുന്നതിനായി ബൊംബായിൽ കഴിക്കേണ്ടിവന്നു. ഭാരതം മുഴുവൻ അദ്ദേഹത്തിന്റെ ചിത്രങ്ങൾക്കു പ്രചാരവും പ്രസിദ്ധിയും കിട്ടി. അതിശ്രമം ചെയ്തതുകൊണ്ടു് അദ്ദേഹത്തിനു ക്ഷീണം കൂടിക്കൂടി വന്നു. തന്റെയും, തന്റെ നാട്ടിന്റെയും പേരും പെരുമയും വളർത്തിയ അവിടുന്നു ൧൯൦൬--ഒക്ടോബർമാസത്തിൽ യശശ്ശരീരനായിത്തീർന്നു. അധുനിക തിരുവിതാംകൂറിൽ ഉണ്ടായിട്ടുള്ള മഹാന്മാരിൽ പ്രസിദ്ധികൊണ്ടും കലാപ്രാവീണ്യംകൊണ്ടും

തമ്പുരാൻ പ്രഖ്യാതനായ മഹാകവിയാണെന്നു നിസ്സംശയം പറയാം. അദ്ദേഹത്തിന്റെ കീൎത്തി നമ്മുടെ രാജ്യത്തിനു് എന്നെന്നേക്കും അഭിമാനകരമാണു്.

---

vi. ഒരു മഹാപണ്ഡിതൻ

[illegible] കോയിത്തമ്പുരാൻ.

[illegible] തമ്പുരാക്കന്മാർ അവിടത്തെ സം[illegible] അവരുടെ [illegible] വള[illegible] സൎവ്വത്ര [illegible] നല്ലവ[illegible]. [illegible] ഒരു [illegible] ഭാഷ[illegible] ശാസ്ത്രഗ്ര[illegible] കേരളീയ[illegible] അത്യന്തമാണു്. ഈ മഹാവിദ്വാന്റെ ജീവചരിത്രം ചുരുക്കത്തിൽ ഉപന്യസിക്കാം.

[illegible] ബ്രിട്ടീഷുമലബാറിൽ [illegible] തിരുവിതാംകൂറിനെ അഭയം പ്രാപിച്ചിട്ടുള്ള കഥ ചരിത്രപ്രസിദ്ധമാണല്ലോ. അക്കൂട്ടത്തിൽ ഒന്നായിരുന്നു പരപ്പനാട്ടു രാജവംശം. ഈ രാജവംശത്തിനു തിരുവിതാംകൂർ മഹാരാജാവിന്റെ ഔദാൎയ്യപൂൎവ്വമായ സ്വീകരണം ലഭിച്ചു. ചങ്ങനാശ്ശേരിയിലായിരുന്നു അവൎക്കു താമസിക്കാൻ തയാർ ചെയ്തിരുന്നതു്.

ഈ കുടുംബത്തിനു് അനന്തരകാലങ്ങളിൽ തിരുവിതാംകൂർ രാജവംശത്തോടുതന്നെ ബന്ധമുണ്ടാകാനും സംഗതിയായി. സ്വാതിതിരുനാൾ തിരുമേനിയുടെ പിതാവു് ഈ കുടുംബത്തിൽപ്പെട്ട രാജരാജവർമ്മ കോയിത്തമ്പുരാനായിരുന്നുവെന്ന സംഗതിയാണു് ഇവിടെ സൂചിപ്പിക്കുന്നതു്. ആ രാജരാജവർമ്മ കോയിത്തമ്പുരാൻെറ അനന്തരവനാണു് കേരളകാളിദാസനെന്ന പേരെടുത്ത കേരളവർമ്മ വലിയകോയിത്തമ്പുരാൻ എന്നുള്ളതും സ്മരണീയമാണു്. അവിടുത്തെ ഭാഗിനേയനാണല്ലോ ഏ. ആർ. തമ്പുരാൻ. ഇങ്ങനെ, ആ രാജവംശം പാരമ്പര്യാഗതമായ പാണ്ഡിത്യംകൊണ്ടു വിഖ്യാതമാണു്.

രാജരാജവർമ്മ ജനിച്ചതു് കൊ. വ. ൯൭൭-ാമാണ്ടായിരുന്നു. അവിടുത്തെ മാതാവു് കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ സഹോദരി ഭരണിനാൾ തമ്പുരാട്ടിയും, പിതാവു് ഏററുമാനൂർക്കാരനായ ഒരു നമ്പൂരിപ്പാടും ആയിരുന്നു. ഈ നമ്പൂരിപ്പാടു വേദാന്തശാസ്ത്രനിഷ്ണാതനും, ഫലിതപ്രിയനും, വിശാലമനസ്കനും ആയിരുന്നു. പുത്രനിൽ പ്രതിഫലിച്ചിട്ടുള്ള മഹത്വത്തിൽനിന്നും, ഗുണങ്ങളിൽനിന്നും മാതാപിതാക്കളുടെ യോഗ്യതയെപ്പററി നമുക്കു് ഊഹിക്കാവുന്നതാണു്.

തമ്പുരാനു രണ്ടുവയസ്സുമാത്രമുണ്ടായിരുന്നപ്പോൾ അവിടുത്തെ കുടുംബചരിത്രത്തിൽ പ്രധാനമായ ഒരു സംഭവം ഉണ്ടായി. ചങ്ങനാശ്ശേരിയിൽനിന്നും ഏതോ ചില കലഹങ്ങൾ ഹേതുവായി ഹരിപ്പാട്ടേക്കു താമസം മാറേറണ്ടിവന്നു. കുടുംബത്തിലേ മൂത്തതമ്പുരാനോടു പിണങ്ങി ഒരു താവഴിക്കാർ ഇങ്ങോട്ടു താമസം മാററുകയാണു് ഉണ്ടായതു്. ഈ കുടുംബച്ഛിദ്രം ഹേതുവായി മാറിപ്പോന്ന തമ

യ്‌വഴിക്കാർക്കു വളരെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിയിരുന്നു. എന്നാൽ, വേഗംതന്നെ ആയില്യം തിരുനാൾ മഹാരാജാവിന്റെ ദയാദൃഷ്ടിക്കു് ആ കുടുംബം പാത്രമായിത്തീർന്നു. ആ തിരുമനസ്സുകൊണ്ടു കാർത്തികപ്പള്ളിയിൽ ഒരു കൊട്ടാരം തീർപ്പിച്ചു് ഈ രാജകുടുംബാംഗങ്ങളെ അവിടെ താമസിപ്പിച്ചു. 'അനന്തപുരം' എന്ന പേരിൽ പ്രസിദ്ധമായിട്ടുള്ള ഈ കൊട്ടാരത്തിലായിരുന്നു 'കേരളപാണിനി' ബാല്യം കഴിച്ചതു്.

ശൈശവത്തിൽ അവിടുത്തെ ഗുരുക്കന്മാർ ചുനക്കര അച്യുതവാരരും ശങ്കരവാരരും ആയിരുന്നു. അവരുടെ കീഴിൽ മലയാളവും കുറെ സംസ്കൃതവും പഠിച്ചു. സംസ്കൃതത്തിൽ ഉപരിഗ്രന്ഥങ്ങൾ പഠിപ്പിച്ചതു് അവിടുത്തെ മാതുലനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻതന്നെ ആയിരുന്നു. അന്നു കേരളകാളിദാസൻ രാജദ്രോഹത്തിനു പാത്രമായി കല്പനയനുസരിച്ചു ഹരിപ്പാട്ടു താമസിക്കാൻ നിർബന്ധിതനായിരുന്നെന്നും മറ്റുമുള്ള കാര്യങ്ങൾ പരക്കെ അറിയാവുന്നതാണല്ലോ. ൧൦൫൦ തൊട്ടു ൫൫-ാമാണ്ടു വലിയകോയിത്തമ്പുരാൻ മറ്റു വഴി കാണാതെ അനന്തപുരത്തുകൊട്ടാരത്തിൽതന്നെ താമസിക്കേണ്ടിവന്നപ്പോൾ ഭാഗിനേയന്റെ വിദ്യാഭ്യാസത്തിൽ ശ്രദ്ധപതിപ്പിക്കാൻ തുടങ്ങി. രാജരാജവർമ്മയോടൊത്തു് രവിവർമ്മ കോയിത്തമ്പുരാനും, ചെമ്പ്രമഠത്തിൽ കേരളവർമ്മ കോയിത്തമ്പുരാനും മറ്റും കേരളകാളിദാസന്റെ ശിഷ്യന്മാരായി അന്നു് ഉണ്ടായിരുന്നു. ബുദ്ധിവൈഭവംകൊണ്ടും, പഠിത്തത്തിലുള്ള ശ്രദ്ധകൊണ്ടും സതീർത്ഥ്യന്മാരെ അതിശയിക്കാനും, ഗുരുനാഥനെ വിസ്മയിപ്പിക്കാനും രാജരാജവർമ്മയ്ക്കു വേഗം സാധിച്ചു. ഒരിക്കൽ വലിയകോയിത്തമ്പുരാന്റെ ആജ്ഞാനുസരണം രാജരാജവർമ്മ നിർമ്മിച്ച ഒരു ഗണേശാഷ്ടകം ഗുരുവിന്റെ ശ്ലോകങ്ങളോടൊപ്പം അന്ന

ന്തപുരത്തു വലിയ കോയിത്തമ്പുരാന്റെ പ്രശംസയ്ക്കു പാത്രമായിത്തീൎന്നു. വലിയകോയിത്തമ്പുരാന്റെ മേൽനോട്ടത്തിൽ തന്നെ ശാസ്ത്രങ്ങളിലും, സാഹിത്യത്തിലും വേണ്ട പ്രവേശവും പ്രാഗത്ഭ്യവും സമ്പാദിപ്പാൻ ബാല്യത്തിൽതന്നെ കേരളപാണിനിക്കു സാധിച്ചു.

൧൦൫൫-ാമാണ്ടോടെ കേരളവൎമ്മ വലിയകോയിത്തമ്പുരാന്റെ ദുഷ്കാലം അവസാനിച്ചു. വിശാഖം തിരുനാൾ തിരുമനസ്സിലെ കല്പനപ്രകാരം വീണ്ടും അവിടുന്നു തിരുവനന്തപുരത്തു താമസമാക്കി. രാജരാജവൎമ്മയ്ക്കും ഇംഗ്ലീഷു വിദ്യാഭ്യാസത്തിനു തിരുവനന്തപുരത്തു പോകാൻ അങ്ങനെ സൌകൎയ്യം സിദ്ധിച്ചു. വലിയകോയിത്തമ്പുരാന്റെ ഉപദേശപ്രകാരം അദ്ദേഹം രാജകീയപാഠശാലയിൽ ചേൎന്നു. പഠിച്ചുതുടങ്ങി. കിളിമാനൂർ കൊട്ടാരത്തിലെയും മററും കൊച്ചുതമ്പുരാക്കന്മാരും അവിടത്തേക്കു കൂട്ടുകാരായി അന്നു് ആ പള്ളിക്കൂടത്തിൽ ഉണ്ടായിരുന്നു. ഇംഗ്ലീഷു പഠിക്കാൻ തുടങ്ങിയ വൎഷം അവിടത്തേക്കു നാടുവാഴുന്ന തമ്പുരാന്റെ തൃക്കൈയ്യിൽനിന്നു സമ്മാനം ലഭിക്കാൻ ഭാഗ്യമുണ്ടായി. മുൻകൂട്ടി രണ്ടു വിഷയങ്ങൾ കൊടുത്തിട്ടു് അതിൽ ഒന്നിനെപ്പററി സംസ്കൃതത്തിൽ ഉപന്യാസം എഴുതണമെന്നായിരുന്നു വിശാഖംതിരുനാൾ തിരുമേനിയുടെ കല്പന. മഹാരാജാവു തിരുമനസ്സിൽനിന്നുതന്നെ ഉപന്യാസം പരിശോധിച്ചു സമ്മാനം കൊടുക്കുമെന്നുള്ളതുകൊണ്ടു് പലരും സാഹസപ്പെട്ടു് ഉപന്യാസം എഴുതി അയച്ചു. ഈ ഉപന്യാസങ്ങൾ മഹാരാജാവും, വലിയകോയിത്തമ്പുരാനും പ്രത്യേകം പരിശോധിച്ചു. രണ്ടുപേരും രാജരാജവൎമ്മയുടെ ഉപന്യാസംതന്നെ പ്രഥമ സമ്മാനാൎഹമെന്നു വിധിച്ചു. ഉപന്യാസകൎത്താവിന്റെ പേരിൽ വിശാഖം തിരുനാളിനു് അളവററ തൃപ്തിയുണ്ടായി. അവിടുന്നു് അൻപതു രൂപാ കല്പിച്ചു സമ്മാനിച്ചു.

[illegible] അവിടുത്തെ അമ്മ മരിച്ചു. സംഖ്യാ[illegible] വാസനയുംകൊണ്ട് പഠിത്തം തുടർന്നുകൊണ്ടു [illegible] പ്രയാസമില്ലെന്നായി. എന്നുതന്നെയല്ല, ക്ലേ[illegible] പഠിത്തത്തിനുവേ[illegible] അല്പം പതങ്ങളിലായി. എന്നാൽ, [illegible] ത്തിൽനിന്ന് ഒരു പോം വഴി തോന്നി. മെട്രിക്കുലേഷൻ ജയിച്ചു കാളേജിൽ ചേരാൻ [illegible] ശിക്ഷിക്കുന്ന കാര്യം മഹാ രാജാവി[illegible] തിരുമനസ്സിലെ സീമന്തപുത്രൻ ശ്രീ[illegible] തിരുമനസ്സിലും മെട്രിക്കുലേഷൻ പരീക്ഷ[illegible]. അദ്ദേഹത്തോടൊത്തു രാജകുമാരന്മാരുടെ [illegible] പഠിക്കാമെന്നും, പ്രൈവറ്റായിട്ടു പരീക്ഷയ്ക്കു ചേരാൻ സർവ്വകലാശാലയുടെ അനുവാദം സമ്പാദിച്ചുകൊള്ളാമെന്നും മഹാരാജാവു കല്പിച്ചു. ഇതു സകലർക്കും വലിയ ഒരു അനുഗ്രഹമായിരുന്നു. രാജകുമാരന്മാ[illegible], [illegible] കുഞ്ഞുണ്ണിമേനോനവർകളാണ് [illegible] തമ്പുരാന്റെയും ഗുരുനാഥന്മാരായിരുന്നത്". [illegible] മഹാരാജാവു അയിടയ്ക്കു നാട്ടിൽ [illegible] അകപ്പാടെ തിരിഞ്ഞു. വീണ്ടും കാളേജിൽ [illegible] എഫ്. ഏ. പരീക്ഷയിൽ ജയിച്ചു.

[illegible] ബി. ഏ. ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ [illegible] ഉദ്യോഗങ്ങളിലും ഇതരത്ര പ്രസിദ്ധന്മാരായി ഉടയായിട്ടുള്ള പലരും അവിടുത്തെ സതീർത്ഥ്യന്മാരായിരുന്നു. ഇവരുടെ കൂട്ടത്തിൽ ഉദയവർമ്മ രാജാ ബി. ഏ., [illegible] രാജരാജവർമ്മ എം. ഏ. ബി. എൽ; [illegible] രവിവർമ്മരാജാ എം. ഏ. ബി. എൽ., കേരളവർമ്മത്തമ്പുരാൻ അവർകൾ ബീ. ഏ.; ഡാക്ടർ കൃഷ്ണൻ പണ്ടാല [illegible] തുടങ്ങിയവരെല്ലാം അവിടുത്തെ ഉററ സ്നേഹിതന്മാരായിരുന്നു. കൂട്ടുകാരുമൊത്തു വിനോദയാ

ത്തുകൾ പോകാനും, പല നേരംപോക്കുകളിൽ ഉൾപ്പെടാനും, നിലാവുള്ള രാത്രികളിൽ കടൽപ്പുറത്തുപോയി കിടക്കാനും അവിടുത്തേയ്ക്കു് വളരെ ഉത്സാഹമുണ്ടായിരുന്നു. ബുദ്ധിമാനായ അവിടുത്തേയ്ക്കു പഠിത്തത്തിൽ അത്ര വളരെ ക്ലേശിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. എങ്കിലും, ഐച്ഛികമായി സ്വീകരിച്ച ശ്രേഷ്ഠമായ രസതന്ത്രത്തിൽ പ്രത്യേകം ശ്രദ്ധകാണിക്കാഞ്ഞതുകൊണ്ടു് പരീക്ഷയ്ക്കു് അവിഷയത്തിനുമാത്രം തോല്ക്കാൻ ഇടയായി. ഈ പരാജയം തമ്പുരാന്റെ മനസ്സിനെ സാരമായി സ്പർശിച്ചു. ഈ തോൽവിയെപ്പറ്റിയാണു് അവിടുന്നു് 'ഭംഗവിലാപം' എന്ന സംസ്കൃതലഘുകാവ്യം രചിച്ചതു്. പിന്നീടു് ശ്രദ്ധാപൂർവ്വം പഠിച്ചു് അടുത്തതവണതന്നെ ബി. ഏ. യ്ക്കു ജയിച്ചു.

ബി. ഏ. ബിരുദം കിട്ടുന്നതിനു് അല്പം മുമ്പുതന്നെ അവിടുത്തെ വിവാഹവും നടന്നു. വിവാഹം കഴിച്ചതു് മാവേലിക്കര കുടുംബത്തിലെ സ്വാതിനാൾ അമ്മതമ്പുരാട്ടിയെ ആയിരുന്നു. 'പരസ്പരച്ഛേച്ഛതയാ' ഈ ബന്ധം അവിടുത്തേയ്ക്കു വളരെ അനുഗ്രഹകരമായി പരിണമിച്ചു. വിവാഹാനന്തരം രണ്ടുവർഷം മാവേലിക്കരെത്തന്നെ കഴിച്ചുകൂട്ടി. വിനോദങ്ങളിലും സാഹിത്യാഭ്യാസത്തിലും ഉൾപ്പെട്ടു് സമയം കഴിച്ചുപോന്നു. ഇക്കാലത്തു് കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നിർദ്ദേശപ്രകാരം പല മാസികകളിലേക്കും രാജരാജവർമ്മ ലേഖനസഹായം ചെയ്തുകൊണ്ടിരുന്നു. ഈ ലേഖനങ്ങൾ പണ്ഡിതന്മാരുടെ സവിശേഷമായ പ്രശംസയ്ക്കു പാത്രമായിത്തീർന്നു.

൧൦൬൯-ാമാണ്ടു് ഒരു പുത്രി ജനിച്ചതോടുകൂടി എന്തെങ്കിലും ഉദ്യോഗം സമ്പാദിച്ചാൽ കൊള്ളാമെന്നു് അവിടുത്തേയ്ക്കു് ആഗ്രഹമുണ്ടായി. ആയാണ്ടുതന്നെ സംസ്കൃതപാഠശാലയുടെ പരിശോധകനായി ആണ്ടിൽ ഇരു

നൂറുരൂപാ ശമ്പളത്തിൽ അദ്ദേഹത്തെ നിയമിച്ച് ഉത്തരവുണ്ടായി. അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ സംസ്കൃതപാഠശാലയ്ക്ക് പുതിയ ഒരു ഉണർവു സിദ്ധിച്ചു. പാഠപദ്ധതി പരിഷ്കരിച്ച് നൂതനശിക്ഷാക്രമങ്ങൾ ഏർപ്പെടുത്തി. ആ വിദ്യാശാലയെ കാലോചിതമായി പുതുക്കി. ആയിടയ്ക്ക് എം. ഏ. യ്ക്കു ചേരാൻ ശ്രമിച്ചുകൊണ്ടും ഇരുന്നു. സംസ്കൃതം എം. ഏ. യ്ക്കു പഠിക്കേണ്ടിയിരുന്ന വിഷയങ്ങളോട് അവിടുത്തേക്ക് പ്രത്യേക താല്പര്യമുണ്ടായിരുന്നതുകൊണ്ട് പഠനം തീരെ വിഷമമായി തോന്നിയില്ല. ൧൦൯൯-ാമാണ്ട് എം. ഏ. പരീക്ഷയ്ക്കു രണ്ടാംക്ലാസിൽ അവിടുന്നു പാസ്സായി. തിരുമേനിയുടെ പരീക്ഷകനായിരുന്ന ശേഷഗിരിപ്രഭു അവിടുത്തെ ഉത്തരം വായിച്ച് അത്ഭുതപ്പെട്ടു. അവിടുത്തേക്കു ലഭിച്ച വിജയം അപൂർവ്വമായിരുന്നതിനാൽ അതു സർവ്വകലാശാലാ റിക്കാർഡുകളിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുമുണ്ട്.

ആയിടയ്ക്ക് തിരുമേനി സംസ്കൃതത്തിൽ കവിതകളും എഴുതുക പതിവായിരുന്നു. പല സംസ്കൃതമാസികകളിലേക്കും അവിടുന്നു മുറയ്ക്കു ലേഖനങ്ങളയച്ചുകൊടുത്തു. അവയെല്ലാം ഇന്ന് അനുപലഭ്യങ്ങളായിട്ടാണിരിക്കുന്നത്. ദീനാഷ്ടകം, പിതൃപ്രലാപം, ദേവീമംഗളം, സരസ്വതീസ്തവം, വിമാനാഷ്ടകം തുടങ്ങി അനവധി പദ്യകൃതികളും, ഉദ്ദാലചരിതം തുടങ്ങിയുള്ള പ്രബന്ധങ്ങളും അവിടുത്തെ യൗവനകാലത്തെ കൃതികളാണ്. ഇവയെല്ലാം സംസ്കൃതഭാഷയിൽ തിരുമേനിക്കുണ്ടായിരുന്ന അന്യാദൃശമായ സ്വാധീനത്തിന് ഉത്തമലക്ഷ്യങ്ങളാണ്.

൧൦൯൮-ാമാണ്ട് അദ്ദേഹത്തെ സംസ്കൃതപാഠശാലയുടെ അദ്ധ്യക്ഷനായി നിയമിച്ചു. ആ വിദ്യാശാ

ലയുടെ പൂർണ്ണാധികാരം സ്വായത്തമായതോടുകൂടി അപ്പോഠം അദ്ദേഹത്തിന്റെ അഭിമതം പൂർണ്ണമായി സാധിച്ചില്ല. പല പരിഷ്കാരങ്ങളും വരുത്താൻ ശ്രമിച്ചു. എന്നാൽ അവിടത്തെ അഭിലാഷമനുസരിച്ചുള്ള കാൎയ്യങ്ങളെല്ലാം അനന്തരകാലത്തു ഗവർമ്മെൻറിൽനിന്നു നടപ്പിൽ വരുത്തിയെന്നുള്ളതിൽനിന്നു തിരുമേനിയുടെ ഉചിതജ്ഞതയും ദീർഘദൃഷ്ടിയും എത്രമാത്രം പ്രശംസനീയമാണെന്നു മനസ്സിലാക്കാവുന്നതാണ്. ജ്യോതിഷം, ആയുർവ്വേദം തുടങ്ങിയുള്ള ശാസ്ത്രങ്ങഠക്കു് പിന്നീടു കിട്ടിയ പ്രോത്സാഹനത്തിനു് അന്നേ അവിടുന്നു ബീജാവാപം ചെയ്തിരുന്നെന്നു കൃതജ്ഞതയോടെ ഓർമ്മിക്കണം.

തിരുമേനിയുടെ ശേഷിക്കുന്ന ജീവിതം ഉത്തരോത്തരം ഉത്കർഷങ്ങളിലേക്കുള്ള ഒരു ജൈത്രയാത്രയായിരുന്നു. അവിടത്തെ പേർ പണ്ഡിതലോകത്തിൽ സൎവ്വത്ര പ്രകാശിച്ചു. റോയൽ ഏഷ്യാററിക്ക് സൊസൈററിയിലെ ഒരു അംഗമായി അവിടത്തെ തിരഞ്ഞെടുത്തു. ൧൦൭൦-ൽ തിരുമേനിയെ രാജകീയകലാശാലയിൽ പൌരസ്ത്യഭാഷാപര്യവേക്ഷകനായി നിയമിച്ചു. അവിടത്തെ സാന്നിദ്ധ്യം ആ ഭാഷകഠക്കു് ഒരു അനുഗ്രഹവും കലാശാലയ്ക്കു ഒരു അലങ്കാരവുമായിരുന്നു. കുറച്ചുകാലം കഴിഞ്ഞു്, അദ്ദേഹത്തിന്റെ യോഗ്യതയും വിദ്വത്വവും ആദരിച്ചു് ബഹുമാനപ്പെട്ട ഗവണ്മെൻറു് അവിടത്തെ പ്രഥമസരായി നിയമിച്ചു. നാട്ടുഭാഷയ്ക്കു് അന്നു് ആദ്യമായിട്ടാണു് ഒരു പ്രഥമസരുണ്ടാകാൻ ഭാഗ്യമുണ്ടായതു്. ആ ഭാഗ്യത്തിനു നിദാനമായ തമ്പുരാന്റെ യോഗ്യതാപാരമ്യവും, ശ്രീമൂലം തിരുനാഠ പൊന്നുതമ്പുരാന്റെ ദയാദൃഷ്ടിയും പ്രശംസനീയമാണു്. കാളേജിലെ നാട്ടുഭാഷാദ്ധ്യാപകന്മാരിൽ ആദ്യം പ്രഥമസരാകാൻ സാധിച്ചതു

പോലെ തന്നെ നാട്ടുകാരിൽനിന്നു് ആദ്യം പ്രിൻസിപ്പാൽ ഉദ്യോഗം വഹിക്കാൻ ഭാഗ്യം ഉണ്ടായതും അവിടുത്തേയ്ക്കുതന്നെ ആയിരുന്നു. വിവിധവിഷയങ്ങളിൽ ഇത്ര വിജ്ഞാനം സമ്പാദിച്ച വേറൊരാൾ നമ്മുടെ കലാശാലയുടെ അദ്ധ്യക്ഷപദം അലങ്കരിച്ചിട്ടില്ലെന്നു നിസ്സംശയം പറയാവുന്നതാണു്.

ഉദ്യോഗസംബന്ധമായ ഈ ഉത്കർഷങ്ങൾ അദ്ദേഹത്തിന്റെ യോഗ്യതയെ ഗവണ്മെന്റിൽനിന്നും ആദരിച്ച പ്രകാരത്തെ വെളിപ്പെടുത്തുന്നു. എന്നാൽ, ഈ ഉത്കർഷങ്ങൾകൊണ്ടല്ല നാം ഇന്നു് അദ്ദേഹത്തെ ബഹുമാനിക്കുന്നതു്. അദ്ദേഹത്തെക്കാൾ എത്രയോ ഉയൎന്ന പടിയിൽ ഉദ്യോഗങ്ങൾ വഹിച്ചവരും, രാജപ്രസാദം സമാൎജ്ജിച്ചവരും തിരുവിതാംകൂറിൽത്തന്നെ ഉണ്ടായിട്ടുണ്ടു്. അവരെപ്പററി ഒന്നും നമുക്കു് ഇന്നു വലിയ ബഹുമാനമില്ല. ലൗകികങ്ങളായ ഉത്കർഷങ്ങൾ ജീവിതകാലത്തു സുഖസൌകൎയ്യങ്ങൾ ഉണ്ടാക്കാൻ പര്യാപ്തങ്ങളാണു്. അവ മരണാനന്തരം ശാശ്വതമായ യശസ്സു ഉണ്ടാക്കുന്നില്ല. തമ്പുരാനും, തനിക്കു കിട്ടിയ വലിയ ഉദ്യോഗങ്ങളും പേരിനൊത്ത അന്തസ്സും മോടിയും കൊണ്ടു തൃപ്തിപ്പെട്ടിരുന്നെങ്കിൽ, അന്നു് അദ്ദേഹത്തോടൊത്മിച്ചു [illegible] എന്ന മററു പ്രഫസരന്മാരോടൊപ്പം വിസ്മൃതിയിൽ ലയിക്കുമായിരുന്നു. പക്ഷേ, കേരളഭാഷയെ ഇന്നത്തെ നിലയിൽ കൊണ്ടുവന്നു സ്ഥിരപ്രതിഷ്ഠ ചെയ്യാൻ അവിടുന്നു ചെയ്ത ശ്രമം അവിടുത്തേക്കു ശാശ്വതമായ കീൎത്തി സമ്പാദിച്ചുകൊടുത്തു. അനന്തരപരമ്പര അവിടുത്തോടു് അത്രമേൽ കടപ്പെട്ടിരിക്കത്തക്കവണ്ണം അദ്ദേഹം ഭാഷാസേവനം ചെയ്തിട്ടുണ്ടു്. അക്കാൎയ്യം ചുരുക്കത്തിൽ പ്രതിപാദിക്കാം.

സംസ്കൃതപാഠശാലയുടെ അദ്ധ്യക്ഷ്യം ലഭിച്ചതു തൊട്ടു ഭാഷാവിഷയകമായ പ്രയത്നങ്ങളിൽ അവിടുന്നു പൂർവ്വാധികം ശ്രദ്ധ പ്രദർശിപ്പിച്ചുതുടങ്ങി. ആദ്യം അവിടുത്തേയ്ക്കു സംസ്കൃതത്തോടായിരുന്നു പ്രകടമായ പക്ഷപാതമുണ്ടായിരുന്നതു്. മലയാളഭാഷയോടു പറയത്തക്ക പ്രതിപത്തി ഇല്ലായിരുന്നെന്നു തന്നെ പറയണം. വിദേശഭാഷയോടുള്ള ഈ പക്ഷപാതം പണ്ഡിതസാധാരണമാണു്. എന്നാൽ, ഇനിയും വളരെ ആവശ്യമില്ലെന്ന നിലയിൽ അത്രകണ്ടു പരിപുഷ്ടമായ സംസ്കൃതത്തിൽ ശ്രമിക്കുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെട്ടിരുന്നെങ്കിൽ തിരുമേനിയോടു് നമുക്കു് ഇന്നുള്ള കടപ്പാടു് ഉണ്ടാകുമായിരുന്നില്ല. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ പ്രേരണയ്ക്കു വശപ്പെട്ടു് തമ്പുരാൻ മലയാളത്തോടു പ്രത്യേകം സ്നേഹം പ്രദർശിപ്പിച്ചുതുടങ്ങി. സംസ്കൃതത്തിലും, മലയാളത്തിലും അനവധി കൃതികൾ അദ്ദേഹം രചിച്ചു. അതെല്ലാം ശാസ്ത്രകാരൻ, കവി, ഭാഷാസേവകൻ, മഹാപണ്ഡിതൻ എന്ന നിലകളിൽ തമ്പുരാന്റെ മഹത്വത്തെ പ്രഖ്യാപനം ചെയ്തുകൊണ്ടു എന്നേക്കും ശോഭിക്കും.

ഭാഷാസംബന്ധമായി സംസ്കൃതം, മലയാളം എന്നു രണ്ടായും, വിഷയത്തെ ആസ്പദമാക്കി ശാ[illegible] സാഹിത്യം എന്നു രണ്ടായും അവിടുത്തെ കൃതികളെ [illegible]പാതുവേ വിഭജിക്കാം. സംസ്കൃതത്തിൽ ശാസ്ത്രവിഷ[illegible]കമായി അവിടുന്നു രചിച്ചിട്ടുള്ള പ്രധാനമായ ഗ്ര[illegible]ം ലഘുപാണിനീയമാണു്. സിദ്ധാന്തകൗമുദിക്കു പകര[illegible]ജെർമ്മൻസർവ്വകലാശാലകളിൽ ആ ഗ്രന്ഥം പാഠ്യപ[illegible]കമാക്കി സ്വീകരിച്ചുവെന്നു പറഞ്ഞാൽ ഗ്രന്ഥത്തിന്റെ [illegible]മേന്മയെപ്പററി വിശേഷിച്ചൊന്നും പറയേണ്ടല്ലോ. പാ[illegible]റിയുടെ പദ്ധതി വിടാതെ, വിദ്യാർത്ഥികൾക്കു് സുഗ്രഹമ[illegible]രീതിയിൽ എഴു

തിയിട്ടുള്ള ഈ ഗ്രന്ഥം ആധുനികകാലത്തുണ്ടായിട്ടുള്ള സംസ്കൃതവ്യാകരണങ്ങളുടെ കൂട്ടത്തിൽ സർവ്വഥാ പ്രഥമസ്ഥാനത്തെ അർഹിക്കുന്നു. സംസ്കൃതത്തിൽ അവിടുന്ന് എഴുതിയിട്ടുള്ള വലിയ കൃതികൾ, 'ആംഗലസാമ്രാജ്യവും, വിടവിഭാവരി'യും ആണ്. 'ആംഗലസാമ്രാജ്യം' രഘുവംശത്തിനു തുല്യമായ ഒരു കൃതിയാണ്. വിക്ടോറിയാ മഹാരാജ്ഞിയുടെ സുവർണ്ണജൂബിലി സംബന്ധമായി എഴുതിയിട്ടുള്ള ഈ മഹാകാവ്യം സഹൃദയലോകത്തിൻെറ അത്യന്തമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാണ്.

മലയാളകൃതികളാണ് അവിടുത്തെ ശാശ്വതമായ യശസ്സിനു നിദാനമെന്നു മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. 'കേരളപാണിനീയം', 'മണിദീപിക', 'ഭാഷാഭൂഷണം', 'സാഹിത്യസാഹ്യം', 'വൃത്തമഞ്ജരി' എന്നു ശാസ്ത്രഗ്രന്ഥങ്ങൾകൊണ്ടു ഭാഷയിൽ പ്രമാണഗ്രന്ഥങ്ങളുടെ അഭാവം തീർത്തു. 'കേരളപാണിനി' എന്ന പേരു് അദ്ദേഹത്തിനു കിട്ടാൻ ഇടയാക്കിയ 'കേരളപാണിനീയം' എന്ന വ്യാകരണഗ്രന്ഥം മലയാളഭാഷയ്ക്കു ശാശ്വതമായ ഒരുനേട്ടമാണ്. സംസ്കൃതപാഠശാലയിൽവച്ചുതന്നെ ഈ ഗ്രന്ഥം തുടങ്ങി. ഇന്നു കാണുന്ന കേരളപാണിനീയം ആദ്യമുണ്ടാക്കിയ [illegible]ത്തിലുള്ള വ്യാകരണത്തെ വിപുലമാക്കി എഴുതി[illegible]. മണിദീപിക മലയാളത്തിൽ രചിച്ചിട്ടുള്ള [illegible]വ്യാകരണമാണ്. മണിപ്രവാളത്തിലെ മണി[illegible]സംസ്കൃതത്തെ പ്രദീപിപ്പിക്കാനാണ് ഈ [illegible]ട്ടുള്ളതു്. ഭാഷാഭൂഷണം തുടങ്ങിയുള്ള [illegible] വിദ്യാർത്ഥികളുടെ ഉപയോഗത്തിനു [illegible]കീർട്ടുകൾ പൂരിപ്പിച്ചു ഗ്രന്ഥരൂപത്തിൽ [illegible]ട്ടുള്ളതാണ്. ഈ പ്രമാണഗ്രന്ഥങ്ങൾ [illegible] കെട്ടുപാടിനു വന്നിട്ടുള്ള സ്ഥിരത [illegible]ചില്ലറയിൽ വർദ്ധമാനമായ നമ്മുടെ ഭാഷയ്ക്കു്

കാലോചിതമായി ഈ മഹാപണ്ഡിതൻ ചെയ്ത മാർഗ്ഗദർശനം എത്ര വിലയേറിയതാണെന്നു് ഭാഷാവിഷയകമായി പ്രവർത്തിക്കുന്നവർക്കെല്ലാം അറിയാവുന്നതാണു്.

മലയാളത്തിൽ അദ്ദേഹത്തിന്റെ സാഹിത്യസേവനം ബഹുമുഖമായിരുന്നു: സ്വതന്ത്രകൃതികൾ, തർജ്ജമകൾ നിരൂപണങ്ങൾ ഇതുകൊണ്ടെല്ലാം ഭാഷാസാഹിത്യത്തെ വളരെ പോഷിപ്പിക്കയും പ്രീണിപ്പിക്കയും ചെയ്തതിനു പുറമേ, അവിടുന്നു സാഹിത്യത്തിൽ ഒരു പ്രേരകശക്തിയായും ഉപദേഷ്ടാവായും ഗണ്യമായ നന്മകൾ ചെയ്തിരുന്നു. സ്വതന്ത്രകൃതിയിൽ പ്രസിദ്ധപ്പെട്ടതു 'മലയവിലാസം' എന്ന ലഘുകാവ്യമാണു്. മേഘദൂതം, കുമാരസംഭവം, ശാകുന്തളം, വിക്രമോർവ്വശീയം, ചാരുദത്തം തുടങ്ങിയുള്ള തർജ്ജമകൾ ക്രമോത്തരമായ സാഹിത്യഭംഗികൊണ്ടു പ്രശസ്തങ്ങളാണു്. മേഘദൂതം ഭാഷാന്തരീകരണത്തിൽ ഒരു പരീക്ഷണം മാത്രമായിരുന്നു. അതൊരു് അപക്വകൃതിയെന്നുതന്നെ സമ്മതിക്കണം. എന്നാൽ ഭാഷാ... ഭവവും, വിക്രമോർവ്വശീയവും ഏതൊരുകവിക്കും ... പ്രദമാണെന്നു നിസ്സംശയം പറയാം. അവിടു... ഉദാരവും, തികച്ചും അർത്ഥവ്യക്തിയുള്ളതും അ...

ഭാഷാസേവനാർത്ഥം ജീവിതത്തെ ... മഹാൻ ൧൦൯൩-ാമാണ്ടു് യശശ്ശരീരനായി... നിര്യാണം തീരെ അപ്രതീക്ഷിതമായ വിധത്തി... വിച്ചതു്. ആയാണ്ടിൽ മദ്ധ്യവേനൽ ഒഴിവിനു ... ച്ചെന്നു താമസിക്കെ, വിനോദാർത്ഥം കുളത്തിൽ ... ളിച്ചതിൽവെച്ചു പിടിപെട്ട ജലദോഷമായിരുന്നു ...

ഹേതുവായിത്തീൎന്നു്. തമ്പുരാന്റെ ദേഹവിയോഗം കേരളത്തെ ദുഃഖനിമഗ്നമാക്കി. അതു് അത്രമേൽ വലിയ ഒരു നഷ്ടമായിരുന്നു. അദ്ദേഹത്തെപ്പോലെ ഒരു പണ്ഡിതൻ ഇനി എന്നാണു കേരളത്തെ അലങ്കരിക്കുന്നതു്? തിരുമേനി കാണിച്ചിട്ടുള്ള മാൎഗ്ഗത്തെ പിന്തുടൎന്നു കേരളഭാഷാസാഹിത്യം അതിശോഭനമായ ഒരു ഭാവിയെ സ്വയംവരിക്കും.

വി. വി. പ്രസ്സ് ബ്രാഞ്ച്, തിരുവനന്തപുരം.

38867 തിരുവിതാംകൂറിലെ മഹാന്മാർ

002 വിഷയവിവരം

1 മഹാന്മാരായ നാലു പൊന്നു തമ്പുരാക്കന്മാർ

1 മാർത്താണ്ഡവർമ്മ

13 ധർമ്മരാജാവ്

21 സ്വാതി തിരുനാൾ രാമവർമ്മ

27 ശ്രീമൂലം തിരുനാൾ രാമവർമ്മ

36 രാമയ്യൻ ദളവ

36 മഹാന്മാരായ നാലു മന്ത്രിമാർ

43 അയ്യപ്പൻ മാർത്താണ്ഡപിള്ള ദളവ

48 രാജാകേശവദാസൻ

54 വേലുത്തമ്പി ദളവ

62 രണ്ടു രണവീരന്മാർ

62 ഇരവിക്കുട്ടിപിള്ള

70 ഡി ലെനായി

85 ശ്രീനാരായണഗുരു സ്വാമികൾ

98 വിഖ്യാതനായ ഒരു ചിത്രകാരൻ -രവിവർമ്മ-കോയിത്തമ്പുരാൻ

107 ഒരു മഹാപണ്ഡിതൻ -രാജരാജവർമ്മ കോയിത്തമ്പുരാൻ